KNANAYADEEPAM

# ക്നാനായദീപം

SINCE 1989

Vol: 32 / Issue: 12 December 2021 ₹ :15/-



# ക്നാനായ മെറിറ്റ് അവാർഡ് വിതരണം



ക്നാനായ സമുദായ മെറിറ്റ് അവാർഡ് 2021 ഗതാഗത വകുപ്പ് മന്ത്രി **ശ്രീ. ആന്റണി രാജു** ഉദ്ഘാടനം ചെയ്യുന്നു. സമുദായ മെത്രാപ്പോലീത്താ **അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**, അഡ്വ. പ്രമോദ് നാരായണൻ എം.എൽ.എ., കോട്ടയം ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്., ക്നാനായ സമുദായ സെക്രട്ടറി ശ്രീ. റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, വികാരി ജനറാൾ റവ. ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, വൈദിക ട്രസ്റ്റി റവ.ഫാ. മോനായി കെ. ഫിലിപ്പ്, ആക്ടിംഗ് ട്രസ്റ്റി തോമസുകുട്ടി മറ്റക്കാട്ട്, ക്നാനായ കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, റ്റി.സി. തോമസ് തോപ്പിൽ, വില്ലി വടാമറ്റം, സാബു കണ്ണാട്ടിപ്പുഴ, രാജു വള്ളപ്പുരയ്ക്കൽ, ഭദ്രാസന സെക്രട്ടറി റവ. ഫാ. ഏലിയാസ് ഇളവൻകളം, മാനേജർ റവ. ഫാ. ഷിബിൻ മണിമലേത്ത് എന്നിവർ സമീപം



# ക്നാനായ ദീപം

SINCE 1989

2021 ഡിസംബർ പുസ്തകം 32 ലക്കം 12

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

സ്വപ്നക്കാരൻ ജോസഫ് 08
സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ

മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആവും 10
സിജോ ജോസ് വിലങ്ങൻപാറ

ഇവിടെയും ഒരുക്കാം വിദേശം 15
സുനിൽ ഡി. കുരുവിള

ജീവിതം ഒരു അഭിനയം 16
അമ്മാൾ രാജൻ പുളിമൂട്ടിൽ

മാതൃകാ കുടുംബജീവിതം 17
ഫാ. ഡോ. ജയിംസ് തോടത്തിൽ

ക്നാനായത്വം ഉറവിടം തേടി.. 19
ജോബിൻ പാലക്കുടിയിൽ

മൽപാനോടു ചോദിക്കാം 20

കോവിഡാനന്തരലോകം 21
റവ. ഫാ. സി.എ. തോമസ്

ദശാംശം 21
പി.റ്റി. സാറാമ്മ തുണ്ടിയിൽ പുത്തൻവീട്

ഏവൻഗേലിയോൻ ദീപം 22
റവ. ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ

24 സ്പോക്കൺ ഇംഗ്ലീഷ്
കുര്യൻ ജോസഫ് മുട്ടത്തുകടവിൽ

26 ഡിജിറ്റൽ സേഫ്
അനൂബ് ജോൺ രാമമംഗലം

39 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

40 1676-ാമത് സിറിയൻ ക്നാനായ വാർഷികം സംഗമം

41 കാൽപ്പാടുകൾ
എബി

42 മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ് വാർഷിക റിപ്പോർട്ട്

44 മാട്രിമോണിയൽ



SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.



**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

**പക്ഷേ ക്രിസ്ത്യൻ പുരോഹിതർ ഒരു കാര്യം ഓർക്കണം. മുറിവുണ്ടാക്കാനല്ല മുറിവുണക്കാനാണ് ക്രിസ്തു ലോകത്തിൽ അവതരിച്ചത്.**



# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

ഹബക്കുക്ക് പ്രവാചകന്റെ പുസ്തകം 3-ാം അദ്ധ്യായത്തിൽ പറയുന്നതുപോലെ ആണ്ടുകൾ കഴിയുന്നു. ഓരോ വർഷവും കഴിഞ്ഞ വർഷത്തേക്കാൾ സംഭവബഹുലം തന്നെ. 2020-നേക്കാൾ എത്രയോ ഭീകരമായിരുന്നു 2021. പ്രകൃതി നാശങ്ങൾ, കോവിഡ്, യുദ്ധങ്ങൾ, ജാതി മത്സരങ്ങൾ, രാഷ്ട്രീയ കോളിളക്കങ്ങൾ, ഉന്നതന്മാരുടെ തകർച്ചകൾ, മതനേതാക്കന്മാരുടെയും നടന്മാരുടെയും ദാരുണമായ മരണങ്ങൾ, എന്തെല്ലാം ദുരന്ത സംഭവങ്ങൾക്ക് നാം സാക്ഷികളാണ്. മല്ലന്മാരെ കടപുഴക്കിയ കാലപ്രവാഹത്തിൽ ഏഴകളായ നമ്മുടെ കാലുകൾ പതറാതെ ശാശ്വതപാറയായ ക്രിസ്തു നമ്മെ നിലനിർത്തി. 2021 മറഞ്ഞ് പുതുവർഷം പിറക്കുവാൻ പോകുന്നു. 2022 നമുക്കായി നൽകപ്പെടുന്നുവെങ്കിൽ കുറെക്കൂടെ വിശുദ്ധരായി വിശ്വസ്തരായി നിലകൊണ്ട് നമ്മുടെ ദൗത്യം പൂർത്തീകരിപ്പാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

നവവത്സരത്തിന്റെ നാന്ദിയായി രക്ഷകന്റെ തിരുജനനവും വന്നണയുന്നു. യേശുക്രിസ്തുവിന്റെ ജനനത്തെ ആസ്പദമാക്കിയാണ് ഡിസംബർ 25-ന് ക്രിസ്തുമസ് ആചരിച്ചു വരുന്നത്. എന്നാൽ ക്രിസ്തുമസ്സിന്റെ അർത്ഥം ഗ്രഹിച്ചാൽ ഒരു ദിവസമോ ഒരു മാസമോ മാത്രം ആചരിക്കേണ്ടതല്ല ക്രിസ്തുമസ് എന്ന് മനസ്സിലാകും. യേശുവിന്റെ മഹാപുരോഹിത പ്രാർത്ഥനയിൽ "ഇപ്പോൾ പിതാവേ ലോകം ഉണ്ടാകുന്നതിനു മുമ്പേ എനിക്ക് നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വം" (യോഹ. 17.5) എന്നും, "പിതാവേ നീ ലോകസ്ഥാപനത്തിനു മുമ്പേ എന്നെ സ്നേഹിച്ചിരിക്കുകകൊണ്ട് എനിക്ക് നൽകിയ മഹത്വം ഇവർ കാണേണ്ടതിന്" (യോഹ. 17:24).

ഈ വാക്യങ്ങൾ ലോകസ്ഥാപനത്തിനു മുമ്പേ പിതാവായ ദൈവത്തോട് കൂടെ ക്രിസ്തു ഉണ്ടായിരുന്നുവെന്നും പിതാവിന്റെ മഹത്വം ക്രിസ്തുവിനും ഉണ്ടായിരുന്നു എന്നുമാണ് വെളിവാകുന്നത്. ക്രിസ്തുമസിന് പ്രാധാന്യം നൽകുന്നതിന് കാരണം ക്രിസ്തു ഈ ഭൂമിയിൽ അവതരിച്ചതിലൂടെ മനുഷ്യവർഗ്ഗത്തിന് ലഭിച്ച പാപമോചനത്തിന്റെയും വീണ്ടെടുപ്പിന്റെയും നിത്യജീവന്റെയും വിലയെക്കുറിച്ച് ചിന്തിക്കുന്നതുകൊണ്ടാണ്.

ലോകമെങ്ങും സ്വമതഭ്രാന്തും, അന്യമത വിദ്വേഷവും അഴിച്ചുവിട്ടുകൊണ്ടാണ് ആഗോളമൂലധന സാമ്രാജ്യത്തം അതിന്റെ ജൈത്രയാത്ര നടത്തുന്നത്. നിർഭാഗ്യവശാൽ മലങ്കര സഭയിലെ സഭാ നേതൃത്വവും അതിന്റെ ഒരു ചട്ടുകമായി മാറ്റപ്പെട്ടു കഴിഞ്ഞു. അവർ നടത്തുന്ന പ്രസ്താവനകളും പ്രവർത്തികളും മതസമുദായങ്ങളിലും, സഭകളിലും, വീടുകളിലും മനുഷ്യബന്ധങ്ങളിലും അതിന്റെ പ്രതിഫലനം ഉണ്ടാക്കുന്നു. **പക്ഷേ ക്രിസ്ത്യൻ പുരോഹിതർ ഒരു കാര്യം ഓർക്കണം. മുറിവുണ്ടാക്കാനല്ല മുറിവുണക്കാനാണ് ക്രിസ്തു ലോകത്തിൽ അവതരിച്ചത്.** സ്നേഹം എന്ന മഹത്തായ ക്രിസ്തു സന്ദേശം ഏറ്റവും കാര്യക്ഷമമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന മഹാന്മാരായ സഭാ നാഥന്മാർ ഇന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനുവേണ്ടി ഈ ക്രിസ്തുമസ് ദിനങ്ങളിൽ നമുക്ക് പ്രാർത്ഥിക്കാം. എന്തിനായി യേശു ഈ താണ ലോകത്തിൽ കീറ്റു ശീലയിൽ ഗോശാലയിൽ പിറന്നു എന്ന് ക്രിസ്തുമസ് ആഘോഷങ്ങളുടെ വർണ്ണപ്പൊലിമയിൽ നാം വീണ്ടും മറക്കുന്നു.

ഒരു സമ്പന്ന കുടുംബത്തിൽ ഗൃഹനാഥന്റെ 75-ാം പിറന്നാൾ ജൂബിലി കേമമായികൊണ്ടാടി. കരിമരുന്ന് പ്രയോഗം, കലാപരിപാടികൾ, സദ്യവട്ടങ്ങൾ, ആശംസാ പ്രസംഗങ്ങൾ ഒക്കെ നടന്നു. ജൂബിലേറിയനെ കാണുന്നില്ല. തിരക്കി കാണാൻ നിർബന്ധിച്ചു. ഒടുവിൽ കണ്ടുമുട്ടി. വലിയ വീടിന്റെ ഒരു ചെറിയ മുറിയിൽ, ഒഴിഞ്ഞ കോണിൽ, കയറുകട്ടിലും, നെരിപ്പോടും, കോളാമ്പിയും, ഭക്ഷണം വിളമ്പുന്ന ചട്ടിയും ഒക്കെയായി അയാളെ പാർപ്പിച്ചിരിക്കുന്നു. പുറത്ത് ആഘോഷം പൊടിപൊടിക്കുകയാണ്. യേശുവിനെ വാതിലിനു പുറത്തു തള്ളി ഇറക്കിയ ലവൊദിക്യയുഗം ക്രിസ്തു ഇല്ലാത്ത ക്രിസ്തുമസ് ഘോഷിക്കുന്നു. തിന്നു കുടിച്ച് ലക്കുകെട്ട് ലൈംഗിക മോഹങ്ങൾ പങ്കുവച്ച് അനേകർ ക്രിസ്തുമസ് സ്വന്തം ആക്കുന്നു. ഇടയന്മാർ കണ്ടെത്തിയവനും വിദ്വാന്മാർ നമിച്ചവനും ആയ യേശുവിനെ രക്ഷകനായി വരിക്കാതെ സംയുക്ത ക്രിസ്തുമസ് റാലി നടത്തുകയും ടാബ്ലോ പ്രദർശിപ്പിക്കുകയും, മീശയും താടിയും കേശവും വച്ചുകെട്ടി ഒരു ദിവസത്തേക്ക് വിദ്വാന്മാരും, ഇടയന്മാരും ഒക്കെയായി നിർവൃതി നേടുകയും ഒക്കെ ചെയ്യാതെ പാപമോചനം നേടി, വിശുദ്ധി കാത്ത് നീതി പുലർത്തി നമുക്ക് ഒരുങ്ങാം. എതിർക്രിസ്തു മതവും, പൈശാചിക ആരാധനയും ഐക്യരാഷ്ട്രവും എല്ലാം ചേർത്തു ഒരു ഏകലോകം നിർമ്മിക്കുവാൻ കളം ഒരുക്കിക്കഴിഞ്ഞു. എക്യൂമിനിസം ഏകമത ദർശനമായി വികസിച്ചു വരുന്നു. മതത്തിൽ ശിരസ്സായ പോപ്പിനെ നമ്മുടെ രാഷ്ട്രത്തിന്റെ ശിരസ്സായ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി കണ്ട് സൗഹൃദം പകർന്നു കഴിഞ്ഞു. പഴമയുടെ വരമ്പുകൾ നികത്തി പല പുതുമകളും സംഭവിക്കുവാൻ പോകുന്നു. എന്തു വന്നാലും പതറാത്ത ഒരു പാറ ഉണ്ട്- ക്രിസ്തു- അവന്മേൽ നമുക്ക് കാലുകൾ ചേർത്തു നിൽക്കാം. അലകുലുക്കങ്ങൾ നമ്മുടെ അടുക്കലോളം എത്താതെ അവൻ അതിരിട്ട് നിറുത്തിക്കൊള്ളും. നമുക്ക് ഹൃദയം ഉരുകി പ്രാർത്ഥിക്കാം. നാഥാ ഈ വർഷത്തിൽ നിന്റെ ജനത്തെ ചേർക്കുവാൻ നീ വേഗം വരുമാറാകണമേ. അല്ല നിന്റെ വരവിന് താമസം ഉണ്ടെങ്കിൽ വീഴാതെ നിൽക്കുവാൻ എനിക്ക് തുണ നൽകണമേ. അനുഗ്രഹീതമായ ക്രിസ്തുമസ്സ് നവവത്സര ആശംസകൾ ക്നാനായദീപം വായനക്കാർക്ക് നേർന്നുകൊണ്ട് ഈ ചിന്തകൾ ഇവിടെ സമർപ്പിക്കുന്നു.

എന്ന്

**നിങ്ങളുടെ സ്വന്തം റോയി അച്ചൻ**



## സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

കർത്താവിൽ അനുഗ്രഹീതരെ,

വീണ്ടും ഒരു ക്രിസ്മസ് കാലത്തിന്റെ മധുരമായ ഓർമ്മകളിലേക്ക് നമ്മൾ എത്തുന്നു. കോവിഡ്-19 എന്ന മഹാമാരി ലോകത്തെ മുഴുവൻ പ്രതിസന്ധിയിലാക്കിയ സമയങ്ങളായിരുന്നുവല്ലോ കടന്നു പോയ വർഷങ്ങൾ. ഇപ്പോഴും ഇതേ തുടർന്നുള്ള ആശങ്കൾ ഒഴിയുന്നില്ലെങ്കിലും വളരെ വലിയ ശുഭപ്രതീക്ഷയോടെയാണ് ലോകം മുഴുവൻ ഈ ക്രിസ്മസ് കാലത്തെ വരവേൽക്കുവാൻ ഒരുങ്ങുന്നത്. കാരണം മറ്റൊന്നുമല്ല ദിവ്യരക്ഷകന്റെ ജനനം തന്നെ ഭുമുഖത്തിനു മുഴുവൻ പ്രകാശം ചൊരിയുന്നതിനുവേണ്ടിയായിരുന്നുവല്ലോ. യേശുനാഥന്റെ മഹത്തായ ജനനത്തെക്കുറിച്ച് ഏശയ്യാ പ്രവാചകൻ ക്രിസ്തുവിന് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഇപ്രകാരം പ്രവചിച്ചു.

"അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്തു വസിച്ചിരുന്നവരുടെ മേൽ പ്രകാശം ഉദിച്ചു" (ഏശയ്യ 9:2). ദിവ്യസുതനായ യേശുതമ്പുരാന്റെ ജനനം തന്നെ സർവ്വലോകത്തിനും സന്തോഷം പ്രദാനം ചെയ്യാനായിരുന്നു. മാലാഖ ഉണ്ണിയേശുവിന്റെ ജനനവാർത്ത ആട്ടിടയന്മാരെ ഇപ്രകാരമാണല്ലോ അറിയിക്കുന്നത്. "നിങ്ങൾ ഭയപ്പെടേണ്ട. എന്തെന്നാൽ സർവ്വലോകത്തിനും ഉണ്ടാകുവാനിരിക്കുന്ന മഹാസന്തോഷമത്രെ ഞാൻ നിങ്ങളെ അറിയിക്കുന്നത്. എന്തെന്നാൽ ദാവീദിന്റെ നഗരിയിൽ മിശിഹാ കർത്താവായ രക്ഷകൻ ഇന്നു നിങ്ങൾക്കായി ജാതം ചെയ്തിരിക്കുന്നു" (ലൂക്കോ. 2:10-11).

ഓരോ ക്രിസ്മസ്കാലവും എത്ര മനോഹരമായ ഓർമ്മകളാണ് നമുക്കോരോരുത്തർക്കും സമ്മാനിക്കുന്നത്. ദൈവാലയത്തിലെ ശുശ്രൂഷകളും യേശുനാഥനെ പ്രകീർത്തിക്കുന്ന കരോൾ ഗാനങ്ങളും, ദൈവാലയങ്ങളിലും ഭവനങ്ങളിലും മറ്റു സ്ഥലങ്ങളിലുമൊക്കെ നമ്മൾ ഒരുക്കുന്ന പുൽക്കൂടുകളും, നക്ഷത്രങ്ങളും, ക്രിസ്തുമസ് ട്രീകളും, നമ്മൾ ഭവനങ്ങളിൽ ഒരുക്കുന്ന പ്രത്യേക ഭക്ഷണവിഭവങ്ങളും ഒക്കെ തന്നെ നമ്മൾ ഓരോരുത്തരേയും എത്രമാത്രം ആനന്ദഭരിതമാക്കുന്നു.

ലോകം മുഴുവൻ ആനന്ദ തിമർപ്പോടെ പൂർണ്ണമായും സന്തോഷിക്കുകയും, ആഘോഷിക്കുകയും ചെയ്യുന്ന ഒരു ദിനം യേശുനാഥന്റെ ജന്മദിനമല്ലാതെ മറ്റൊരു ദിവസം കാണുമോ എന്ന് തന്നെ സംശയമാണ്.

സുറിയാനി സഭയിലെ പരിശുദ്ധ പിതാക്കന്മാർ ഇപ്രകാരം പറഞ്ഞിരിക്കുന്നു. സ്വർഗ്ഗത്തിനു ദൈവത്തേക്കാൾ ഉപരിയായ മറ്റൊരു സമ്മാനം മനുഷ്യമക്കൾക്ക് നൽകുവാൻ സാധിക്കില്ല. ക്രിസ്തുമസിന്റെ കാതലായ സന്ദേശവും അതുതന്നെയാണ്. ദൈവം ദൈവത്തെ തന്നെ നമുക്ക് സമ്മാനമായി നല്കി. തിരുവചനത്തിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു "തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ.3:16). ദൈവപുത്രൻ ഭൂമിയിൽ അവതരിക്കുവാനും മനുഷ്യരക്ഷ സാധ്യമാക്കുവാനും സ്വർഗ്ഗത്തെ പ്രേരിപ്പിച്ച ഒരേ ഒരു കാരണം മാനവരോടുള്ള ദൈവത്തിന്റെ അളക്കാനാകാത്ത സ്നേഹമാണ്.

"നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വപുത്രനെ അയക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം" (1.യോഹ.4:10). ഓരോ ക്രിസ്മസ്കാലവും സ്വർഗ്ഗം എത്രമാത്രം മനുഷ്യമക്കളെ സ്നേഹിക്കുന്നുവെന്ന് ഓർമ്മപ്പെടുത്തുന്നു. ദൈവം നമ്മൾ ഓരോരുത്തർക്കും പ്രഥമ പരിഗണന നൽകി നമ്മെ വ്യക്തിപരമായി സ്നേഹിക്കുന്നു. യിരമ്യ പ്രവാചകനിലൂടെ സ്വർഗ്ഗം വെളിപ്പെടുത്തി. "മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു, ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു" (യിരമ്യ. 1:4-5).

നമ്മേക്കാൾ നമ്മെ നന്നായി അറിയുന്ന, നമ്മളോരോരുത്തരെയും സ്നേഹിക്കുകയും, കരുണകാണിക്കുകയും ചെയ്യുന്ന നല്ല ഇടയനായ യേശുനാഥന്റെ ജന്മദിനത്തിന്റെ ഓർമ്മയാകുന്ന ക്രിസ്തുമസ് ദിനങ്ങൾ എത്രവലിയ സന്തോഷമാണ് നമുക്ക് പ്രദാനം ചെയ്യുന്നത്. നമ്മെ പരിപാലിക്കുന്ന, കരുതുന്ന ഒരു ദൈവമുണ്ടെന്ന തിരിച്ചറിവ് നമുക്ക് എത്രമാത്രം ആശ്വാസവും ഉൽക്കണ്ഠകളിൽനിന്ന് മോചനവും നൽകുന്നു. യേശു പറഞ്ഞു "ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു. ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു" (യോഹ.10:11-12). ദൈവം തന്നെത്തന്നെ ഇടയനോട് താദാത്മ്യപ്പെടുത്തുകയാണ്. മനുഷ്യനോടുള്ള അവിടുത്തെ കരുണയും, സ്നേഹവും വെളിപ്പെടുത്തുവാൻ ഇതിനെക്കാൾ നല്ലൊരു ഉപമയില്ല. ഭയവും ആകുല

*(ശേഷം പേജ് 10-ൽ)*

**സ്വർഗ്ഗത്തിനു ദൈവത്തേക്കാൾ ഉപരിയായ മറ്റൊരു സമ്മാനം മനുഷ്യമക്കൾക്ക് നൽകുവാൻ സാധിക്കില്ല. ക്രിസ്തുമസിന്റെ കാതലായ സന്ദേശവും അതുതന്നെയാണ്.**



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

ലോക രക്ഷകനായ യേശുക്രിസ്തു മനുഷ്യനായി ഭൂമിയിൽ ഭൂജാതനായ ദിനം ഉൾക്കൊള്ളുന്ന ഡിസംബർമാസം മുഴുവനും നമ്മളോടൊപ്പം ലോകം മുഴുവനും വലിയ സന്തോഷത്തിന്റെ ദിവസങ്ങളായാണ് ആഘോഷിച്ചുകൊണ്ടിരിക്കുന്നത്. ഒമിക്രോൺ എന്ന് നാമകരണം ചെയ്യപ്പെട്ട കോവിഡ് എന്ന മഹാമാരിയുടെ ജനിതകമാറ്റം വീണ്ടും ഒരു ഭീതി ജനിപ്പിച്ചിരിക്കുന്നു. 32 ജനിതക മാറ്റം സ്പൈക്ക് പ്രോട്ടീനിലും 10 ജനിതകമാറ്റം റിസെപ്റ്റർ ബൈൻഡിങ്ങ് ഡൊമൈനിലും ഉണ്ടായത് വളരെ ഉൽക്കണ്ഠയോടെ ആണ് ലോകരാഷ്ട്രങ്ങൾ ഉറ്റു നോക്കുന്നത്. ഇതുവരെ ഉണ്ടാക്കിയ വാക്സിനേഷനെയും അതിന്റെ ടെക്നോളജിയേയും തരണം ചെയ്യത്തക്ക വിധം ജനിതക മാറ്റം ഈ വൈറസ് കൈവരിച്ചത് ശാസ്ത്രത്തെ അമ്പരിപ്പിച്ചിരിക്കുന്നു. ഇത് മൂലം വീണ്ടും ഒരു വ്യാപനം ഉണ്ടായാൽ അതിനെ എങ്ങനെ തടയാം എന്ന് ശാസ്ത്രലോകം ഉറ്റു നോക്കുമ്പോൾ, മരുഭൂമിയിൽ പിത്തള സർപ്പത്തെ ഉയർത്തി അവങ്കലേക്ക് നോക്കിയ സ്വന്ത ജനത്തെ മഹാമാരിയിൽ നിന്നും രക്ഷിച്ച നമ്മുടെ രക്ഷകൻ നമുക്ക് കാവലായി ഉള്ളപ്പോൾ നമുക്ക് അവങ്കലേക്ക് നോക്കി ഏകമനസ്സോടെ മുട്ടിപ്പായി പ്രാർത്ഥിക്കാം.

ക്നാനായ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വർഷംതോറും നടത്തിവരുന്ന മെറിറ്റ് അവാർഡ് ഈ വർഷവും (2021) ഡിസംബർ 5-ാം തീയതി ഞായറാഴ്ച ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ മോർ അപ്രേം സെമിനാരിയിൽ കൂടിയ മീറ്റിംഗിൽ ബഹുമാനപ്പെട്ട കേരള ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു ഉദ്ഘാടനം ചെയ്യുകയും, ബഹുമാനപ്പെട്ട റാന്നി എം.എൽ.എ. അഡ്വ. പ്രമോദ് നാരായണൻ അവാർഡ് വിതരണം നിർവ്വഹിക്കുകയും ബഹുമാനപ്പെട്ട കോട്ടയം ജില്ലാ കളക്ടർ ഡോക്ടർ പി.കെ. ജയശ്രീ ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. ക്നാനായ സമുദായത്തിലെ പ്രശസ്ത വിജയം കൈവരിച്ച പ്രതിഭകളെ എല്ലാം ആദരിച്ച സമ്മേളനം വർഷംതോറും ജനപ്രിയ സമ്മേളനം ആയി മാറിക്കൊണ്ട് ഇരിക്കുന്നു എന്നതിൽ അതിയായ സന്തോഷം നിങ്ങളോടൊപ്പം പങ്ക് വെക്കുന്നു. S.S.L.C, +2, Degree, Professional Course, Post graduate എന്നീ തലങ്ങളിലുള്ള നമ്മുടെ കുട്ടികൾക്ക് അവാർഡ് വിതരണം ചെയ്യുകയുണ്ടായി. ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്കും, അവരുടെ മാതാപിതാക്കൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനവും ആശംസകളും അറിയിക്കുന്നു. ശോഭനമായ ഭാവി ദൈവം അനുഗ്രഹിച്ച് നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ക്നാനായ സമുദായം വികസനത്തിന്റെ പാതയിലാണ്. ഓതറ നസ്രേത്ത് കോളേജിൽ B.Pharm-ന് 60 സീറ്റാണ് ഉണ്ടായിരുന്നത്. അത് 100 സീറ്റായി വർദ്ധിപ്പിക്കുവാൻ ഗവൺമെന്റിൽ നിന്നും നമുക്ക് അനുവാദം ലഭിച്ചു. ഈ വർഷം 100 സീറ്റിൽ കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കുവാൻ സാധിച്ചു. തിരുവല്ലയിൽ ഉള്ള കോളേജിന് ലഭിക്കാത്ത അനുവാദമാണ് നമുക്ക് ലഭിച്ചത്.

ഇപ്പോൾ ടീച്ചിങ്ങിലും നോൺ ടീച്ചിങ്ങിലും ധാരാളം സമുദായ അംഗങ്ങൾ ജോലി ചെയ്തുവരുന്നു. ഇനിയും തോട്ടയ്ക്കാട്ട് നമ്മുടെ പത്തേക്കർ സ്ഥലത്ത് കോളേജ് സമുച്ചയം ഉയരുവാൻ പോവുകയാണ്. ദൈവം സഹായിച്ചാൽ അടുത്ത മാസം അവിടെ കോളേജിന് തറക്കല്ലിടുവാൻ നമുക്ക് സാധിക്കും എന്ന് ദൈവത്തിൽ ശരണപ്പെടുന്നു. അവിടെയും ധാരാളം സമുദായ അംഗങ്ങൾക്ക് ജോലി ലഭിക്കുവാനുള്ള സാഹചര്യമുണ്ട്. സമുദായത്തിന്റെ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൊണ്ടാണ് സമുദായ വികസന പ്രവർത്തനങ്ങൾ നടക്കുന്നത്. ഇതിൽ സഹകരിക്കുന്ന ക്ലീമ്മീസ് സ്കൂൾ, ക്നാനായദീപം, നസ്രേത്ത് ആശ്രമം, പ്രത്യേകിച്ചു തോട്ടയ്ക്കാട്ട് 10 ഏക്കർ സ്ഥലം വാങ്ങുവാൻ മുഴുവൻ തുകയും കണ്ടെത്തിയ നസ്രേത്തു ഫാർമസി കോളേജ്, തുടങ്ങിയ എല്ലാം ഗവേണിംഗ് ബോർഡംഗങ്ങളോടുമുള്ള നന്ദി ക്നാനായ മാനേജിംഗ് കമ്മറ്റിക്ക്വേണ്ടി അറിയിക്കുന്നു. സമുദായത്തിന് കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടായാൽ മാത്രമെ ഭാവിയിൽ മറ്റുള്ള സമുദായത്തോട് കിടപിടിക്കത്തക്ക രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുവാൻ നമുക്ക് സാധിക്കുകയുള്ളൂ.

സമുദായത്തിന്റെ നെല്ലിക്കലെ മൂന്ന് ഏക്കർ സ്ഥലത്ത് ഒരു ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് സെന്റർ ആരംഭിക്കുന്നതിന് ക്നാനായ കമ്മറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ കമ്മറ്റി സമുദായത്തെ വികസനത്തിന്റെ പാതയിൽകൂടി മുന്നേറികൊണ്ടിരിക്കുമ്പോൾ ഇതിൽ പ്രവർത്തിക്കുന്ന ഞങ്ങളെയും സമുദായ മെത്രാപ്പോലീത്തായേയും ഫെയ്ക്ക് ഐഡിയിൽകൂടി വളരെ മ്ലേച്ഛമായി അധിക്ഷേപിക്കുകയും വ്യക്തിപരമായി തേജോവധം ചെയ്യുകയും ചെയ്യുന്ന ആൾക്കാരോട് ഒന്നേ പറയാനുള്ളൂ സമുദായത്തെ സ്നേഹിച്ച് എന്തെങ്കിലും പ്രവർത്തനം നടത്തുന്നവരെ നിരുത്സാഹപ്പെടുത്തുവാനും അവരുടെ മനസ്സ് തളർത്തുന്നതിനു വേണ്ടി ഓരോ ദിവസവും വാറോലകൾ എഴുതി സായൂജ്യമ

ടയുന്നത് ഒരു മാനസിക രോഗമായി മാത്രമേ കാണുവാൻ സാധിക്കുകയുള്ളു. ഈ രോഗത്തിന് എവിടെയെങ്കിലും പോയി ട്രീറ്റ്മെന്റ് എടുക്കുന്നത് നല്ലതായിരിക്കും. വ്യത്യസ്ത മായ അഭിപ്രായങ്ങൾ ഉണ്ടാകുന്നത് സ്വഭാവികമാണ്. അത് അവരുടെ പേര് വെച്ച് എഴുതുക അല്ലെങ്കിൽ നേരിട്ട് വന്ന് അഭിപ്രായം പറയുക. ക്രിയാത്മകമായ വിമർശനം പുരോഗതിയിലേയ്ക്ക് നയിക്കും. സമുദായ മെത്രാപ്പോലീത്തായെ ഏതെല്ലാം രീതിയിലാണ് അപമാനിക്കുന്നത്. അതുപോലെ സമുദായ സെക്രട്ടിയെ, ക്നാനായ കമ്മറ്റിയെ, ഇതൊന്നും വികസിത സമൂഹത്തിന് യോജിച്ചതല്ല എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന വൃത്തിഹീനമായ കരങ്ങൾ ഏതൊക്കെ എന്ന് ക്നാനായ ജനം തിരിച്ചറിഞ്ഞു കഴിഞ്ഞു.

സമുദായത്തിന്റെ കണക്കില്ല എന്ന് പറഞ്ഞ് ഫെയ്ക്ക് ഐഡിയിൽകൂടി എഴുതിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ കമ്മറ്റിയിൽ ഉത്തരവാദിത്തപ്പെട്ട സമുദായ ട്രസ്റ്റി കണക്ക് അവതരിപ്പിച്ചതാണ്. ഭരണഘടനപ്രകാരം കണക്ക് അസോസ്സിയേഷൻ അംഗങ്ങൾക്ക് അസ്സോസിയേഷൻ കൂടുന്നതിന്റെ 21 ദിവസം മുമ്പ് അയച്ചു കൊടുക്കണം. എന്നാണ് ഭരണഘടനയിൽ വ്യക്തമായി പറഞ്ഞിരിക്കുന്നത്. അസ്സോസിയേഷൻ കൂടുവാൻ കോവിഡ് കാരണം ജില്ലാ കളക്ടർ അനുവാദം തരാത്തത് മൂലമാണ് കൂടുവാൻ സാധിക്കാത്തത്. ഇത്തരത്തിൽ അസ്സോസിയേഷൻ മെമ്പർമാർക്ക് കണക്ക് അയച്ചു കൊടുക്കുവാൻ കമ്മറ്റി തീരുമാനിച്ചാൽ അയച്ച് കൊടുക്കുന്നതായിരിക്കും. ഭരണഘടനാ ലംഘനം നടത്താൻ കമ്മറ്റി ഒരിക്കലും തുനിയുകയില്ലാ എന്ന് അറിയിക്കുന്നു.

ചിലർ ചോദിക്കാറുണ്ട് എ.ഡി. 345 മുതൽ പത്തൊൻപതാം നൂറ്റാണ്ടുവരെ ഭരണഘടനയും മെത്രാന്മാരും ഭരണ സംവിധാനവും ഇല്ലാതെ ഈ സമുദായം നിലനിന്നില്ലേ എന്ന്, നമ്മൾ ഒന്ന് മനസ്സിലാക്കണം പത്തൊമ്പതാം നൂറ്റാണ്ടുവരെ സുറിയാനി ക്നാനായക്കാർ സംഘടിതമായ ഒരു സമുദായം ആയിരുന്നില്ല. ജാതീയമായ പ്രത്യേകതകളുടേയും വിവാഹാധികാരങ്ങൾ മൂലമുണ്ടായ കുടുംബബന്ധങ്ങളുടെയും അടിസ്ഥാനത്തിലുള്ള വൈകാരികമായ ഒരു ബന്ധം മാത്രമേ ക്നാനായക്കാർ തമ്മിൽ ഉണ്ടായിരുന്നുള്ളു. ജാതീയമായ ഐക്യത്തിലുപരി കുടുംബപരമായ ഐക്യതയും സഹവർത്തിത്വവും തങ്ങൾക്ക് തനിച്ചായി പ്രത്യേകമായ ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിലുള്ള ഏറ്റവും വലിയ പ്രേരകശക്തി ആയിരുന്നു. അങ്ങനെ ദൈവാലയങ്ങൾ സ്ഥാപിക്കുന്നതിന് അന്ന് വ്യക്തികൾക്ക് സ്വാതന്ത്ര്യവുമുണ്ടായിരുന്നു.

19-ാം നൂറ്റാണ്ടിന് മുമ്പ് സുറിയാനി ക്നാനായക്കാരുടെതായി കോട്ടയം വലിയ പള്ളിയും (1550) കല്ലിശ്ശേരി വലിയ പള്ളിയും (1580) റാന്നി വലിയ പള്ളിയും (1723) ഇങ്ങനെ മൂന്നു ദൈവാലയങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. 19-ാം നൂറ്റാണ്ടിൽ 9 പള്ളികൾ കൂടി സ്ഥാപിച്ചു. സുറിയാനി ക്നാനായ പള്ളികൾ പ്രത്യേകം പ്രത്യേകം ഉടമ്പടികളുടെ അടിസ്ഥാനത്തിലുള്ള സ്വതന്ത്ര ട്രസ്റ്റുകൾ ആയിരുന്നു. 1882-ൽ ക്നാനായ കമ്മറ്റി രൂപമെടുക്കുന്നതുവരെ ക്നാനായ പള്ളികളുടെ പൊതുവായ മേൽനോട്ടത്തിന് പ്രാതിനിധ്യ സ്വഭാവമുള്ള ഏതെങ്കിലും പൊതു സമിതികൾ നിലനിന്നിരുന്നില്ല. പള്ളികളുടെ ഭരണം സ്ഥാപക കുടുംബങ്ങളുടെ പ്രധാന ചുമതലയിലും, ഇടവകയോഗത്തിന്റെ താല്പര്യങ്ങൾക്ക് വിധേയമായും, ഇടവക വികാരിയുടെ മേൽ അന്വേഷണത്തിലും ആണ് നടന്നിരുന്നത്. പള്ളികളുടെ ഉൾഭരണ സ്വാതന്ത്ര്യത്തിൽ ഇടവകകൾ അന്യോന്യം ഇടപെടാറുണ്ടായിരുന്നില്ലാ. പള്ളികളുടെ പരിപൂർണ്ണമായ അവകാശം ഇടവക യോഗത്തിൽ നിക്ഷിപ്തമായിരുന്നു. എന്നാൽ 1882 മകര മാസം 8-ാം തീയതി വെളിയനാട് മോർ സ്തേഫാനോസ് പള്ളിയിൽ ചേർന്ന വൈദിക യോഗത്തോടുകൂടി രൂപം കൊണ്ട മലങ്കര യാക്കോബായ സുറിയാനി ക്നാനായ കമ്മറ്റി മലങ്കരയിലെ സുറിയാനി ക്നാനായക്കാരുടെ പ്രാതിനിധ്യ സ്വഭാവമുള്ള പൊതു സംഘടനയായിരുന്നു.

1882 മുതൽ ക്നാനായ കമ്മറ്റിയുടെ ചുമതല ഒരു അൽമായ സെക്രട്ടറിയും, അൽമായ ട്രസ്റ്റിയിലും പരിപൂർണ്ണമായി നിക്ഷിപ്തമായിരുന്നു. ക്നാനായ കമ്മറ്റി നിലവിൽ വന്നിരുന്ന കാലം മുതൽ ഏതെങ്കിലും വൈദികൻ കമ്മറ്റിയുടെ ഭൗതികപരമായ ഭരണച്ചുമതലകളിൽ കൈകടത്തിയിരുന്നില്ല. ഇതിൽനിന്നും അക്കാലയളവിൽ വൈദികർ ഇപ്രകാരമുള്ള ഭൗതിക ഭരണകാര്യങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കുകയും, പ്രധാനമായും ആത്മീയ കാര്യങ്ങളിൽ വ്യാപൃതരാവുകയും ആയിരുന്നു എന്നും 1882 മുതലുള്ള ക്നാനായ കമ്മറ്റിയുടെ തീരുമാനങ്ങളും ‘നടപടികളും നോക്കിയാൽ മനസ്സിലാകും. പിന്നീട് സമുദായത്തിന് ഉണ്ടായ ഭരണഘടനയും, നടപടിക്രമങ്ങളും, കെട്ടുറപ്പും, മൂലമാണ് ഇന്ന് കാണുന്ന രീതിയിൽ ക്നാനായ സമുദായം വളരുവാൻ സാധ്യമായത്. ഇത് നിലനിർത്തിക്കൊണ്ടുപോകാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്.

വംശീയമായും ആചാരപരമായും, നമ്മുടെ മാത്രം രക്ത ശുദ്ധിയും, കാത്തുസൂക്ഷിക്കാൻ നമുക്ക് മാത്രമേ സാധിക്കുകയുള്ളു. പുറത്തുനിന്ന് ആരിൽ നിന്നും അതിന് സഹായകരമായ സാഹചര്യം ഉണ്ടാകും എന്നു പ്രതീക്ഷിക്കരുത്. ആകയാൽ ഒറ്റക്കെട്ടായി നാം മുന്നേറണം. അതിനെ ക്നാനായ കമ്മറ്റി എപ്പോഴും തയ്യാറാണ്. ഏതു പ്രശ്നങ്ങളും പറഞ്ഞു തീർക്കാവുന്നതേയുള്ളു. അതിനുള്ള മനസ്സാണ് നമുക്ക് ആവശ്യം. സമുദായത്തിൽ ഇപ്പോഴുള്ള പ്രശ്നങ്ങൾ തുറന്ന ചർച്ചയിലൂടെ പരിഹരിച്ച് ഒരുമിച്ച് മുന്നേറുവാൻ ക്രിസ്മസ് കാലം നമുക്ക് പരിശ്രമിക്കാം. അതിനായി കമ്മറ്റിയുടെ ഭാഗത്തുനിന്ന് അകമഴിഞ്ഞ സഹകരണം ഉണ്ടായിരിക്കും എന്ന് എല്ലാവരേയും അറിയിക്കുന്നു.

ക്രിസ്തുവിന്റെ സന്തോഷകരമായ ജനനപെരുന്നാളും, അതിനുശേഷം വരുന്ന പുതുവർഷത്തിലേക്കും, പ്രവേശിക്കുന്ന ക്നാനായ സമുദായത്തിൽ ഐക്യവും അഖണ്ഡതയും ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും എല്ലാ സമുദായ അംഗങ്ങൾക്കും ക്രിസ്മസിന്റെയും പുതുവർഷത്തിന്റെയും ആശംസകൾ നേർന്നുകൊണ്ടു നിർത്തുന്നു.

ദൈവം അനുഗ്രഹിക്കട്ടെ
ക്നാനായ കമ്മിറ്റിക്കുവേണ്ടി,
**റ്റി. ഒ. എബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി

# സ്വപ്നക്കാരൻ ജോസഫ്

സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ, റാന്നി

ഉല്പ. 41:38. ഫറവോൻ തന്റെ ഭൃത്യന്മാരോട് ദൈവനാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടു കിട്ടുമോ എന്നു പറഞ്ഞു.

ഒരു തടവറയിൽ കഴിയുന്ന ജയിൽ പുള്ളിയെക്കുറിച്ച് ആണ് ഫറവോൻ തന്റെ ഭൃത്യന്മാരോട് സംസാരിച്ചത്.

ആദ്യപിതാക്കന്മാരിൽ ഒരുവനായ യാക്കോബിനു 12 മക്കൾ ഉണ്ടായിരുന്നു. അതിൽ 11-ാ മനായ ജോസഫിനോട് ആയിരുന്നു പിതാവിന് കൂടുതൽ ഇഷ്ടം. യാക്കോബ് തന്റെ പിതാവ് പരദേശിയായി പാർത്ത ദേശം ആയ കനാൻ ദേശത്ത് താമസിച്ചു. ജോസഫ് തന്റെ വാർദ്ധക്യത്തിലെ മകനായതു കൊണ്ട് എല്ലാ മക്കളെക്കാൾ ഉപരിയായി ജോസഫിനെ സ്നേഹിച്ചു. ഒരു നിലയങ്കി തയിപ്പിച്ച് അവനെ ധരിപ്പിച്ചു. അപ്പൻ തങ്ങളെക്കാൾ ഉപരി ജോസഫിനെ സ്നേഹിക്കുന്നു എന്നു കണ്ടിട്ടു അവന്റെ സഹോദരന്മാർ ജോസഫിനെ വെറുത്തു.

അങ്ങനെ ഇരിക്കെ ജോസഫ് ഒരു സ്വപ്നം കണ്ടു ആ സ്വപ്നം ഇപ്രകാരം ആയിരുന്നു. യാക്കോബും 12 മക്കളും വയലിൽ കറ്റകെട്ടികൊണ്ടിരുന്നപ്പോൾ ജോസഫിന്റെ കറ്റ എഴുന്നേറ്റുനിന്നു സഹോദരന്മാരുടെ കറ്റകൾ ചുറ്റും നിന്ന് ജോസഫിന്റെ കറ്റയെ വന്ദിച്ചു.

ഞാൻ പിന്നെയും ഒരു സ്വപ്നം കണ്ടു. സൂര്യനും ചന്ദ്രനും 11 നക്ഷത്രങ്ങളും എന്നെ നമസ്ക്കരിച്ചു എന്നു പറഞ്ഞു. അവന്റെ സഹോദരന്മാർ അവനോട് നീ ഞങ്ങളുടെമേൽ വാഴുമോ! യാക്കോബ് അവനോട് ഞാനും നിന്റെ അമ്മയും സഹോദരന്മാരും സാഷ്ടാംഗം വീണ് നിന്നെ നമസ്ക്കരിപ്പാൻ വരുമോ? നീ എന്താണ് ഉദ്ദേശിക്കുന്നത് എന്നു ചോദിച്ചു. സഹോദരന്മാർക്ക് അവനോട് കടുത്ത വെറുപ്പ് ഉണ്ടായി. എന്നാൽ അവന്റെ അപ്പനായ യാക്കോബ് ഈ വാക്ക് മനസ്സിൽ സംഗ്രഹിച്ചു. പിന്നെ അവന്റെ സഹോദരന്മാർ ആടുമാടുകളെ മേയിക്കുന്നതിന് ശേഖേമിൽ പോയി.

കുറെ മാസങ്ങൾ കഴിഞ്ഞപ്പോൾ യാക്കോബ് ജോസഫിനോട് ഞാൻ വൃദ്ധനായിരിക്കുന്നു. നീ ശേഖേമിൽ ചെന്ന് നിന്റെ സഹോദരന്മാരും ആടുമാടുകളും സുഖമായിരിക്കുന്നുവോ എന്നു അന്വേഷിച്ചുവരാൻ അവനെ നിർബന്ധിച്ചു. അങ്ങനെ ജോസഫ് അവരെ അന്വേഷിച്ച് യാത്ര പുറപ്പെട്ടു. യോർദ്ദാനിൽ വച്ച് അവൻ സഹോദരന്മാരെ കണ്ടുമുട്ടി സഹോദരന്മാർ അവനെ കണ്ടപ്പോൾ "ഇതാ സ്വപ്നക്കാരൻ വരുന്നു" നമുക്ക് അവനെ കൊന്നു കുഴിയിൽ ഇട്ടു കളയാം എന്നു പറഞ്ഞു എന്നാൽ മൂത്ത സഹോദരനായ രൂപേൻ അവനോട് അല്പം ദയ കാണിച്ചു അവനെ പൊട്ടക്കിണറ്റിൽ ഇട്ടു കളയാം എന്നു തീരുമാനിച്ചു. "ഇവന്റെ സ്വപ്നങ്ങൾ എന്താകും എന്ന് പറഞ്ഞ് സഹോദരങ്ങൾ അവനെ പരിഹസിച്ചു.

യിശ്മായ കച്ചവടക്കാർ അതുവഴി കടന്നുവന്നപ്പോൾ രൂപേൻ അറിയാതെ ബാക്കിയുള്ളവർ അവനെ യിസ്രയേലിയ കച്ചവടക്കാർക്ക് 20 വെള്ളിക്കാശിന് വിറ്റു. പിറ്റേ ദിവസം രൂപേൻ പൊട്ടകിണറ്റിൽവന്നു നോക്കിയപ്പോൾ ജോസഫിനെ കാണാൻ കഴിഞ്ഞില്ല.

യിശ്മായ കച്ചവടക്കാർ ജോസഫിനെ മിസ്രേമിൽ കൊണ്ടുപോയി. മിസ്രേമിൽ അവനെ പോത്തിഫേർ എന്ന പ്രമാണിക്ക് വിറ്റു. ജോസഫ് ധരിച്ചിരിക്കുന്നതായ നിലയങ്കി ആട് കൊറ്റന്മാരെ കൊന്ന് അതിന്റെ രക്തത്തിൽ മുക്കി അവന്റെ അപ്പന്റെ അടുക്കൽ കൊടുത്തയച്ചു. ഇതു കണ്ട യാക്കോബ് തന്റെ വസ്ത്രം കീറി രട്ടുശീല ഉടുത്ത് ഏറെ നാൾ തന്റെ മകനെ ഓർത്ത് വിലപിച്ച് ദുഃഖിച്ച് നടന്നു. ബാക്കിയുള്ള പുത്രന്മാർ അവനെ ആശ്വസിപ്പിച്ചു. എങ്കിലും അവന് ആശ്വാസം കൈക്കൊള്ളുന്നതിന് മനസ്സ് വന്നില്ല. സങ്കീ. 143:37 ശത്രു എന്റെ പ്രാണനെ ഉപദ്രവിച്ചിരിക്കുന്നു. അവൻ എന്നെ നിലത്തിട്ടു തകർത്തിരിക്കുന്നു. പണ്ടേ മരിച്ചവനെപ്പോലെ ഇരുട്ടിൽ പാർപ്പിച്ചിരിക്കുന്നു. ആകയാൽ എന്റെ മനം എന്റെ ഉള്ളിൽ വിഷാദിച്ചിരിക്കുന്നു എന്റെ ഹൃദയം എന്റെ ഉള്ളിൽ സ്തംഭിച്ചിരിക്കുന്നു ഞാൻ പണ്ടത്തെ നാളുകളെ ഓർക്കുന്നു. നിന്റെ സകല പ്രവർത്തിയേയും ഞാൻ ധ്യാനിക്കുന്നു. നിന്റെ കൈകളുടെ പ്രവർത്തിയെ ഞാൻ ചിന്തിക്കുന്നു. വരണ്ട നിലംപോലെ എന്റെ പ്രാണൻ നിനക്കായി ദാഹിക്കുന്നു യഹോവേ എനിക്ക് വേഗം ഉത്തരമരുളണമേ എന്റെ ആത്മാവ് കാംക്ഷിക്കുന്നു; ഞാൻ കുഴിയിൽ ഇറങ്ങുന്നവരെപ്പോലെ ആകാതിരിപ്പാൻ നിന്റെ മുഖം എനിക്ക് മറയ്ക്കരുതേ!

പൊത്തിഫർ ജോസഫിനെ മിസ്രേമിലേക്ക് കൊണ്ടുപോയി യഹോവാ ജോസഫിനോടുകൂടെ ഉണ്ടായിരുന്നതു കൊണ്ട് അവൻ ചെയ്യുന്നത് ഒക്കെയും സാധിക്കും എന്നു അവന്റെ യജമാനൻ കണ്ടു.

ഉല്പത്തി. 39:16 ജോസഫ് പോത്തിഫേറിന് ഇഷ്ടമുള്ളവനായി ശുശ്രൂഷ ചെയ്തു അവനെ തന്റെ ഗ്രഹ വിചാരകനാക്കി തനിയ്ക്ക് ഉള്ളതൊക്കെയും അവന്റെ കൈയ്യിൽ ഏല്പിച്ചു. അവനെ തന്റെ വീടിനും, തനിക്കുള്ള സകലത്തിനും അവനെ വിചാരകനാക്കിയതുകൊണ്ട് യഹോവ ജോസഫിനേയും മിസ്രേമിയന്റെ വിടിനെയും അനുഗ്രഹിച്ചു. വീട്ടിലും വയലിലും അവനുള്ള സകലത്തിന്മേലും യഹോവയുടെ അനുഗ്രഹം ഉണ്ടായി പോത്തിഫേർ തനിക്ക് ഉള്ളതൊക്കെയും ജോസഫിന്റെ കൈയ്യിൽ ഏല്പിച്ചു.

ജോസഫ് സൗന്ദര്യം ഉള്ള പുരുഷനായതുകൊണ്ട് പോത്തിഫേറിന്റെ ഭാര്യ ജോസഫിനെ ആഗ്രഹിച്ചു. അവനെ കൊണ്ട് തെറ്റ് ചെയ്യുന്നതിന് പ്രേരിപ്പിച്ചു എന്നാൽ അവൻ യഹോവയായ ദൈവത്തിന് എതിരായി പാപം ചെയ്യുകയില്ലാ എന്ന് അവളോട് പറഞ്ഞു. അവർക്ക് കോപം ഉണ്ടായി അവൾ അവന്റെ വസ്ത്രത്തിൽ കടന്നു പിടിച്ചു ബലമായി ഊരി മാറ്റി. ജോസഫ് നഗ്നനായി അവളുടെ കൈയ്യിൽനിന്ന് രക്ഷപെട്ടു. അവൾ ജോസഫിന്റെ വസ്ത്രം തന്റെ ഭർത്താവായ പോത്തിഫേറിനെ ഏല്പിച്ച് തന്നെ അവൻ ആക്രമിക്കാൻ വന്നു എന്നു പറഞ്ഞ് വിശ്വസിപ്പിച്ചു. അങ്ങനെ ജോസഫ് തടവറയിൽ ആയി.

തടവറയിൽ കഴിഞ്ഞിരുന്ന ജോസഫ് പാനപാത്രക്കാരന്റെയും അപ്പക്കാരന്റെയും സ്വപ്നത്തിന് വിശദമായ മറുപടി പറഞ്ഞു കൊടുത്തു. മൂന്നു മുന്തിരിവള്ളി മൂന്നു ദിവസം ഫറവോൻ നിന്നെ കടാക്ഷിച്ച് വീണ്ടും നിന്നെ ആസ്ഥാനത്ത് ആക്കും. നിന്നെ ആ സ്ഥാനത്താക്കുമ്പോൾ എന്നെ നീ ഓർക്കണം എന്നു പറഞ്ഞു. എന്നാൽ പാനപാത്രക്കാരൻ ജോസഫിനെ പിന്നീട് ഓർത്തില്ല.

അപ്പക്കാരനോട് മൂന്നു കൊട്ട മൂന്നു ദിവസം കഴിഞ്ഞ് നിന്റെ കഴുത്ത് അറുത്ത് നിന്നെ കഴുവിൽ കയറ്റും. നീ തൂക്കു മരത്തിൽ കിടക്കുമ്പോൾ ആകാശത്തിലെ പക്ഷികൾ വന്നു നിന്റെ ശരീരം കൊത്തി നുറുക്കും എന്നു പറഞ്ഞു അതു പോലെതന്നെ സംഭവിക്കുകയും ചെയ്തു.

പിന്നീട് 2 വർഷം കഴിഞ്ഞപ്പോൾ ഫറവോൻ ഒരു സ്വപ്നം കണ്ടു. നൈൽ നദിയിൽനിന്നു കയറി വരുന്നതായ 7 തടിച്ച പശുക്കളും 7 മെലിഞ്ഞതായ പശുക്കളും മെലിഞ്ഞ പശുക്കൾ തടിച്ചു കൊഴുത്തതായ പശുക്കളെ വിഴുങ്ങിക്കളഞ്ഞു. പിന്നീട് ഫറവോൻ കണ്ട സ്വപ്നം നിറഞ്ഞതും നല്ലതുമായ എഴ് കതിരുകൾ ഒരു തണ്ടിന്മേൽ പൊങ്ങി വന്നു. നേർത്ത കതിരുകൾ നല്ല കതിരുകളെ വിഴുങ്ങിക്കളഞ്ഞു. ഇത് മന്ത്രവാദികൾക്ക് വിവരിച്ചു കൊടുക്കുന്നതിന് കഴിഞ്ഞില്ല. അപ്പോൾ ജോസഫ് ഫറവോനോട് ഇത് രണ്ടും ഒരു സ്വപ്നം തന്നെ 7 സമ്പദ് സമൃദ്ധമായ വർഷം ഉണ്ടാകും. 7 വർഷം കഴിയുമ്പോൾ മിസ്രമിലും എല്ലാ സ്ഥലങ്ങളിലും ക്ഷാമം ഉണ്ടാകും സമ്പൽ സമൃദ്ധ വർഷങ്ങളിൽ ക്ഷാമ കാലത്തെ അതിജീവിക്കുന്നതിന് ഭക്ഷ്യസാധനങ്ങൾ സൂക്ഷിക്കണം. അങ്ങനെ ക്ഷാമകാലത്തെ അതിജീവിക്കുന്നതിന് കഴിയും. ഇത് ജോസഫ് ഫറവോന് വ്യാഖ്യാനിച്ച് കൊടുത്തു അങ്ങനെ ക്ഷാമത്തിൽനിന്ന് മിസ്രേമിന് രക്ഷപെടാൻ കഴിയും എന്നു പറഞ്ഞു.

"അപ്പോൾ ഫറവോൻ തന്റെ ഭൃത്യനോട് ദൈവാത്മാവ് ഉള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടു കിട്ടുമോ എന്നു പറഞ്ഞു" തടവറയിൽ കിടക്കുന്ന ജയിൽപുള്ളിയെ പ്പറ്റിയാണ് ഫറവോൻ ഇങ്ങനെ പറഞ്ഞത്. തന്റേതല്ലാത്ത കാരണത്താൽ കുറ്റവാളിയായിത്തീർന്ന ജോസഫിനോടു കൂടെ ദൈവം ഉണ്ടായിരുന്നതുകൊണ്ട് ആണ് സ്വപ്ന വ്യാഖ്യാനം നടത്തുന്നതിന് ജോസഫിനു കഴിഞ്ഞത്.

പിന്നീട് ഫറവോൻ തന്റെ കൈയ്യിൽ നിന്ന് മുദ്രമോതിരം ഊരി ജോസഫിന്റെ കൈയ്യിൽ ഇട്ടു. അവനെ നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണ്ണ സരപ്പളികയും അവന്റെ കഴുത്തിൽ ഇട്ടു. തന്റെ രഥത്തിൽ അവനെ കയറ്റി "മുട്ടു കുത്തുവിൻ" അവന്റെ മുമ്പിൽ വിളിച്ചു പറയിപ്പിച്ചു. ഇങ്ങനെ ജോസഫിനെ മിസ്രേം ദേശത്തിനു മേലധികാരിയാക്കി.

പിന്നെ ഫറവോൻ ജോസഫിനോട് "ഞാൻ ഫറവോനാകുന്നു നിന്റെ കല്പന കൂടാതെ മിസ്രയിം ദേശത്ത് യാതൊന്നും കയ്യോ കാലോ അനക്കുകയില്ല. ഫറവോന്റെ മുമ്പാകെ നിൽക്കുമ്പോൾ ജോസഫിനു 30 വയസ്സ് ആയിരുന്നു.

എന്നാൽ സുഭിക്ഷിതമായ 7 സംവൽസരം ദേശം സമൃദ്ധിയായി വിളഞ്ഞു. ജോസഫ് പ്രവചിച്ചതുപോലെ ക്ഷാമം ഉള്ള 7 സംവൽസരം വീണ്ടും തുടങ്ങി സകല ദേശത്തും ക്ഷാമം വർദ്ധിച്ചു വന്നു. മിസ്രയിം ദേശത്തു ക്ഷാമം വർദ്ധിച്ചപ്പോൾ ജനങ്ങൾ ആഹാരത്തിനായി ഫറവോനോട് നിലവിളിച്ചു നിങ്ങൾ ജോസഫിന്റെ അടുത്തു ചെല്ലുവിൻ ഫറവോൻ പറഞ്ഞതുപോലെ ജനങ്ങൾ അനുസരിച്ചു. ജോസഫ് പാണ്ടിശാലകൾ ഒക്കെയും തുറന്നു. മിസ്രേമിയർക്ക് ധാന്യം വിറ്റു. ഭൂമിയിൽ എങ്ങും കഠിന ക്ഷാമം ഉണ്ടായിട്ടും സകല ദേശക്കാരും ധാന്യം കൈക്കൊള്ളുന്നതിന് മിസ്രേമിൽ ജോസഫിന്റെ അടുക്കൽവന്നു.

മിസ്രമിൽ ധാന്യം ഉണ്ടെന്നു യാക്കോബ് അറിഞ്ഞപ്പോൾ തന്റെ പുത്രന്മാരോട് നിങ്ങൾ തമ്മിൽ നോക്കി നിൽക്കുന്നത് എന്ത്? നാമും മരിക്കാതെ ജീവിച്ചിരിക്കേണ്ടതിനു നിങ്ങൾ അവിടെച്ചെന്ന് ധാന്യം കൈക്കൊള്ളുവിൻ. ജോസഫിന്റെ അനുജനായ ബെന്യാമിനു വല്ല ആപത്തും ഭവിക്കും എന്നു വിചാരിച്ചിട്ട് ബെന്യാമിനെ സഹോദരന്മാർക്കൊപ്പം അയക്കുന്നതിന് യാക്കോബ് സമ്മതിച്ചില്ല. പിന്നീട് 10 സഹോദരന്മാർ ധാന്യം കൈക്കൊള്ളുന്നതിന് ശേഖേമിൽനിന്ന് യിസ്രയേൽ ദേശത്തേക്കുപോയി. ജോസഫ് ആ ദേശത്തിന്റെ അധിപതി യാണ് എന്ന് സഹോദരന്മാർ അറിഞ്ഞിരുന്നില്ല.

ജോസഫിന്റെ സഹോദരന്മാർ വന്നു അവനെ സാഷ്ടാംഗം വീണ് നമസ്ക്കരിച്ചു. ജോസഫ് തന്റെ സഹോദരന്മാരെ കണ്ട ഭാവം നടിച്ചില്ല. നിങ്ങൾ എവിടെനിന്നു വരുന്നു എന്നു ചോദിച്ചതിനു ആഹാരം കൈക്കൊള്ളുന്നതിന് "കനാൻ" ദേശത്തുനിന്നു വരുന്നു എന്നു പറഞ്ഞു. ജോസഫ് അവരോട് നിങ്ങൾ ഒറ്റുകാർ ആണ് ഈ ദേശത്തെ ദുർബലപ്പെടുത്തുന്നതിന് വന്നിരിക്കുന്നു എന്നു പറഞ്ഞു അല്ല യജമാനനെ ഞങ്ങൾ ആഹാരസാധനങ്ങൾ കൈക്കൊള്ളുന്നതിന് വന്നിരിക്കുന്നു എന്നു പറഞ്ഞു ഞങ്ങൾ എല്ലാവരും ഒരാളുടെ മക്കളാകുന്നു അടിയങ്ങൾ ഒറ്റുകാരല്ലാ എന്നു നിലവിളിച്ചു. ഞങ്ങൾ പരമാർത്ഥികളാണ് ഒറ്റുകാരല്ലാ എന്ന് വീണ്ടും പറഞ്ഞു. ഞങ്ങൾ 12 സഹോദരങ്ങളാകുന്നു ഇളയ സഹോദരൻ ഞങ്ങളുടെ അപ്പന്റെ അടുക്കൽ ഉണ്ട് ഒരുത്തൻ ഇപ്പോൾ ഇല്ല എന്നു പറഞ്ഞു. ജോസഫ് അവരോട് ഞാൻ നിങ്ങളെ പരീക്ഷിക്കും.

നിങ്ങളുടെ ഇളയ സഹോദരൻ ഇവിടെ വന്നല്ലാതെ ഫറവോനാണെ നിങ്ങൾ ഇവിടെനിന്നു പോകുകയില്ല ജോസഫ് അവരെ മൂന്നു ദിവസം തടവിലാക്കി. നിങ്ങൾ പരമാർത്ഥികളാകുന്നു എങ്കിൽ നിങ്ങളുടെ ഒരു സഹോദരൻ കാരാഗ്രഹത്തിൽ കിടക്കട്ടെ. ഇളയ സഹോദരനെ എന്റെ അടുക്കൽ കൊണ്ടുവരണം. പിന്നെ ജോസഫ് അവരെ വിട്ട് ദൂരെ മാറി പൊട്ടിക്കരഞ്ഞു.

സംഭവിച്ചതെല്ലാം യാക്കോബ് അറിഞ്ഞിട്ട് ബെന്യാമിനെ അവരുടെ കൂടെ അയക്കുന്നതിന് തയ്യാറായില്ല. യാക്കോബ് അവരോട് നിങ്ങൾ എന്നെ മക്കളില്ലാത്തവനാക്കുവാൻ നോക്കുന്നു. എനിക്ക് സകലതും പ്രതികൂലം തന്നെ എന്നു പറഞ്ഞു. രൂപേൻ അപ്പനോട് എന്റെ കൈയ്യിൽ ബന്യാമിനെ ഏല്പിക്ക ഞാൻ അവനെ നിന്റെയടുക്കൽ മടക്കികൊണ്ടു വരും എന്നു പറഞ്ഞു. അങ്ങനെ അവർ കാഴ്ചയും ഇരട്ടി മധുരവും ദ്രവ്യവും എടുത്തു ബെന്യാമിനെയും കൂട്ടി മിസ്രമിൽ ചെന്നു. ജോസഫിന്റെ മുമ്പിൽനിന്നു. അവരുടെകൂടെ ബന്യാമിനെ കണ്ടപ്പോൾ ജോസഫ് അവർക്ക് വിരുന്ന് ഒരുക്കി അപ്പന്റെ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. അവരുടെ മുമ്പാകെ പൊട്ടിക്കരഞ്ഞു നിങ്ങളുടെ നഷ്ടപ്പെട്ടുപോയ സഹോദരൻ ജോസഫ് ആകുന്നു താൻ എന്ന് വെളിപ്പെടുത്തി. എന്നിട്ട് ഫറവോന്റെ സഹായത്തോടെ യാക്കോബിനെ യിസ്രയേൽ ദേശത്തേക്ക് കൊണ്ടുവന്നു. സന്തോഷത്തോടെ പിന്നീട് കാലം ജീവിച്ചു. ഈ കുടുംബത്തിൽ 12 സഹോദരന്മാരുടെ ഇടയിൽ നിന്ന് ഒരു സഹോദരൻ കഷ്ടതയുടെയും ത്യാഗത്തിന്റെയും കാരാഗൃഹ ജീവിതത്തിലൂടെയും പീഢനത്തിന്റെ നടുവിൽ തന്റെ ദൈവത്തെ മുറുകി പിടിച്ച് കുടുംബത്തിനുവേണ്ടി ജീവിച്ചപ്പോൾ യിസ്രയേൽ കുടുംബം നഷ്ടമാകാതെ രക്ഷപ്രാപിച്ചു. ഇതുപോലെ നമുക്കും ഈ കൊറോണക്കാലം ദൈവസന്നിധിയിൽ ഒരുമനപ്പെട്ട് ഭവനങ്ങളിൽ ഇരുന്നു പ്രാർത്ഥിച്ചു മുന്നേറാം. അതിനു സർവ്വശക്തനായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ. വിവാഹ ശുശ്രൂഷയിൽ പട്ടക്കാരും മേൽപ്പട്ടക്കാരും ഇങ്ങനെ അനുഗ്രഹിക്കുന്നു.

"മിസ്രമിൽ ജോസഫിനെ വാഴ്ത്തിയ
ദൈവം തൻ ബഹുകൃപയാൽ
ഈ ദാസരെ വാഴ്ത്തട്ടെ! ദേവാ
ദയ ചെയ്തീടണമെ?"

# മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആവും (ലൂക്കോസ് 13:30)

**സിജോ ജോസ് വിലങ്ങൻപാറ**

വി. ലൂക്കോസിന്റെ സുവിശേഷം 13:30 വാക്യത്തിൽ പറയുന്നതുപോലെ ദൈവരാജ്യ പ്രവേശനത്തിൽ മുമ്പന്മാരാകുന്ന പിമ്പന്മാരും പിമ്പന്മാരാകുന്ന മുമ്പന്മാരും ഉണ്ടായിരിക്കുമെന്നുള്ള സാക്ഷ്യം പ്രിയരെ നമ്മുടെ മുൻവിധികളിലേയ്ക്ക് നേരെ വിരൽ ചൂണ്ടുന്നില്ലേ! നമുക്ക് എല്ലാമറിയുന്ന ആമയും മുയലും തമ്മിലുള്ള ഓട്ടമത്സര കഥയിൽ എല്ലാവരും വിജയിക്കുമെന്ന് പ്രതീക്ഷിച്ച മുയലിനെ പരാജയപ്പെടുത്തി ആമ ജയിച്ചപോലെ നമ്മുടെ ഭരണാധികാരികളും സമുന്നത വ്യക്തികളും പലപ്പോഴും വിദഗ്ദ്ധ ചികിത്സയ്ക്കായി ആശ്രയിച്ചിരുന്ന വികസിത രാജ്യങ്ങളേക്കാൾ ഈ കൊറോണ പ്രതിസന്ധി ഘട്ടത്തിൽ ആരോഗ്യമേഖലയിൽ നമ്മുടെ കൊച്ചുകേരളം ഇതുവരെ മികച്ച രീതിയിൽ നിൽക്കുന്നതും ഈ പ്രപഞ്ചത്തിൽ മുമ്പന്മാർ പിമ്പന്മാർ എന്നുള്ള വസ്തുത എപ്പോൾ വേണേലും മാറ്റപ്പെടാം എന്ന് നമുക്ക് കാണിച്ചു തരുന്നില്ലേ. ഇന്നത്തെ ധനികൻ നാളത്തെ ദരിദ്രൻ, ഇന്നത്തെ ദരിദ്രൻ നാളത്തെ ധനികൻ. ഇന്നത്തെ ആരോഗ്യവാൻ നാളത്തെ രോഗി ഇവയെല്ലാം നമ്മുടെ ജീവിതത്തിലെ അനിശ്ചിതത്വങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുകയല്ലേ! സുഖം, ദുഃഖം, സമാധാനം, ഭയം, ഭീതി, നല്ല കാലാവസ്ഥ, പ്രതികൂല കാലാവസ്ഥ എല്ലാം പെട്ടെന്ന് പെട്ടെന്ന് മാറി മറിയും. വലിയവനും ചെറിയവനും ഒരുമിച്ചു കരഞ്ഞുകൊണ്ട് ദൈവത്തെ അന്വേഷിക്കുന്ന സമയങ്ങൾ വന്നിരിക്കുന്നു ആയതിനാൽ പ്രിയപ്പെട്ടവരെ ജറെമിയ: 9:20 നമ്മുടെ കർത്താവ് നമ്മളോട് ഇപ്രകാരം പറയുന്നു, മകനേ നിന്റെ ജ്ഞാനത്തിലും ആരോഗ്യത്തിലും സമ്പത്തിലും, ജോലിയിലും, സൗന്ദര്യത്തിലും നീ വലിപ്പം ഭാവിക്കാതിരിക്കൂ. യഹോവയായ ദൈവം ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്ന് ഗ്രഹിക്കാൻ എനിക്കു സാധിച്ചല്ലോ എന്ന് കരുതി സന്തോഷിക്കൂ. ബലഹീന മനുഷ്യനായ നമ്മെ സംബന്ധിച്ച് ഒന്നുംശാശ്വതമല്ലോ. എപ്പോഴും ദൈവമേ നിന്റെ സാക്ഷ്യങ്ങളോടു പറ്റിയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു എന്നെ ലജ്ജിപ്പിക്കരുതേ, തമ്പുരാനേ നീ ക്ലേശിപ്പിച്ച ദിവസങ്ങൾക്കും ഞങ്ങൾക്ക് അനർത്ഥം അനുഭവിച്ച സംവത്സരങ്ങൾക്കും തക്കവണ്ണം ഞങ്ങളെ നിന്റെ രാജ്യത്തിൽ സന്തോഷിപ്പിക്കേണമെ. എന്റെ ഭാരങ്ങൾ പ്രയാസങ്ങൾ കടങ്ങൾ സങ്കടങ്ങൾ എല്ലാം നിന്റെ മേൽ ഞാൻ ഏല്പിക്കുന്നു. കുലുങ്ങി വീഴാൻ സമ്മതിക്കല്ലേ! എന്തെന്നാൽ പ്രിയനെ ഞാൻ വി. മാമ്മോദീസായിലൂടെ, വി. കൂദാശകളിലൂടെ, നിന്നെ എന്റെ സങ്കേതവും ജീവനുള്ളവരുടെ ദേശത്തു എന്റെ അവകാശവും എന്നു പറയുന്നുവല്ലോ. നീ എന്റെ നിലവിളി കേട്ടു ബലവാന്മാരായ ഭരണാധികാരികളിൽ നിന്നു ഒളിഞ്ഞിരിക്കുന്ന മഹാമാരികളിൽ നിന്നും കാരാഗൃഹങ്ങളിൽ നിന്നും എന്നെ വിടുവിക്കേണമേ! എന്ന് സങ്കീർത്തനക്കാരൻ അപേക്ഷിക്കുന്നതുപോലെ നമുക്ക് പ്രാർത്ഥിക്കാം, യാചിക്കാം. കാരണം നമുക്ക് അറിയുകയില്ലല്ലോ ദൈവത്തിന്റെ ദൃഷ്ടിയിൽ നാം മുൻപനാണോ പിൻപനാണോ എന്ന്, നമുക്ക് എളിമപ്പെട്ട് ജീവിക്കാം. ജീവിതത്തിൽ ദൈവം തരുന്ന ഓരോ അനുഭവങ്ങളും ലോകത്തു സംഭവിക്കുന്നതും സ്വയം കണ്ട് മനസ്സിലാക്കി നാം എളിമപ്പെട്ട് സ്വയം പിൻപനെന്നും കരുതി അവന്റെ രാജ്യത്തു മുൻപനായി പ്രവേശിക്കാൻ ഇടയാവും വിധം സ്വയം നമ്മുടെ ജീവിതങ്ങളെ സർവ്വേശ്വരന്റെ കൃപയാൽ ക്രമീകരിക്കപ്പെടാം. ●

---

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

തയും ഇല്ലാതെ ആടിന് ഉറങ്ങാൻ കഴിയുന്നത് ഉറങ്ങാതിരിക്കുന്ന സ്നേഹമുള്ള ഒരു ഇടയൻ ഉള്ളതുകൊണ്ടാണ്. വിശ്വാസികളാകുന്ന നമ്മളോരോരുത്തരിൽനിന്നും ഭയവും ഉൽക്കണ്ഠകളും നിരാശകളും വിട്ടുപോകുന്നത് നമുക്കുവേണ്ടി ഉണർന്നിരിക്കുന്ന സ്നേഹവാനായ ഒരു ദൈവമുണ്ട് എന്ന തിരിച്ചറിവ് ലഭിക്കുമ്പോഴാണ്.

മനോഹരമായ ഒരു സംഭവകഥ ഇപ്രകാരമായിരുന്നു. രോഗിയായ കുഞ്ഞ് രാത്രി മുഴുവൻ ഉറങ്ങാതെ കിടന്ന് കരയുകയാണ്. അമ്മയും രാത്രി മുഴുവൻ കുഞ്ഞിനുവേണ്ടി ഉറക്കമൊഴിഞ്ഞു. രണ്ടാം ദിവസം രാത്രിയിലും രോഗിയായ കുഞ്ഞിനെ ശുശ്രൂഷിച്ചുകൊണ്ട് അമ്മ ഉറക്കം കളയാൻ തയ്യാറായി. എന്നാൽ രാത്രി ഏറെ വൈകിയപ്പോൾ നിദ്രാഭാരത്താൽ അമ്മയുടെ കണ്ണ് അറിയാതെ ഉറക്കത്തിലേക്ക് വഴുതി വീഴുന്നു. രാത്രി വൈകുന്തോറും ഉറക്കം അമ്മയെ തളർത്താൻ തുടങ്ങി പെട്ടെന്ന് ആ അമ്മ പ്രാർത്ഥിച്ചപ്പോൾ സങ്കീർത്തനഭാഗങ്ങൾ ഓർമ്മയിലേക്ക് വന്നു 'നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല, ഇസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല ഉറങ്ങുകയില്ല. കർത്താവാണ് നിന്റെ കാവൽക്കാരൻ' ഈ വചനങ്ങൾ ആ അമ്മയ്ക്ക് ധൈര്യം നൽകി അവൾ ശാന്തമായി ദൈവത്തിൽ തന്റെ കുഞ്ഞിനെ ഭരമേൽപ്പിച്ച് സുഖമായി ഉറങ്ങി. രാവിലെ ഉണർന്നപ്പോൾ രോഗം മാറി സുഖമായി ഉറങ്ങുന്ന കുഞ്ഞിനെയാണ് ആ അമ്മ കാണുന്നത്. ഓരോ ക്രിസ്മസ് കാലത്തും നമ്മോടു വിളിച്ചുപറയുകയാണ്. "ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ടെന്ന്. ആയതിനാൽ നമ്മുടെ എല്ലാ കാര്യങ്ങളിലും ശ്രദ്ധാലുവായ സർവ്വശക്തനായ ദൈവത്തിനു മുമ്പിൽ നമ്മുടെ എല്ലാ ഭാരങ്ങളും സമർപ്പിച്ച് ആനന്ദത്തോടെ ഈ ക്രിസ്മസിനെ വരവേൽക്കാം.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**(ക്നാനായ സമുദായ മെത്രാപ്പോലീത്ത)** ●

## സുവിശേഷ സമാജം ഭാരവാഹികൾ



പ്രസിഡന്റ്
അഭി. കുറിയാക്കോസ്
മോർ സേവേറിയോസ്
മെത്രാപ്പോലീത്ത



വൈസ് പ്രസിഡന്റ്
റവ. ഫാ. ബെന്നി
ഏബ്രഹാം
മാമലശ്ശേരിൽ



മിഷൻ ഡയറക്ടർ
റവ. ഡോ. ഏ.റ്റി.
ഏബ്രഹാം
ആലുംമൂട്ടിൽ



ജനറൽ സെക്രട്ടറി
ജിജി ഏബ്രഹാം
കറുകേലിൽ



ട്രസ്റ്റി
സജി മുണ്ടക്കൽ



ജോയിന്റ്
സെക്രട്ടറി
തങ്കച്ചൻ
ഇടയാടിച്ചിറ



20-ാമത് ക്നാനായ
കൺവൻഷൻ
ജനറൽ കൺവീനർ
മാത്യു ഏബ്രഹാം
അമ്പലപ്പാട്ട്

## 30-ാം വിവാഹ വാർഷികം

24-11-2021



### മോൻസി കുര്യൻ & ഷീലാ മോൻസി

പുതുവീട്ടിൽ, അങ്ങാടി, റാന്നി

ആശംസകളോടെ മക്കൾ:- ടോണി & കരോളിൻ, ഡോണ മോൻസി

Advt -S

## നവീകരിച്ച ക്നാനായദീപം വെബ്സൈറ്റ് ഉദ്ഘാടനം



നവീകരിച്ച ക്നാനായദീപം വെബ്സൈറ്റ് സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ചീഫ് എഡിറ്റർ റോയി മാത്യൂസ് കോർ എപ്പിസ്കോപ്പ മുളമൂട്ടിൽ, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായദീപം മാനേജിംഗ് എഡിറ്റർ ഫാ. ജേക്കബ് കല്ലുകുളം, ക്ലീമിസ് പ്രസ്സ് മാനേജർ ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ, സമുദായ ആക്ടിംഗ് ട്രസ്റ്റി ജേക്കബ് തോമസ് മറ്റക്കാട്ട്, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ സിബി തോണ്ടുകുഴിയിൽ, റ്റി.എസ്. മാത്തുക്കുട്ടി തെക്കേപ്പറമ്പിൽ, ഇ.പി. കുറിയാക്കോസ് ഇടവഴിക്കൽ, കെ.എ. തോമസ് കൊമറത്തുംപറമ്പിൽ, അനു കുര്യൻ പാടകശ്ശേരിൽ എന്നിവർ സമീപം

## ക്രിസ്തുമസ് 2021



ക്രിസ്തുമസ് 2021 – നോടനുബന്ധിച്ച് തിരുവനന്തപുരം രാജ്ഭവനിൽ വിളിച്ചുകൂട്ടിയ ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാരുടെ യോഗത്തിൽ ആദരണീയനായ കേരള ഗവർണർ ബഹു. ആരിഫ് മുഹമ്മദ്ഖാനോടൊപ്പം ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും അഭി. കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് തിരുമേനിയും

*Congratulations to*

## Mr. THOMAS P. MATHEW



**Mr. THOMAS P MATHEW**, S/o Mathew P T ( S.I of Police) & Suni Mathew Pullattu, for his achievement in Karate Black Belt grading conducted by **Mabuni Shito Ryu Karate Do International Japan** and had been awarded the title **'Sempai'**. He is a member of the St. John's Dayara Church, Chingavanam and is working as a Guest Lecturer in St.Stephen's College, Uzhavoor.

With regards
Family & Friends

Advt -O




# വിവാഹിതരായി



ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽപെട്ട പുത്തൻപറമ്പിൽ Chacko Thomas-ന്റെയും Jessy Thomas-ന്റെയും മകൻ **Marvin Thomas**-ഉം റാന്നി ചെറുകുളഞ്ഞി സെന്റ് മേരീസ് പള്ളി ഇടവകയിൽപെട്ട പുളിനില്ക്കുംപറമ്പിൽ Joykutty Punnoose-ന്റെയും Suni Joykutty-യുടെയും മകൾ **Seba Joykutty**-യും തമ്മിലുള്ള വിവാഹം 2021 സെപ്റ്റംബർ 9-ാം തീയതി വ്യാഴാഴ്ച **അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ** പ്രധാന കാർമ്മികത്വത്തിൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ വച്ചു നടത്തപ്പെട്ടു.

Advt -0

*CONGRATULATIONS!*

## Dr. MEENU KURIAN, MBBS



Kerala University of Health Sciences (KUHS)-ൽ നിന്നും MBBS-ൽ ഉന്നത വിജയം നേടിയ **Dr. Meenu Kurian**, കല്ലിശ്ശേരി St. Mary's Knanaya Valiyapally ഇടവകയിൽ Thiruvalla Kuttapuzha, Palliyampil, Mr. P.M. Kurian ന്റെയും Mrs. Binu Kurian ന്റെയും മകളാണ്.

*With best compliments,*

Sanu Kurian and Kumkuma Sara Jacob.

Advt -O

## 40-ാം ചരമദിനം

11-12-2021



## പി. കെ. ജേക്കബ്

പാലക്കുടിയിൽ, ചിങ്ങവനം

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O


7 Days
Prometric
Crash
Course at
₹12,500
100%
ASSURED
RESULT
OTHERWISE
FEE REFUNDED
Online classes
available at
₹9,500
OYSTER NURSES
ACADEMY PVT. LTD.
Thiruvalla
OYSTER
PROMETRIC CLASSES
FOR NURSES
Saudi | Qatar | Oman | DHA
Sharjah | Bahrain
SERVICES
Data flow | Saudi eligibility
DHA eligibility
Prometric exam date
Hostel Facility
Including Free Food
HURRY UP!! BOOK NOW!
80862 56663 | 80862 56661
oysternursesacademy@gmail.com

Advt -O


ക്നാനായദീപം മൊബൈൽ ആപ്പിൽ
പരസ്യങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്.
മൊബൈൽ ആപ്പ്
പരസ്യ ചാർജ്
Full page
ഒരു വർഷം -15000/-
രണ്ടു വർഷം -25000/-
Half page
ഒരു വർഷം -10000/-
രണ്ടു വർഷം -17500/-
കോവിഡ് മഹാമാരിമൂലം യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ള ഈ
പശ്ചാത്തലത്തിൽ ക്നാനായ ദീപത്തിലേയ്ക്കുള്ള പരസ്യങ്ങളും,
മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.
E-mail: kna.deepam@gmail.com,
Whats App No. 8547584440
പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി
ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.
Knanayadeepam Bank Details
A/c.No. 57004254154
Chef Editor and Mg. Editor
Knanayadeepam
SBI Chingavanam
IFSC SBIN 0070128
Knanayadeepam
A/c.No. 12990200001178
Federal Bank, Chingavanam.
IFSC. FDRL 0001299
Contact : ഫാ. ജേക്കബ് കല്ലുകുളം, മാനേജിംഗ് എഡിറ്റർ
9447563240, 8547584440

# ഇവിടെയും ഒരുക്കാം വിദേശം!



സുനിൽ ഡി. കുരുവിള

കഴിഞ്ഞ ദിവസം കാനഡയിൽ താമസിക്കുന്ന എന്റെ ഒരു കസിൻ വിളിച്ചു.. വല്ലപ്പോഴും ഒക്കെ വിശേഷങ്ങൾ ഒക്കെ പറയാൻ വിളിക്കാറുണ്ട്.

“അച്ചായന്റെ ഒരു വീഡിയോ കണ്ടപ്പോൾ പെട്ടെന്ന് വിളിക്കണം എന്ന് തോന്നി”.

“നാട്ടിലായിരുന്നപ്പോൾ തോന്നി ഗൾഫിൽ പോയാൽ മെച്ചമാണെന്ന് ഗൾഫിൽ ചെന്നപ്പോൾ തോന്നി കാനഡായിൽ പോകണമെന്ന്”.

“അതിനെന്താ... നല്ലതല്ലേ?

(ആൾക്കു MBA ഒക്കെ ഉണ്ടെങ്കിലും, അവിടെ Pizza ഉണ്ടാക്കുന്ന പണിയാ തല്ക്കാലം) “BP കൂടി രണ്ടു വട്ടം ഹോസ്പിറ്റലിൽ ആയി കഴിഞ്ഞ മാസം”.

“അതെന്തടാ?”

“ജോലി ചെയ്യുമ്പോൾ ഓവന്റെ ചൂട് സഹിക്കാൻ വയ്യ. ഇത് കാരണം BP കൂടി”. “അയ്യോ, കഷ്ടമാണല്ലോ”

“Delivery ക്കും പോകണോ?” “കാശുവേണേൽ എല്ലാം ചെയ്യണം, അച്ചായാ.

“രാവിലെ ജോലിക്കുപോകാൻ വണ്ടി എടുക്കണമെങ്കൽ ഒരു തച്ചു പണി ചെയ്യണം. Shovel കൊണ്ട് Ice എല്ലാം മാറ്റിയിട്ടു വേണം പോകാൻ..”

“Shirt ഉം Jacket ഉം എല്ലാം കൂടി 5 എണ്ണമാ ഇട്ടേക്കുന്നെ! അഞ്ചുമിനിറ്റ് ഗ്ലൗസ് ഇല്ലാതെ നിന്നാൽ കൈ മരവിച്ചു ഇടപാട് തീരും.”

പ്രവാസം ഒന്നും ശരിക്കും ഗൾഫിൽ അല്ല, അതൊക്കെ ഇതുപോലുള്ള രാജ്യങ്ങളിലാ... വലിയ ഒറ്റപ്പെടലും.. കഷ്ടപ്പാടുമാ..

പിന്നെ സ്വന്തം തീരുമാനം ആയതുകൊണ്ട് പരാതിയില്ല... സഹിച്ചല്ലേ പറ്റൂ.

(നാട്ടിലുള്ള ഫാമിലിയെ കൊണ്ടുപോകാനായിട്ടു ശ്രമം തുടരുന്നു..)

“രണ്ടു കാര്യം ഇപ്പോൾ എനിക്ക് മനസ്സിലായി അച്ചായാ.”

“അത് എന്തൊക്കെയാ?” ഞാൻ തിരക്കി.

“ഒന്ന് നമ്മുടെ നാടുതന്നെയാ സ്വർഗ്ഗം. രണ്ട് ഇത്രേം പണി നാട്ടിൽ ചെയ്തിരുന്നേൽ ഞാൻ എപ്പോഴേ വലിയ നിലയിൽ എത്തിയേനെ!!!”

പഴയ ഒരു സിനിമയിലെ dialogue ആണ് എനിക്ക് പ്രിയ സഹോദരന്റെ വാക്കുകൾ കേട്ടപ്പോൾ ഓർമ്മ വന്നത്.

“ഈ ബുദ്ധി എന്താ നമുക്ക് ആദ്യമേ തോന്നാതിരുന്നത് ദാസാ?”

നമ്മുടെ പിതാക്കന്മാർ രൂപപ്പെടുത്തിയ ഈ മണ്ണ് മഹത്തരമാണ്. അതിനെ ഏറെ ഉന്നതവും ഐശ്വര്യവുമായി കാത്തു പരിപാലിച്ചാൽ നമ്മുടെ കുഞ്ഞുങ്ങൾക്കെങ്കിലും ഇവിടെ അഭിമാനത്തോടെ ജീവിക്കുവാൻ കഴിയും!

വിദേശ രാജ്യങ്ങളെ എന്നും ആശ്രയിക്കാൻ കഴിയുമോ? മാറിവരുന്ന രാഷ്ട്രിയ- മതസമവാക്യങ്ങൾ കാലാവസ്ഥ വ്യതിയാനങ്ങൾ സാമ്പത്തിക സാഹചര്യങ്ങൾ ശാസ്ത്രസാങ്കേതിക വളർച്ചയൊക്കെ എങ്ങനെയാണ് നാളെ ലോക രാജ്യങ്ങളെയൊക്കെ ബാധിക്കുക എന്നൊന്നും ആർക്കും ഒരു നിശ്ചയവുമില്ല. കോവിഡു പോലും എന്തെല്ലാം മാറ്റങ്ങളാണ് ലോകക്രമത്തിൽ വരുത്തിയിരിക്കുന്നത്.

കേരളത്തിന് അനുയോജ്യമായ ഒരു പുരോഗതി കൊണ്ടുവരാൻ നമുക്കോരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്. ഇവിടുത്തെ രാഷ്ട്രീയം രൂപാന്തരപ്പെടണം. വിദ്യാഭ്യാസത്തിൽ സാമൂഹിക കാഴ്ചപ്പാടിൽ ഒക്കെ വലിയ നവീകരണം ആവശ്യമാണ്. അദ്ധ്വാനിക്കാനും അതിൽ അഭിമാനിക്കാനും കഴിയുന്നൊരു തലമുറ രൂപം കൊള്ളട്ടെ. കേരളത്തിന്റെ പരിസ്ഥിതിയെയും സംസ്ക്കാരത്തെയും തനിമയെയും ഒക്കെ നഷ്ടപ്പെടുത്താതെ അതെല്ലാം തന്നെ ലോക രാജ്യങ്ങളെ ഇങ്ങോട്ടു ആകർഷിക്കാൻ കഴിയുന്ന ഘടകങ്ങൾ ആക്കാൻ കഴിയണം.

ടൂറിസം, ഹെൽത്ത് കെയർ, ആയുർവേദം, spirituality, കല, ഭക്ഷണം, പ്രകൃതി, IT, വിദ്യാഭ്യാസം ഒക്കെ കേരളത്തിൽ നന്നായി വളർത്തിക്കൊണ്ടുവരാനും ലോക രാജ്യങ്ങളെ സ്വാധീനിക്കാനും കഴിയുന്ന വിഭവങ്ങളാണ്.

മലയാളി വിദേശത്തു പോകട്ടെ. ലോകം മുഴുവൻ അവൻ കീഴടക്കട്ടെ. അതിൽ അഭിമാനമേയുള്ളൂ. ഒപ്പം ഒരു ‘കരുതലായി’ നമ്മുടെ ഈ നാടിനെയും രൂപാന്തരപ്പെടുത്തി മികവോടെ നിലനിർത്താം. എന്നെങ്കിലും ഒരിക്കൽ ലോകം മുഴുവനും നമ്മളെ കൈവിട്ടാലും ഇവിടെ നിന്ന് ആരും നമ്മളെ പടിയിറക്കില്ല. സ്വന്തം നാടിനെ അന്യനാടിന്റെ ഇന്നിന്റെ ‘പളപളപ്പ്’ കണ്ടു അവഗണിച്ചാൽ ഒരു പക്ഷെ നാളെ വലിയ വില കൊടുക്കേണ്ടി വന്നേക്കാം.

മയക്കുമരുന്നും അക്രമവും മൂല്യച്യുതിയും അഴിമതിയും വർഗീയതയും ഒക്കെ മുമ്പെങ്ങും ഇല്ലാത്തവിധം നാട്ടിൽ തല പൊക്കുന്നു. പരിസ്ഥിതി ചൂഷണം ‘real estate’ അല്ല un estate ആണ് എന്ന് തിരിച്ചറിയാം.!

കുടുംബങ്ങളിൽ നിന്നാണ് ഒരു തിരിച്ചു വരവ് ആരംഭിക്കേണ്ടത്. എല്ലാ കുടുംബങ്ങളും മാനവവിഭവശേഷിയെ അതിന്റെ ഏറ്റവും അർത്ഥവത്തായ തലങ്ങളിലേയ്ക്ക് ഉയർത്തേണ്ടതുണ്ട്. അദ്ധ്വാനം ശീലമാക്കണം. Dignity of Labour ഒരു അടിസ്ഥാന മൂല്യമായി മാറണം. ഓരോ കുടുംബവും ഒരു സാംസ്കാരിക കേന്ദ്രമാകണം.

കുടുംബങ്ങളിലേക്കു ആരാധനാലയം കടന്നു ചെല്ലണം. കാരണം കുടുംബമില്ലെങ്കിൽ പിന്നെ ഒന്നുമില്ല, തിരിച്ചറിയാം. നമ്മുടെ ദേശത്തു തന്നെ നമ്മുടെ ജനതയെ നിലനിർത്താനുള്ള പ്രവർത്തനവും പ്രോത്സാഹനവും ഉണ്ടാവേണ്ടതിന്റെ ഏറ്റവും വലിയ ആവശ്യം നമ്മുടെ സംസ്ക്കാരത്തെയും ജീവിത മൂല്യങ്ങളെയും ‘Protect’ ചെയ്യുക എന്ന ലക്ഷ്യത്തോടും കൂടിയാവണം! വിദേശത്തേയ്ക്ക് പോകുന്നവർ മറ്റു സംസ്ക്കാരങ്ങളിലേക്കും ജീവിത മൂല്യങ്ങളിലേയ്ക്കും കൂടി

യാണ് ചേക്കേറുന്നത്, ഓർക്കാം.

''ദേശത്തു പാർത്തു വിശ്വസ്തത ആചരിക്കാൻ'' പ്രോത്സാഹിപ്പിക്കാം.

നാടിന്റെ പുരോഗതിക്കു നല്ല റോഡും ഭൗതീക സൗകര്യങ്ങളും മാത്രം പോരാ; അച്ചടക്കവും മികച്ച സേവനവും ക്രമസമാധാന നിലവാരവും വൃത്തിയും മര്യാദയും ഒക്കെ ഉയർത്തി നിർത്തേണ്ടതുണ്ട്.

നമ്മുടെ വിദ്യാഭ്യാസവും അതിനു ചെരുംവിധം നവീകരിക്കപ്പെടണം. ലോക രാജ്യങ്ങളിലെ നല്ല മാതൃകകൾ നമുക്കും ഉൾകൊള്ളാം. തിരുത്തേണ്ടത് തിരുത്താം. "ജ്ഞാനംകൊണ്ട് നമ്മുടെ സമൂഹം പണിയാം"!

ഇനി Artificial Intelligence ന്റെ ഒക്കെ കാലമാണ്. നല്ല മാനുഷീക അനുഭവങ്ങൾക്ക്- നന്മക്കു- സേവനങ്ങൾക്ക് ഒക്കെ സ്വഭാവികമായും വില കൂടും. Machine നുകളെക്കാളും നന്നായി പ്രവർത്തിക്കാൻ കഴിഞ്ഞാലേ മനുഷ്യന് ഭാവിയുള്ളു. നല്ല മനുഷ്യൻ എന്ന ലക്ഷ്യം ഏറ്റെടുക്കാം.

"മനുഷ്യനെ പിടിക്കുന്ന പ്രവർത്തനം പുനരാംരംഭിക്കാം!

പുരോഗതിയും നന്മയും അഭിവൃദ്ധിയുള്ള മാനവരാശിക്കായി നിക്ഷേപിക്കാം!

ഇവടെയും എല്ലാം ദൈവത്താൽ സാധ്യമാണ്!

ദൈവം എല്ലാവരെയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ!!!

*(സുനിൽ ഡി കുരുവിള*
*പ്രമുഖ മാനവശേഷി വികസന പരിശീലകനും,*
*കരിയർ കൗൺസിലറും,*
*ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും ആണ്.*
*Ph. 919656144712,*
*www.insightmission.org)*

# ജീവിതം ഒരു അഭിനയം

**അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്**

കണ്ണടച്ചു തുറക്കുമ്പഴത്തേയ്ക്ക് എല്ലാം കഴിയുന്നു. പറക്കുന്ന പക്ഷിയുടെ മാർഗ്ഗം വായുവിൽ തെളിഞ്ഞു നില്ക്കുന്നില്ല. സമുദ്രത്തിലെ ഓളത്തിൽകൂടി പോകുന്ന കപ്പൽ അതു പോയിക്കഴിയുമ്പോൾ പോയ വഴി തെളിവുകൾ ഒന്നും കാണിക്കുന്നില്ല. ഇതുപോലെതന്നെ നാമും ജനിച്ചു മരിച്ചു നല്ല അടയാളമൊന്നും കാണിപ്പാൻ നമുക്ക് സാധിച്ചില്ല (മഹാജ്ഞാനം 5:13).

നാം ഇവിടെ ജീവിച്ചതിന് തെളിവുകൾ ഒന്നുമില്ലെങ്കിലും നമ്മുടെ പ്രവർത്തികൾ മായാതെ നില്ക്കുന്നു. നമ്മുടെ നന്മ പ്രവർത്തികൾ തലമുറയ്ക്കു കൈമാറുന്ന ഏറ്റവും വില കൂടിയ സമ്പത്താണന്ന് ആരും ചിന്തിക്കാറില്ല നമുക്കു വിലപ്പെട്ടതായിട്ട് തോന്നിക്കുന്നത് നമ്മുടെ വസ്തുവകകളും മുന്തിയ കാറും ബാങ്ക് ബാലൻസുകളുമൊക്കെയാണ്. നമ്മൾ വർഷങ്ങൾ കൊണ്ടു നേടിയെടുത്തു കൈമാറിയതു ദിവസങ്ങൾകൊണ്ടു നശിക്കുന്ന എത്രയോ അനുഭവങ്ങൾ ഇന്ന് കൺമുമ്പിൽ കണ്ടുകൊണ്ടിരിക്കുന്നു. ഓടിക്കിതച്ചു വെട്ടിപ്പിടിച്ചതെല്ലാം വെറുതയാണ്. അതെല്ലാം കൂട്ടി നോക്കുമ്പോൾ പൂജ്യത്തിനു താഴെയാണ്. അധർമ്മികളുടെ പ്രത്യാശ കാറ്റു പാറിക്കുന്ന പൊടി പോലെയും ശക്തിയായ കാറ്റു നീക്കിക്കളയുന്ന പതിരുപോലെയും കാറ്റു പായ്ക്കുന്ന പുക പോലെയുമത്രെ. വഴിയാത്രക്കാരന്റെ ഒരു ദിവസത്തിന്റെ ഓർമ്മപോലെ അതു മാറിപ്പോകും (മഹാജ്ഞാനം 5:5). നമ്മൾ ഓടിച്ചാടി നടക്കുമ്പോൾ ചിന്തിക്കാറില്ല ഒരു ദിവസം ഈ ഓട്ടമെല്ലാം നിർത്തി നിശ്ചലരായി കിടക്കുമെന്ന്. ചിരിച്ചു തകർത്തു സന്തോഷത്തോടെ കഴിയുമ്പോൾ ചിന്തിക്കാറില്ല ഈ സന്തോഷംപോലെ തന്നെ ദു:ഖവും നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമാണെന്ന്. കരയാൻ ഒരു കാലം, ചിരിക്കാൻ ഒരു കാലം (സഭാപ്രസംഗി 3:4).

നാം അറിയാതെ കണ്ണുതുറന്ന് ഈ ലോകത്തിൽ പിറന്നു. വളർന്നു വലുതായപ്പോൾ എല്ലാം നാം മറന്ന് ഉയർന്നു. കരകാണാതെ നാം മറന്ന് മദിച്ചുയർന്നു മതിമറന്നു ജീവിക്കുമ്പോൾ ചിന്തിക്കുന്നില്ല ഇത് ഒരു ഇടത്താവളം മാത്രമാണ്. അടുത്ത ആൾ വരുമ്പോൾ യാതൊരു ദാക്ഷിണ്യവും കിട്ടാതെ ഇറങ്ങി കൊടുക്കേണ്ടവരാണെന്ന്, ജീവിതം ഒരു നാടകം മറ്റുള്ളവരെ കരയിപ്പിച്ചു കൊണ്ട് മാറിക്കൊടുക്കേണ്ടവർ. ഇഹലോകവും മറുലോകവും തമ്മിലുള്ള ദൂരം ഒരു സെക്കന്റുമാത്രം എത്രയോ അപകടങ്ങളാണ് ഒരു സെക്കന്റുകൊണ്ട് ഉണ്ടാവുന്നത്. അത്രയും നേരം സന്തോഷംകൊണ്ട് ആർത്ത് അട്ടഹസിക്കുന്നവർ, ഒരു സെക്കന്റുകൊണ്ടു എല്ലാം തീരുന്നു. ഇവിടെ ജീവിച്ചവർ തിരിച്ചു വരാത്ത ലോകത്തിലേക്കു യാത്ര പോയിരിക്കുന്നു. കത്തോലിക്കരുടെ കുർബ്ബാനയിൽ ഒടുവിൽ പറയും ഇനി ഒരു ബലി അർപ്പിക്കുവാൻ ഞാൻ വരുമോ ഇല്ലയോ എന്നറിഞ്ഞുകുടാ- ഈ നാടകവേദിയിലോട്ട് എന്നെ വിട്ടവൻ എന്റെ റോളു കഴിയുമ്പോൾ തിരികെ വിളിക്കും. മനുഷ്യമക്കളെ തിരികെ വരുവീൻ എന്നും അരുളിചയ്യുന്നു (സങ്കീ.90:3).

അമ്മതൻ ഉദരത്തിൽ അണുവായ് പിറന്ന് അറിയാതീവേഷത്തിൽ രംഗത്തു വന്നു. നടനായ് നടിയായി നടിച്ചു നിൻ നാടകം തീർന്നാൽ നരകമോ സ്വർഗ്ഗമോ എന്തു കിട്ടും. അയച്ചവൻ തിരിച്ചു വിളിച്ചാൽ തിരിഞ്ഞു നോക്കാതെ നീ തിരിച്ചു ചെല്ലണം, പണവും പ്രതാപവും നേടിയെടുക്കാൻ പണിപ്പെട്ട് ഈ ജന്മം പാഴാക്കി അവസാനമെല്ലാം ഒരു നിമിഷം കൊണ്ട് ആറടി മണ്ണിൽ തിരികെ ചേരും. വന്നപ്പോഴും ഒന്നും ഇല്ലായിരുന്നു പോകുമ്പോഴും ഒന്നുമില്ല. എത്ര ദു:ഖകരമായ അവസ്ഥ. നമുക്ക് ഈ ഭൂമി വിടുമ്പോൾ സന്തോഷത്തോടെ പോകണമെങ്കിൽ നമ്മുടെ ആത്മാവിന് ഒരുക്കം വേണമല്ലോ. ഞാൻ ഇവിടെ നേടിയതെല്ലാം ദൈവത്തിന്റെ വകയാണെന്നും സ്വന്തമായിട്ട് ഒന്നുമില്ലെന്നും നമുക്കു പ്രതീക്ഷിയ്ക്കാവുന്നത് നല്ലൊരു വിടവാങ്ങൽ. അതിനുവേണ്ടി ഒരുങ്ങാം.

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

"സമയം നാലുമണി. ഇന്നത്തെ ഈ സെമിനാർ ഇവിടെ അവസാനിക്കുന്നു. കാപ്പികുടി കഴിഞ്ഞ് വാഗമൺ കാണുന്നതിനുള്ള ചുരുങ്ങിയ സമയം എന്ത് കാണണമെന്നും എവിടെ പോകണമെന്നും ഡോ. ആശിഷിന്റെ അഭിപ്രായം ആരായാം" അച്ചൻ പറഞ്ഞു.

"അച്ചോ ഞങ്ങളെല്ലാവരും പലപ്രാവശ്യം വാഗമണ്ണിൽ വന്നിട്ടുണ്ട്. പ്രത്യേകിച്ച് എവിടെയെങ്കിലും പോകണമെന്ന് ഞങ്ങൾക്കു തോന്നുന്നില്ല. ഞാനൊരു അഭിപ്രായം പറയാം ഇവിടെ ധാരാളം മൊട്ടക്കുന്നുകൾ ഉണ്ട്. അവിടെ കൂടിയിരുന്ന് എന്തെങ്കിലും ഗെയിം കളിക്കാം. എന്തു പറയുന്നു?

ബിനു ചോദിച്ചപ്പോൾ, രേഷ്മ അതിനെ പിൻതാങ്ങി.

"അച്ചോ നമുക്കിടയിലെ അടുപ്പം ഇടവകതലത്തിൽ കുറെക്കൂടി ദൃഢമാകാൻ ബിനുവിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു"

"എല്ലാവർക്കും സമ്മതമെങ്കിൽ ഞാനും സമ്മതിക്കുന്നു. ഗെയിം പ്ലാൻ ചെയ്യുവാൻ ടോണിയെ ചുമതലപ്പെടുത്താം" അച്ചൻ പറഞ്ഞു.

എല്ലാവരും കൈയ്യടിച്ചു.

"കൊള്ളാം അതും എന്റെ തലയിൽ".

ടോണി പറഞ്ഞു.

"കൊള്ളാവുന്നവനെ വേണ്ടേ ഇതൊക്കെ ഏല്പിക്കാൻ".

ജോജോ കമന്റടിച്ചു. എല്ലാവരും അടുത്തുള്ള മൊട്ടക്കുന്നിലേക്കു പോയി.

എന്റർടെയിൻമെന്റ് പ്രോഗ്രാമൊക്കെ കഴിഞ്ഞ് കൃത്യം 6 മണിക്ക് ബസ്സിൽ കയറി. ബസ് പുറപ്പെട്ട ഉടനെ അച്ചൻ സന്ധ്യാപ്രാർത്ഥന ആരംഭിച്ചു. പാട്ടും പ്രാർത്ഥനയും ധ്യാനവുമൊക്കെ കഴിഞ്ഞ് ദൈവത്തിന് നന്ദി അർപ്പിച്ച് പ്രാർത്ഥന അവസാനിപ്പിച്ചു.

"അച്ചോ വിശക്കുന്നു". പിന്നിൽ നിന്ന് ടോണിയുടെ ശബ്ദം ഉയർന്നു.

"അച്ചോ, പ്രാർത്ഥന കഴിഞ്ഞാൽ ഉടനെ അത്താഴം എന്നാണ് പതിവ്".

"കൊള്ളാം നല്ല പതിവ്. ഏതായാലും 8 മണി ആകുമ്പോൾ ഒരു ഹോട്ടലിന്റെ മുൻപിൽ വണ്ടി നിൽക്കും. എല്ലാവർക്കും അത്താഴം കഴിക്കാം. 9 മണിക്ക് വണ്ടി വിട്ടാൽ പിന്നെ പള്ളിമുറ്റത്തെ വണ്ടി നിർത്തുകയുള്ളൂ അച്ചൻ പറഞ്ഞു.

പ്രോഗ്രാമനുസരിച്ചു തന്നെ കാര്യങ്ങളൊക്കെ നീങ്ങി. ഭക്ഷണം കഴിഞ്ഞ് എല്ലാവരും ബസ്സിൽ കയറി. 9 മണിക്ക് ബസ് വിട്ടു.

"അച്ചോ പേരന്റിംഗ് ക്ലാസ്സിന്റെ തുടർച്ച എപ്പോഴാണ്"? രജനി ചോദിച്ചു

"ഒക്ടോബർ 2 ഗാന്ധിജയന്തി അല്ലെ. അന്ന് നടത്തിയാലോ"? ജോജോ അഭിപ്രായപ്പെട്ടു.

"പ്രൈവറ്റിൽ ജോലി ചെയ്യുന്നവർ ഒരു അവധിയെടുക്കാമെങ്കിൽ OK". അച്ചൻ പറഞ്ഞു.

ബസ് പള്ളിമുറ്റത്തെത്തി. എല്ലാവരും ഗുഡ് നൈറ്റ് പറഞ്ഞ് പിരിഞ്ഞു.

"അങ്ങനെ ഒക്ടോബർ 2 എത്തി. എല്ലാവരും രാവിലെ തന്നെ പള്ളിയിൽ എത്തി. അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്ത് സംസാരിച്ചു തുടങ്ങി"

നല്ല മാതാപിതാക്കളാകാൻ എന്തു ചെയ്യണം?

അച്ചൻ ഒരു ചോദ്യം ഉന്നയിച്ചു.

ഗർഭാവസ്ഥ മുതൽ എല്ലാ ഭാര്യാഭർത്താക്കന്മാരും ചോദിക്കുന്ന ചോദ്യമാണ്. "നല്ല മാതാപിതാക്കളാകാൻ എന്തു ചെയ്യണം"? ഇന്നുവരെ കൃത്യമായ ഒരു ഉത്തരം ആരെങ്കിലും കൊടുത്തിട്ടുണ്ടെന്ന് കരുതുന്നില്ല. ഈ ചോദ്യം എല്ലാക്കാലത്തും മാതാപിതാക്കൾ സ്വയം ചോദിച്ചുകൊണ്ടിരിക്കും. പക്വതയും ആത്മവിശ്വസവും സ്വയം പര്യാപ്തതയും അച്ചടക്കവും ആത്മനിയന്ത്രണവും മക്കൾ കൈവരിക്കുവാൻ നല്ല മാതാപിതാക്കൾ എല്ലാക്കാലവും യത്നിച്ചുകൊണ്ടിരിക്കണം.

ജീവിതവിജയം കൈവരിച്ചിട്ടുള്ള മാതാപിതാക്കളുടെ എല്ലാ മക്കളും ജീവിത വിജയം കൈവരിക്കണമെന്നില്ല. അപ്രകാരം ജീവിതത്തിൽ പരാജയത്തിന്റെ കൈപ്പുനീർ കുടി

ച്ചിട്ടുള്ള മാതാപിതാക്കളുടെ മക്കൾ ജീവിതത്തിൽ പരാജയപ്പെടണമെന്നുമില്ല. നല്ല മാതാപിതാക്കളാകുവാൻ നാം ശ്രമിച്ചുകൊണ്ടേയിരിക്കണം. ഓരോ കുട്ടിക്കും വേണ്ടി സ്വയം സമർപ്പിക്കുന്ന മാതാപിതാക്കൾ മികച്ച കുടുംബത്തിന് അടിത്തറ പാകുന്നു. ഈ അർപ്പണ ബോധമാണ് മികച്ച രക്ഷകർത്താക്കളെ സൃഷ്ടിക്കുന്നത്. അനന്തമായ ലോകത്തിന്റെ അത്ഭുതങ്ങൾ കാട്ടിക്കൊടുക്കുവാൻ നല്ല മാതാപിതാക്കൾക്കു സാധിക്കുന്നു.

രക്ഷകർത്താവിന്റെ മാതൃകാപരമായ ജീവിതം കുട്ടികളെ സ്വാധീനിക്കുന്നു. മാതാപിതാക്കളുടെ സത്യസന്ധതയും നിശ്ചയദാർഢ്യവും വിശ്വസ്ഥതയും കുട്ടികളുടെ formation-ന് സഹായകമാകുന്നു. മാതാപിതാക്കൾ വാക്കുപാലിക്കുന്നവരും ഉറച്ച മനോഭാവമുള്ളവരും ഉപദേശങ്ങൾ സ്വന്തജീവിതത്തിൽ നടപ്പാക്കുന്നവരും ആദർശധീരരും സ്നേഹസമ്പന്നരുമെങ്കിൽ യാതൊരു സംശയവും കൂടാതെ പറയുവാൻ കഴിയും. അവർ വളർത്തുന്ന മക്കളും അങ്ങനെയുള്ളവരായിരിക്കും. മാതാപിതാക്കൾ മാതൃകാ ജീവിതം നയിക്കുന്നവരാകണം.

കുട്ടികളെ ഉപദേശിക്കുമ്പോൾ അവർക്കു ബോറടിക്കുന്നതായി തോന്നാൻ പാടില്ല. ഉപദേശങ്ങൾ അധികമാകുന്നതും അനവസരത്തിലാകുന്നതും ഉദ്ദേശിക്കുന്ന ഫലം തരാതെ പോകും. പ്രത്യേകിച്ച് കൗമാരപ്രായത്തിലുള്ളവർ ഉപദേശങ്ങൾ ഇഷ്ടപ്പെടുന്നവരല്ല. അവർക്ക് മാതാപിതാക്കളെക്കാൾ പ്രിയപ്പെട്ടതും പ്രധാനപ്പെട്ടതും കൂട്ടുകാരുടെ നിർദ്ദേശങ്ങളാണ്. മുതിർന്ന മക്കളുടെ സ്വകാര്യതയെ മാനിക്കണം. മാതാപിതാക്കൾ ശല്യമായി തോന്നാൻ ഇടയാകരുത്.

ഒരിക്കൽ ഒരു പതിനഞ്ചുവയസ്സുകാരന്റെ പിതാവ് എന്നോട് പറഞ്ഞു.

"അച്ചോ എന്റെ മകൻ ചിലപ്പോൾ വീട്ടിൽ പൊട്ടിത്തെറിച്ച് പിണങ്ങി എഴുന്നേറ്റ് അവന്റെ മുറിയിൽ പോയി കതകടച്ച് കുറ്റിയിട്ടിരിക്കും. അവന്റെ പിന്നാലെ എന്റെ ഭാര്യപോയി കതകിന് മുട്ടും. കൂടുതൽ പ്രാവശ്യം കതകിന് മുട്ടുമ്പോൾ അവൻ കതക് തുറന്ന് പൂർവ്വാധികം ശക്തിയായി ദേഷ്യപ്പെടും".

ഇവിടെ അമ്മയുടെ ഉത്കണ്ഠ മൂലമാണ് അവന്റെ പിന്നാലെ ചെല്ലുന്നത്. അവനെ സമാധാനിപ്പിക്കാൻ ശ്രമിക്കും തോറും അവന് കൂടുതൽ വാശിയാകും. കൗമാരപ്രായത്തിലുള്ള കുട്ടികളുടെ പ്രത്യേകതയാണിത്. അവരെ ശാന്തമായിരിക്കാൻ വിടണം. അവർക്ക് നാം ആ അവസരത്തിൽ ശല്യമായി തോന്നും. കുറച്ചു കഴിയുമ്പോൾ അവർ തനിയെ മടങ്ങിവരും..

ഞാൻ എന്റെ ചെറുപ്പത്തിൽ വാശികാണിക്കുന്നത് ഭക്ഷണം കഴിക്കാതിരുന്നാണ്. എന്തെങ്കിലും കാര്യത്തിന് അനുജനോടോ പെങ്ങന്മാരോടോ വഴക്കുകൂടി അമ്മച്ചിയുടെ കൈയ്യിൽ നിന്നും അടികിട്ടി പിണങ്ങിപ്പോയാൽ വൈകിട്ട് അത്താഴം കഴിക്കാതിരിക്കും. അമ്മച്ചി എത്ര നിർബന്ധിച്ചാലും ഞാൻ കഴിക്കില്ല. അച്ചായൻ എവിടെങ്കിലും പോയി താമസിച്ചു വരുമ്പോഴുള്ള ദിവസങ്ങളിലെ കാര്യമാണിത്. അച്ചായൻ സാധാരണപോലെ ചോദിക്കും.

"പിള്ളാരെല്ലാം ഭക്ഷണം കഴിച്ചോ"?

അമ്മച്ചി പറയും

"മോൻ കഴിച്ചില്ല".

എന്താ കഴിക്കാത്തത്?

"വഴക്കു പിടിച്ചപ്പോൾ ഞാനൊരടി കൊടുത്തു. അതിന്റെ വാശിക്ക് ഭക്ഷണം കഴിക്കാതെ പിണങ്ങി കിടക്കുകയാണ്"

അച്ചായൻ ഒന്നും മിണ്ടാതെ ഞങ്ങളെ ശിക്ഷിക്കാൻ വച്ചിരിക്കുന്ന വടിയെടുത്ത് എന്റെ അരികിൽ വരും.

''എന്താണെടാ കഴിക്കാഞ്ഞത്"?

"എനിക്കു വേണ്ട".

ഒറ്റ ഒരു അടി തരും. ഞാൻ പമ്പരംപോലെ കറങ്ങി കറങ്ങി ഒരു ചാട്ടമാണ്. ചെന്നു നിൽക്കുന്നത് ഭക്ഷണം വിളമ്പിയ പിഞ്ഞാണത്തിനു മുമ്പിൽ ഒരക്ഷരംപോലും പറയാതെ എങ്ങലടിയോടെ മുഴുവൻ ഭക്ഷണവും കഴിച്ചു തീർക്കും. എന്നാൽ ഒരു ദിവസം പണി കിട്ടി. അപ്പോഴാണ് പിണക്കത്തിന്റെ അഭ്യാസം അവസാനിപ്പിച്ചത്. അച്ചായൻ വന്നു വിളിക്കുമെന്നും അപ്പോൾ പോയി കഴിക്കാമെന്നും വിചാരിച്ച് പിണങ്ങി കിടക്കുകയാണ്. പതിവുപോലെ അച്ചായൻ വന്നു അമ്മച്ചിയുമായി സംസാരിച്ചു. അച്ചായൻ എന്നെ വിളിക്കുവാൻ വന്നില്ല. അച്ചായൻ ഭക്ഷണം കഴിഞ്ഞ് അമ്മച്ചി പാത്രം കഴുകുന്ന ശബ്ദം കേട്ടു. അവസാനം ലൈറ്റ് ഓഫ് ചെയ്ത് അവർ രണ്ടുപേരും പോയി കിടന്നു. എനിക്കു വിശന്നിട്ട് വയ്യ. തിരിഞ്ഞും മറിഞ്ഞും കിടന്നുരുണ്ടു. ഗത്യന്തരമില്ലാതെ പൂച്ചയെപ്പോലെ പതുങ്ങി പതുങ്ങി ലൈറ്റ് ഓൺ ചെയ്യാതെ മേശയുടെ അരികിലെത്തി. അമ്മച്ചി ഭക്ഷണം വിളമ്പി മൂടിവച്ചിട്ടുണ്ടായിരുന്നു. പൊരിയുന്ന വയറിന്റെ ആർത്തിയിൽ വേഗം വാരിത്തിന്നു. പെട്ടെന്നാണ് ലൈറ്റ് ഓണായത്. ചമ്മലോടെ നോക്കിയപ്പോൾ അച്ചായനും അമ്മച്ചിയും ചിരിച്ചുകൊണ്ട് നിൽക്കുന്നു. അച്ചായൻ പറഞ്ഞു:

"പതിനഞ്ച് വയസ്സുകഴിഞ്ഞു. ഊപ്പപിള്ളാരെപ്പോലെ പിണങ്ങി കഴിക്കാതെ കിടന്നാൽ ഞങ്ങൾ വിളിക്കാൻ വരില്ല. വിശന്ന് കിടക്കേണ്ടി വരും". പിന്നീട് ആ അഭ്യാസം കാട്ടിയില്ല.

ഒരു കൂട്ടച്ചിരി ഉയർന്നു.

"അച്ചന്റെ കൈയ്യിലും നമ്പർ ഒക്കെയുണ്ടല്ലെ". ടോണിയുടെ കമന്റ്.

കുട്ടികളെ ശരിയായ രീതിയിൽ മനസ്സിലാക്കുകയും അവർക്ക് ആവശ്യമായിരിക്കുന്ന പ്രബോധനങ്ങൾ യഥാസമയം കൊടുക്കുകയും വേണം. അതിന് Proper Communication അഥവാ ശരിയായ ആശയ വിനിമയം കുട്ടികളുമായിട്ടുണ്ടായിരിക്കണം. പരുക്കൻ പദപ്രയോഗങ്ങളോ ശാപവാക്കുകളോ ഉപയോഗിക്കരുത്. സൗമൃതയോടും ബഹുമാനത്തോടും സംസാരിക്കണം. ശപിക്കരുത്. അനുഗ്രഹിച്ച് സംസാരിക്കണം.

"എന്റെ അച്ചോ എന്റെ ഭാര്യ മക്കളോട് പറയുന്നത് കേട്ടാൽ ഞാൻ തന്നെ ഞെട്ടിത്തരിച്ചുപോകും. കൊന്നുകുഴിച്ചുമൂടുമെന്നും, വെട്ടിക്കണ്ടിച്ച് കണ്ടത്തിലെറിയുമെന്നും. പറഞ്ഞാൽ അനുസരിച്ചില്ലെങ്കിൽ പച്ചവെള്ളം തരികയില്ലെന്നുമൊക്കെ പറഞ്ഞുകളയും. ഒരു പെറ്റതള്ള പറയാൻ പറ്റുന്നതാണോ. അച്ചോ പിള്ളാരെ തല്ലാൻ കഴിയാത്തതിന് ദേഷ്യം അടക്കാൻ പറയുന്നതാണിവ. പച്ചവെള്ളം തരികയില്ലെന്നു പറയുന്ന അവൾ കുഞ്ഞുങ്ങൾ കഴിക്കാതിരുന്നാൽ ചങ്കുപൊട്ടിക്കരയുന്നവളാണ്. ഈ പറച്ചിലാണ് സഹിക്കാൻ പറ്റാത്തത്".

ജിജിമോൻ വളരെ സരസമായിട്ട് പറഞ്ഞപ്പോൾ ഭാര്യ സിനി നാണിച്ചു തലകുമ്പിട്ടു. എല്ലാവരും കൂട്ടച്ചിരി. അച്ചൻ ഇടയ്ക്കു കയറി.

സിനിക്കുതന്നെ അറിയാം ഇവയെല്ലാം കേവലം വികാരപ്രകടനം മാത്രമെന്ന്. കുഞ്ഞുങ്ങളെ തല്ലിനോവിക്കാൻ പറ്റാത്ത സിനി എങ്ങനെയാണ് തല്ലിക്കൊല്ലുന്നത്. ഇങ്ങനെ പറയുന്നതിന് ഒരു അപകടം ഉണ്ട്. കുട്ടികൾ ഇതിനെ മുഖവിലയ്ക്കുപോലും എടുക്കുകയില്ല. എന്നാൽ വേറെ ഒരു കൂട്ടർ ഉണ്ട് മക്കളെ ശപിക്കുന്നവർ. വികാരം നിയന്ത്രിക്കാൻ കഴിയാതെ വരുമ്പോൾ തന്റെ സ്വന്തം മക്കളാണെന്ന വിചാരം പോലും ഇല്ലാതെ വിവിധ ശാപവാക്കുകൾ ഉപയോഗിക്കുന്ന മാതാപിതാക്കൾ യഥാർത്ഥത്തിൽ ശപിക്കുവാൻ ഉദ്ദേശിച്ചു പറയുന്നതല്ല എങ്കിൽ പോലും ഒരു നെഗറ്റീവ് അവിടെ സൃഷ്ടിക്കപ്പെടും. അത് കുട്ടികളുടെ വ്യക്തിത്വ രൂപീകരണത്തിന് ദോഷമായി ഭവിക്കും. (തുടരും)

# ക്നാനായത്വം ഉറവിടം തേടി ഒന്നാം നൂറ്റാണ്ടിലേക്ക്

ജോബിൻ, പാലക്കുടിയിൽ

എ.ഡി. 345-ൽ വണിക് ശ്രേഷ്ഠനായ ക്നായിതൊമ്മന്റെ നേതൃത്വത്തിൽ എഡേസ്സായിലെ ഉറഹായിൽ നിന്നും മലങ്കരയിലേക്ക് കുടിയേറിപ്പാർത്ത യഹൂദ ക്രിസ്ത്യാനികളാണ് ക്നാനായക്കാർ എന്നും അന്നു മുതൽ ഉള്ള Endogamy (സ്വവംശ വിവാഹം) ആണ് നമ്മൾ കഴിഞ്ഞ 16 നൂറ്റാണ്ടുകളായി പിന്തുടരുന്നത് എന്നുമുള്ള തെറ്റിദ്ധാരണയാണ് നമുക്കിടയിൽപോലും ഇപ്പോഴും ഉള്ളത്. എന്നാൽ ഒന്നാം നൂറ്റാണ്ടിൽ ദൈവപുത്രനായ മിശിഹായുടെ സുവിശേഷം കേട്ട് തോറയും ഉറീമും തുമീമും നിലനിർത്തിക്കൊണ്ട് യേശുവിനെ മിശിഹായും ദൈവവുമായി അംഗീകരിച്ച യഹൂദന്മാർ ക്രിസ്ത്യാനികളായവരാണ് നമ്മൾ ക്നാനായക്കാർ. അന്നും ഇന്നും യെറുശലേം ദേവാലയം ഒരു സിനഗോഗ് തന്നെയാണ്.

നമ്മുടെ കർത്താവ് യേശു മിശിഹായുടെ മനുഷ്യാവതാര ദൗത്യത്തിൽ അവന്റെ സുവിശേഷം കേട്ട് 80% യഹൂദന്മാരും മാനസാന്തരപ്പെട്ടു ക്രിസ്തുവിന്റെ അനുയായികൾ - യഹൂദ ക്രിസ്ത്യാനികൾ ആയി പരിവർത്തനം ചെയ്തിരുന്നു. ക്രിസ്തുവിനെ ക്രൂശിച്ചത് റോമാക്കാരാണ്. യഹൂദാ ശാസ്ത്രിമാരും പരീശന്മാരും മഹാപുരോഹിതന്മാരും അവരുടെ ചൊല്പടിക്ക് നിൽക്കുന്ന ബാക്കിയുള്ള 20% യഹൂദന്മാരുമാണ് ബറബ്ബാസിനെ വിട്ടുതരിക യേശുവിനെ ക്രൂശിക്കുക എന്ന് ആർത്തട്ടഹസിച്ചത്. ക്രൂശിക്കാൻ ഉത്തരവിട്ട പൊന്തിയോസ് പീലാത്തോസ്പോലും ഒരു യഹൂദൻ അല്ലായിരുന്നു. അയാൾ സിയൂസ്, ഹെർകുലീസ് തുടങ്ങിയ ദേവന്മാരെ ആരാധിക്കുന്ന ഒരു റോമൻ പൗരൻ ആയിരുന്നു.

ദൈവപുത്രൻ ആയ മിശിഹായുടെ നിർമ്മല സുവിശേഷം കേട്ട് മാനസാന്തരപ്പെട്ട യഹൂദ ക്രിസ്ത്യാനികൾ 3 വിഭാഗം ഉണ്ടായിരുന്നു Ebionites, Knanites, Nazarenes. ഇതിൽ സ്വവംശ വിവാഹം യാതൊരു വിട്ടുവീഴ്ചയും ഇല്ലാതെ കൃത്യമായി പാലിച്ചുപോന്നിരുന്ന Knanites എന്ന വിഭാഗത്തിന്റെ പിൻതലമുറക്കാരാണ് നമ്മൾ ക്നാനായക്കാർ. മറിച്ചു എ.ഡി. 345 ലെ സിറിയൻ കുടിയേറ്റം മുതൽ ആരംഭിച്ചതല്ല ക്നാനായത്വം. 4000 വർഷം പഴക്കമുള്ള യഹൂദന്റെയും ഇന്നത്തെ തലമുറയിലെ ക്നാനായക്കാരന്റെയും DNA, Cross Check ചെയ്തു നോക്കിയപ്പോൾ വളരെയേറെ സാമ്യം ഉണ്ടെന്ന് തെളിയിക്കപ്പെട്ടതാണ്. യെറുശലേമിൽ വാണരുളിയിരുന്ന ജ്ഞാനിയായിരുന്ന ശലോമോൻ രാജാവിന്റെ കാലംതൊട്ടേ ഇന്ത്യയും യെറൂശലേമും തമ്മിൽ വാണിജ്യ ബന്ധം ഉണ്ടായിരുന്നു. ശലോമോൻ രാജാവ് യെറുശലേം ദേവാലയം നിർമ്മിക്കുന്നതിനായി അവിടെ ലഭ്യമല്ലായിരുന്ന പല Raw materials ഉം ഇന്ത്യയിൽ നിന്നുമാണ് കൊണ്ടുപോയിട്ടുള്ളത് എന്നത് സംശയാതീതമായ വസ്തുതയാണ്.

ആ കാലഘട്ടം തൊട്ടേ വാണിജ്യ കേന്ദ്രമായ Ancient city കൊടുങ്ങല്ലൂരിൽ (Muziris) യഹൂദന്മാർ താമസിച്ചു കച്ചവടം ചെയ്തു ജീവിച്ചിരുന്നു. പിന്നീട് റോമാക്കാരുടെ അതിഭീകരമായ ആക്രമണം മൂലം എ.ഡി. 70 തോടുകൂടി ഒരു യഹൂദനോ, യഹൂദ ക്രിസ്ത്യാനിയോ യെറുശലേമിൽ അവശേഷിക്കാതെ ലോകമെമ്പാടും ചിതറപ്പെട്ടുപോയി. അങ്ങനെ ഒരു വിഭാഗം ക്നാനായക്കാർ എഡേസ്സായിൽ എത്തുകയും പിന്നീട് എ.ഡി. 345-ൽ മലങ്കരയിൽ കുടിയേറുകയും ചെയ്തു. പിന്നീട് വർഷങ്ങൾക്കു ശേഷം Nazarenes എന്ന മിശ്ര വിവാഹം ചെയ്തുകൊണ്ടിരുന്ന യഹൂദ ക്രിസ്ത്യാനികളും കേരളത്തിൽ എത്തി സ്ഥിരതാമസമാക്കി. എന്നാൽ Ebionites എന്ന യഹൂദ ക്രിസ്ത്യാനികൾ ഒരിക്കലും ഇന്ത്യയിൽ എത്തിയിട്ടില്ല. ക്രിസ്തുവിനെ മിശിഹായായി അംഗീകരിക്കാത്ത, ക്നാനായ കുടിയേറ്റത്തിന് മുമ്പേ ഇവിടെ എത്തിപ്പെട്ട യഹൂദന്മാരും കൊടുങ്ങല്ലൂർ പട്ടണത്തിന്റെ തെക്കു ഭാഗത്തു കച്ചവടം ചെയ്തു ജീവിച്ചിരുന്നു. നമുക്ക് നൽകിയതുപോലെ അവർക്കും ചേരമാൻ പെരുമാൾ രാജാവ് 72 പദവികൾ നൽകിയിരുന്നു. അവർക്കും അവരുടെ കുടിയേറ്റ ചരിത്രം വെളിപ്പെടുത്തുന്ന പുരാതന പാട്ടുകൾ ഉണ്ട്. എന്നാൽ അവരിൽ 90% പേരും ഇസ്രായേലിലേക്ക് തിരിച്ചുപോയി. ഇപ്പോൾ മട്ടാഞ്ചേരിയിൽ വളരെക്കുറച്ചുപേർ മാത്രം ഉണ്ട്.

Nazarenes എന്ന യഹൂദ ക്രിസ്ത്യാനികളെയാണ് നസ്രാണികൾ എന്ന് ആദ്യകാലങ്ങളിൽ വിളിച്ചിരുന്നത്. എന്നാൽ പിന്നീട് കേരളത്തിലുള്ള എല്ലാ ക്രിസ്ത്യാനികളും നസ്രാണികൾ എന്ന് വിളിക്കപ്പെട്ടു തുടങ്ങി. പള്ളിയും പുരോഹിതന്മാരും ഇല്ലാതെ മാർത്തോമാ ശ്ലീഹായാൽ ക്രിസ്ത്യാനികളായ നാട്ടു ക്രിസ്ത്യാനികൾക്ക് ഊർജ്ജവും നവോത്ഥാനവും നൽകിക്കൊണ്ട് നടന്ന ചരിത്ര പ്രസിദ്ധമായ കുടിയേറ്റമാണ് എ.ഡി.345-ലെ Syrian Migration എന്നതാണ് ക്നാനായ കുടിയേറ്റത്തിന്റെ എക്കാലത്തെയും വലിയ പ്രസക്തി.

ക്നായി തൊമ്മൻ ഒരു നവോത്ഥാന നായകൻ തന്നെയായിരുന്നു. എ.ഡി. 345-ൽ ക്നായി തൊമ്മന്റെ നേതൃത്വത്തിൽ നടന്ന ക്നാനായ കുടിയേറ്റമാണ് ഇന്ത്യയിലെ മാർത്തോമൻ ക്രിസ്ത്യാനികൾക്ക് അഡ്രസ് ഉണ്ടാക്കിക്കൊടുത്തത്. എ.ഡി. 345-ലെ സിറിയൻ കുടിയേറ്റത്തിനുശേഷം കുറവിലങ്ങാട് പള്ളി കൂദാശ ചെയ്തത് ഉറഹാ മാർ യൗസേഫ് മെത്രാൻ ആണെന്ന് ഉള്ളതിന് വ്യക്തമായ തെളിവുകൾ ഉള്ളപ്പോൾ ക്നാനായ കുടിയേറ്റം ഒരു തർക്ക വിഷയമേ അല്ല.

NB. ഒന്നാം നൂറ്റാണ്ടിലെ യഹൂദ ക്രിസ്ത്യാനികളായ Knanites വിഭാഗത്തിന്റെ പിൻതലമുറക്കാരാണ് നമ്മൾ ക്നാനായക്കാർ. ഇപ്പോൾ യെറുശലേം നഗരത്തിൽ മാത്രം സ്വവംശ വിവാഹം കർശനമായി പാലിക്കുന്ന ഇരുപതിനായിരത്തിൽ അധികം യഹൂദാ ക്രിസ്ത്യാനികൾ പാർക്കുന്നുണ്ട്.

Reference Guide: Adv. Kuruvilla Thomas Ottathyckal

# ശിശു സ്നാനമോ, മുതിർന്ന സ്നാനമോ ഏതാണു ശരി?




ക്രൈസ്തവ സഭകളിൽ പലപ്പോഴും വലിയ തർക്കത്തിന് വിധേയമാകാറുള്ള ഒരു വിഷയമാണിത്. വി. വേദപുസ്തകപ്രകാരം മുതിർന്നവർക്കു നൽകുന്ന സ്നാനമാണ് ശരി എന്ന് ചില Protestant സഭകളും Cult group കളും പറയുമ്പോൾ പ്രായഭേദമെന്യേ മുതിർന്നവർക്കും ശിശുക്കൾക്കും സ്നാനം നൽകാൻ സാധിക്കും എന്ന് വി.ബൈബിളിന്റേയും സഭാപിതാക്കന്മാരുടെ പഠിപ്പിക്കലിന്റേയും വെളിച്ചത്തിൽ അപ്പോസ്തോലിക സഭകളും പഠിപ്പിക്കുന്നു.

നമ്മുടെ കർത്താവ് തന്റെ പരസ്യ ശുശ്രൂഷയുടെ സമാപനത്തിൽ സ്വർഗ്ഗാരോഹണത്തിനു മുമ്പ് തന്റെ ശിഷ്യന്മാരോട് ഇപ്രകാരം അരുളിചെയ്തു "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻതക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" (മത്തായി 28:19-20). എന്നാൽ വി. മർക്കോസിന്റെ സുവിശേഷത്തിൽ " നിങ്ങൾ ഈ ലോകത്തിലൊക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ, വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" എന്നരുളി ചെയ്തു. ഇതിൽ വി. മത്തായിയുടെ സുവിശേഷപ്രകാരം ആദ്യം സ്നാനവും പിന്നീട് പഠിപ്പിക്കലുമാണെങ്കിൽ വി. മർക്കോസിന്റെ സുവിശേഷപ്രകാരം ആദ്യം വിശ്വാസവും പിന്നീട് സ്നാനവുമാണ്. ഇവയിൽ ഏതാണു ശരി എന്നാണു തർക്കം. ദൈവവചനത്തിന് തെറ്റുപറ്റുക എന്നത് അസാധ്യമാകയാൽ ഇവയിൽ ഒന്നു ശരിയും മറ്റേതു തെറ്റും ആകില്ല. അതുകൊണ്ട് വിശ്വസിച്ചശേഷം സ്നാനം സ്വീകരിച്ചാലും, സ്നാനം സ്വീകരിച്ച ശേഷം വിശ്വസിച്ചാലും മതി. സ്നാനം ഏതു പ്രായത്തിൽ സ്വീകരിക്കുന്നു എന്നതിനേക്കാൾ പ്രാധാന്യം സ്നാനത്തോടൊപ്പം സ്വീകരിച്ച സത്യവിശ്വാസത്തിലും ദൈവാത്മാവിലും ഉറച്ചു നിൽക്കുക എന്നതാണ്.

യേശുതമ്പുരാൻ നിക്കോദിമോസിനോടു പറഞ്ഞു "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല. ജഡത്താൽ ജനിച്ചതു ജഡവും ആത്മാവിനാൽ ജനിച്ചത് ആത്മാവും ആകുന്നു" (യോഹ.3:5-6). ഇതിൽ നിന്ന് ഒരു കാര്യം വളരെ വ്യക്തമാണ്. ഒരുവൻ ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കണം. അപ്പോൾ ദൈവരാജ്യത്തിൽ പ്രവേശിപ്പാനുള്ള ഉപാധിയായി യേശുതമ്പുരാൻ നിശ്ചയിച്ചത് പ്രായപരിധിയല്ല, പ്രത്യുത ജലത്താലും ആത്മാവിനാലുമുള്ള ജനനമാണ്. അതിനാൽ വിശ്വസിച്ചശേഷം സ്നാനം സ്വീകരിക്കുകയോ സ്നാനം സ്വീകരിച്ചശേഷം വിശ്വസിക്കുകയും കർത്താവിന്റെ പഠിപ്പിക്കൽ അനുസരിച്ച് ജീവിക്കുകയും ചെയ്യാം.

സ്നാനത്തിൽ ആരും സ്വയം ജനിക്കുകയല്ല, പ്രത്യുത പരിശുദ്ധാത്മാവിനാൽ ജനിപ്പിക്കപ്പെടുകയാണ്. വി. ബൈബിളിൽ ആരും സ്നാനം സ്വീകരിച്ചതല്ല, ശിഷ്യന്മാരും അവരുടെ പിൻഗാമികളും സ്നാനപ്പെടുത്തുകയാണു ചെയ്തത്. ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് വീണ്ടും ജനിപ്പിക്കുന്നതെങ്കിൽ ജനിപ്പിക്കപ്പെടുന്നവന്റെ അറിവും സമ്മതവുമല്ല പ്രത്യുത വീണ്ടും ജനിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് പ്രധാനം. ഭൂമിയിൽ ആരും അവരുടെ ഇഷ്ടപ്രകാരം ജനിക്കുന്നില്ല. അവരവരുടെ മാതാപിതാക്കളുടേയും സൃഷ്ടിതാവായ ദൈവത്തിന്റെയും ഹിതപ്രകാരമാണു ജനിക്കുന്നത്. സൃഷ്ടിക്ക് ഒരിക്കലും അതിന്റെ സൃഷ്ടിതാവിനെ തിരഞ്ഞെടുക്കാനാവില്ല, എന്നാൽ സൃഷ്ടിതാവിന് തന്റെ സൃഷ്ടിയെ തിരഞ്ഞെടുക്കാൻ സാധിക്കും എന്ന സത്യം നാം മനസ്സിലാക്കണം. നാം ആണ് ദൈവത്തെ തിരഞ്ഞെടുക്കുന്നതെങ്കിൽ നാം വളരണം. നമ്മുടെ ബുദ്ധി വികസിക്കണം. ദൈവമാണ് നമ്മെ തിരഞ്ഞെടുക്കുന്നതെങ്കിൽ നമ്മുടെ ബുദ്ധിക്കും യുക്തിക്കും, അറിവിനും പ്രായത്തിനും ഒന്നും അവിടെ പ്രസക്തിയില്ല.

നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു "നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്ത് നിങ്ങൾ പോയി ഫലം കായിക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കിവച്ചിരിക്കുന്നു (യോഹ.15:16). ദൈവം തിരഞ്ഞെടുത്തതെങ്കിൽ ഇവിടെ ആദ്യം പ്രവർത്തിക്കുന്നതു ദൈവമാണ്. ആ ദൈവത്തിന്റെ തെരഞ്ഞെടുപ്പിനോടുള്ള മനുഷ്യന്റെ പ്രതികരണമാണ് അവന്റെ വിശ്വാസവും പ്രവർത്തിയും. പ്രവാചകനായ യിരമ്യാവോട് ദൈവം അരുളിചെയ്തു "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പ് ഞാൻ നിന്നെ അറിഞ്ഞു. നീ ഗർഭപാത്രത്തിൽ നിന്ന് പുറത്തുവന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ച് ജാതികൾക്ക് പ്രവാചകനായി നിയമിച്ചിരിക്കുന്നു (യിര്യ. 1:5)ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ ക്രിസ്തുവിൽ ദൈവം തെരഞ്ഞെടുത്തു എന്ന് വി. പൗലോസും (എഫേസ്യ 1:4-5) "ഞാൻ പിണ്ഡാകാരമായിരുന്നപ്പോഴേ നിന്റെ കണ്ണ് എന്നെ കണ്ടു, നിയമിക്കപ്പെട്ട നാളുകളിൽ ഒന്നും ഇല്ലാതിരുന്നപ്പോൾ അവയെല്ലാം നിന്റെ പുസ്തകത്തിൽ എഴുതിയിരുന്നു" എന്ന് സങ്കീർത്തനക്കാരനും സാക്ഷ്യപ്പെടുത്തുന്നു (സങ്കീ. 139:16)

പരി. സഭയിൽ ശിശുസ്നാനവും മുതിർന്നവർക്കുള്ള സ്നാനവും നിലനിൽക്കുന്നുണ്ട്. ക്രൈസ്തവരുടെ മക്കൾക്ക് ശിശുപ്രായത്തിലും മറ്റു ജാതികളിൽ നിന്ന് ആരെങ്കിലും ക്രൈസ്തവവിശ്വാസം സ്വീകരിക്കുവാൻ വന്നാൽ അവർ വരുന്ന പ്രായത്തിലും സ്നാനം നൽകുന്നു.

**ശൈശവ പ്രായത്തിൽ സ്നാനം നൽകുന്നതിന്റെ കാരണങ്ങൾ**

(തുടരും)

# കോവിഡാനന്തര ലോകം

Rev.Fr. C.A. Thomas, Chirathalackal

ഏതാണ്ട് 2019 നവംബർ മാസത്തോടുകൂടി ചൈനയിൽ ആരംഭിച്ച ഈ "മഹാമാരി" ലോകത്തെ മുഴുവൻ ഇന്ന് ഭീഷണിയിൽ നിർത്തിയിരിക്കുകയാണ്. കോവിഡെന്ന ഈ മഹാമാരിയിൽ നിന്നും പൂർണ്ണമായ മോചനം ഇന്നും ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ, അതിന്റെ ജനിതക ഘടനയിലെ മാറ്റങ്ങൾ ലോകത്തെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. എങ്കിലും ലോകത്തിലെ പല രാജ്യങ്ങളും ശാന്തതയിലേയ്ക്ക് നീങ്ങുന്നത് ഒരു ശുഭസൂചനയായി കാണാവുന്നാണ്.

ക്രൈസ്തവ സഭയുടെ ചരിത്രത്തിൽ നമ്മുടെ രക്ഷകനായ കർത്താവിന്റെ പുനരുദ്ധാരണത്തിനും, സ്വർഗ്ഗാരോഹണത്തിനും ശേഷം അത്യധികമായ വളർച്ച കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. അപ്പോസ്തോല പ്രവർത്തികൾ 2-ാം അദ്ധ്യായത്തിൽ ഒന്നാം വാക്യം മുതൽ വിശദീകരിക്കുന്ന പരിശുദ്ധ റൂഹായുടെ ആഗമനത്തോടുകൂടി പരി. ശ്ലീഹന്മാർക്കും, ആദിമ ക്രൈസ്തവ സമൂഹത്തിലും ലഭിച്ച ആത്മീക അനുഭവവും, ജീവിത ചൈതന്യവും, അവരുടെ ജീവിതത്തെ തന്നെ മാറ്റി മറിച്ചതായി കാണാവുന്നതാണ്. പ.പത്രോസ് ശ്ലീഹായുടെ ഒറ്റ ദിവസത്തെ പ്രസംഗത്തിൽ 3000 ആളുകൾ സഭയിൽ ചേരുവാൻ സ്നാനം ഏൽക്കുവാനും, കർത്താവിനെ ധരിക്കുവാനും ഇടയായ സംഭവം അപ്പോസ്തോല പ്രവർത്തികൾ 2-ാം അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. ഇങ്ങനെ മാറ്റങ്ങളുടെ ഒരനുഭവം മനുഷ്യ സമൂഹത്തിനു ലഭിച്ചപ്പോഴാണ് യഹൂദാ മതത്തിൽ വിശ്വസിച്ചവരും, ജാതീയ വിശ്വാസം പുലർത്തിയവരും ആയവർ ലോകരക്ഷകനായ യേശുക്രിസ്തുവിൽ വിശ്വസിക്കുവാൻ ഇടയായിത്തീർന്നത്. ഇതുപോലെ 2019 നവംബറിനുശേഷം ലോകത്തുള്ള എല്ലാ രാജ്യങ്ങളിലും ഈ മഹാമാരി പടർന്നു പിടിച്ചപ്പോൾ ജനം ദൈവത്തിങ്കലേക്ക് കൂടുതൽ അടുക്കുവാൻ കാരണമായിത്തീർന്നത് മനുഷ്യജീവിതത്തെ തന്നെ ഈ രോഗം ആക്രമിച്ചപ്പോഴാണ്. അനേകരുടെ മരണം നടന്നു കഴിഞ്ഞു. ഒരു ലോകമഹായുദ്ധത്തിൽ മരിക്കുവാനിടയുള്ളതിലധികം ജനം ഇപ്പോൾതന്നെ മരണമടഞ്ഞു കഴിഞ്ഞു. അനേകർ രോഗികളായിത്തീർന്നു, മനുഷ്യ സമൂഹം സാമ്പത്തികമായി തകർച്ചയിലായി, അനേക ലക്ഷങ്ങളുടെ ജോലി നഷ്ടമായി, അവശ്യ സാധനങ്ങളുടെ വിലകൾ ക്രമാതീതമായി വർദ്ധിച്ചു. അങ്ങനെ ജീവിതത്തിന്റെ എല്ലാം തുറകളിലും ഈ മഹാമാരി പ്രതികൂലമായി ബാധിച്ചു.

ആരാധനാ ജീവിതം നമ്മളുടെ ചിന്തകൾക്കതീതമായി കർശന നിയന്ത്രണത്തിലായി. ദൈവാലയങ്ങൾ അടഞ്ഞു കിടന്നു. ക്രിസ്തീയ പ്രവർത്തന മണ്ഡലങ്ങളിലൊക്കെയും തളർച്ച അനുഭവപ്പെട്ടു. പഴയ ലോകക്രമവും, ജീവിത കാഴ്ചപ്പാടുകളും മാറുന്ന ഒരു സാഹചര്യം സംജാതമായിത്തീർന്നു. മാറിയ ഈ സാഹചര്യങ്ങളെ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ക്രൈസ്തവ സമൂഹവും, സഭകളും, രാഷ്ട്രീയ പാർട്ടികളും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടത് ഇന്നിന്റെ സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണ്. ജീവിതത്തിന്റെ പുതിയ അനുഭവങ്ങൾ പരസ്പരം പങ്കുവെച്ചുകൊണ്ട് പുതിയ ഒരു ജീവിതക്രമം കെട്ടിപ്പടുക്കപ്പെട്ടാൽ മാത്രമേ, ആത്മീയ, സാമ്പത്തിക മേഖലകളിൽ നഷ്ടപ്പെട്ട ചൈതന്യം പുന:സ്ഥാപിക്കുവാൻ സാധിക്കുകയുള്ളു. ഇടവകതലം മുതൽ പുതിയ ക്രമീകരണങ്ങൾ നടപ്പാക്കികൊണ്ട്, കഷ്ടത അനുഭവിക്കുന്ന ജനവിഭാഗത്തിന് കൈതാങ്ങലായി ഓരോ സമൂഹവും മാറി. ആദിമ സഭഎങ്ങനെ ആയിരുന്നുവോ, അപ്രകാരം പ്രവർത്തിക്കുവാൻ സാധിച്ചാൽ മാത്രമേ ക്രിസ്തീയ ദർശനം പൂർണ്ണമാകൂ. ചൈതന്യ പൂർണ്ണമായ ഒരു കോവിഡാനന്തര പുതുയുഗത്തിനായി നമ്മൾക്ക് നമ്മെ തന്നെയും, സമൂഹത്തെയും ഒരുക്കാം. അതിനായി പ്രാർത്ഥിക്കുവാനും, പ്രവർത്തിക്കുവാനും ഏവർക്കും സാധിക്കട്ടെ.

# ദശാംശം

പി.റ്റി സാറാമ്മ, തുണ്ടിയിൽ പുത്തൻവീട്, ഓതറ

ലേവ്യ. 27:30 ൽ ഇപ്രകാരം പറയുന്നു 'നിലത്തിലെ വിത്തിലും വൃക്ഷത്തിന്റെ ഫലത്തിലും ദേശത്തിലെ ദശാംശം ഒക്കെയും യഹോവയ്ക്ക് ഉള്ളതാകുന്നു അത് യഹോവയ്ക്കു വിശുദ്ധം. ദശാംശത്തിൽ ഏതാനും വീണ്ടെടുക്കുന്നുവെങ്കിൽ അതിനോട് അഞ്ചിലൊന്ന് ചേർത്തു കൊടുക്കേണം! വില്യം കോൾഗേറ്റ് വളരെ പ്രസിദ്ധനാണല്ലോ, അദ്ദേഹം ജോലി അന്വേഷിച്ചു നടന്നപ്പോൾ ദൈവഭക്തനായ ഒരു വൃദ്ധനെ കണ്ടുമുട്ടി. അദ്ദേഹം ജീവിതാഭിവൃദ്ധിക്കുതകുന്ന നാലു നിർദ്ദേശങ്ങൾ നല്കി, അതിൽ ഒന്ന് നേടുന്നതിന്റെ എല്ലാം ദശാംശം കൃത്യമായി മാറ്റിവച്ച് ദൈവവേലയ്ക്കോ ജീവകാരുണ്യപ്രവർത്തനങ്ങൾക്കോ നല്കണമെന്നതായിരുന്നു.

ആദ്യം മെഴുകുതിരിയും സോപ്പും ഉണ്ടാക്കുന്ന കുടിൽ വ്യവസായമാണ് ആരംഭിച്ചത്. പിന്നീട് അത് അഭിവൃദ്ധിപ്പെട്ട് ലോകമെങ്ങും വ്യാപിച്ച് ഒരു വലിയ വ്യവസായ ശൃംഖലയായി കോൾഗേറ്റ് വളർന്നു. അവരുടെ ഞെരുങ്ങിയ അവസ്ഥയിലും അഭിവൃദ്ധിയിലും ദശാംശം നല്കുന്ന തത്വം കർശനമായി പാലിച്ചിരുന്നു. ഉല്പ. 28:22 നീ എനിക്കു തരുന്ന സകലത്തിലും ഞാൻ നിനക്ക് ദശാംശം തരും എന്ന് ദൈവത്തോട് യാക്കോബ് പറഞ്ഞു. ആവർത്തനം 12:11 ൽ ദൈവാലയത്തിൽ കൊണ്ടുവരേണ്ട കാര്യങ്ങളിൽ ദശാംശവും ഉൾപ്പെടുത്തിയിരിക്കുന്നു. ആവർത്തനം 14:22 ൽ ഇപ്രകാരം പറയുന്നു. "ആണ്ടുതോറും നിലത്തു വിതച്ചുണ്ടാകുന്ന എല്ലാ വിളവിലും ദശാംശംമാറ്റി വയ്ക്കണം.

ദശാംശം കൊടുക്കാതിരിക്കുന്നത് ദൈവത്തെ അപഹരിക്കുകയാണ്. ദൈവത്തെ അപഹരിക്കുന്നത് ശാപം വലിച്ചു വയ്ക്കുകയാണ്. കർത്താവു പറയുന്നു എന്റെ ആലയത്തിൽ ആഹാരം ഉണ്ടാക്കേണ്ടതിന് നിങ്ങൾ ദശാംശം മുഴുവൻ ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവീൻ. ഞാൻ നിങ്ങൾക്ക് ആകാശത്തിന്റെ കിളിവാതിൽ തുറന്ന് സ്ഥലം പോരാതെ വരുവോളം നിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ (മാലാഖി 3:9-10). ഇതിൽ കൂടുതൽ എന്താണ് നമുക്കുവേണ്ടിയത്?

ഇപ്പോൾ എഴുതിയത് പഴയ നിയമത്തിലെ നിയമം ആണ് എന്നാൽ പുതിയ നിയമത്തിൽ ദശാംശം അല്ല ഓഹരി ആണ് കൊടുക്കേണ്ടത്. ലൂക്കോസ് 21:1 ൽ ധനവാന്മാരും ഒരു ദരിദ്രയായ വിധവയും ഭണ്ഡാരത്തിൽ വഴിപാട് ഇടുന്നതുകണ്ട് കർത്താവ് പറഞ്ഞു ദരിദ്രയായ വിധവ രണ്ടുകാശ് ഇട്ടത് എല്ലാവരേക്കാൾ കൂടുതലാണ് എന്ന്, കാരണം മറ്റുള്ളവർ അവരുടെ സമൃദ്ധിയിൽനിന്നും ഇട്ടു എന്നാൽ വിധവ തനിക്കുള്ള ഉപജീവനം മുഴുവനായി ഇട്ടു. പുതിയ നിയമമനുസരിച്ച് നമ്മുടെ കഴിവുപോലെയാണ് ഇടേണ്ടിയത് അങ്ങനെ ചെയ്യുന്നെങ്കിൽ മാത്രമേ ദൈവാലയത്തിലെ കാര്യങ്ങൾ നടക്കുകയുള്ളു. ഞായറാഴ്ച ഇടുന്ന നേർച്ചകൾ തികയാത്തതുകൊണ്ടാണ് ഇടവകാംഗങ്ങൾക്ക് മാസവരിയും ആണ്ടുവരിയും ഒക്കെ വച്ചിരിക്കുന്നത്. ഇതെല്ലാം നമ്മുടെ ആത്മീകമായ ആവശ്യങ്ങൾക്കാണ് വച്ചിരിക്കുന്നത്. ഇതിൽ ഒക്കെയും നാം നന്നായി സഹകരിക്കണം.




**റവ. ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ,**
**(വികാരി സെന്റ്ജോർജ്ജ് ക്നാനായപള്ളി, വള്ളംകുളം)**

## യൽദോയ്ക്ക് (ക്രിസ്മസ്) മുമ്പുള്ള ഞായർ
## (വി. മത്താ. 1:1 – 17) 19 – 12 – 2021

നമ്മുടെ കർത്താവിന്റെ ജനനത്തിനു മുമ്പുള്ള ഞായറാഴ്ചയിലേക്ക് നാം കടന്നുവന്നിരിക്കുന്നു. ഇന്നത്തെ വചനഭാഗം വായിക്കുമ്പോൾ വെറും നാമങ്ങളുടെ ആവർത്തനം പോലെ തോന്നും. എന്നാൽ നമ്മുടെ ചിന്തയെ ഇതിൽ പതിപ്പിക്കുമ്പോൾ ഇതിന്റെ പ്രാധാന്യവും ആഴവും നമുക്ക് വെളിവാകും. മറിയാമിൽനിന്ന് ജനിക്കുവാൻ പോകുന്നവൻ അനാദ്യന്തൻ ആണെന്ന് ഈ ഞായറാഴ്ചയുടെ സന്ദേശം. അഥവാ പിതാവിൽ നിന്നുള്ള പുത്രന്റെ അനാദിയായ ജനനത്തെ ഇവിടെ സൂചിപ്പിക്കുന്നു.

വംശാവലിയിൽ പേരുകളും തലമുറകളും ഓർക്കപ്പെടുന്നു. നമ്മുടെ കർത്താവിന്റെ വംശപാരമ്പര്യത്തിൽ പരിശുദ്ധന്മാരും, ശുദ്ധിമതികളും, നോമ്പുകാരും, വ്രതക്കാരും, വിലാപക്കാരും, തിരഞ്ഞെടുക്കപ്പെട്ട പിതാക്കന്മാരും, രാജാക്കന്മാരും കാണുന്നതോടൊപ്പം പാപികളും, കുറ്റക്കാരും, കൊലപാതകികളും, ദൈവത്തെ നിന്ദിച്ചവരും, അവിശ്വാസികളും, അക്രമികളും ഒരുപോലെ കാണപ്പെടുന്നു. ഇവരെ എല്ലാവരേയും ഉൾക്കൊള്ളിച്ച് സകലർക്കുംവേണ്ടി ഒരിക്കലായി സംഭവിച്ചതാണ് കർത്താവിന്റെ മനുഷ്യാവതാരം എന്നോർപ്പിക്കുന്നതിനുവേണ്ടിയാണ് ജനനത്തിനു തൊട്ടുമുമ്പുള്ള ഞായറാഴ്ചയിൽ വംശാവലി ചേർത്തിരിക്കുന്നത്.

തലമുറകൾ ആകെ അബ്രഹാം മുതൽ ദാവീദ് വരെ പതിനാലും, ദാവീദ് മുതൽ ബാബേൽ പ്രവാസത്തോളം പതിനാലും, ബാബേൽ പ്രവാസം മുതൽ ക്രിസ്തുവിനോളം പതിനാലും ആകുന്നു.

അബ്രഹാമിന്റെ കാലം തുടങ്ങി വ്യക്തമായ ചരിത്ര രേഖകൾ കാണുന്നുണ്ട്. അനാദിയായ ദൈവത്തിൽ മനുഷ്യചരിത്രം ആരംഭിക്കുന്നു. സൃഷ്ടിയുടെ മകുടം ആയി പരിലസിച്ച ദൈവമനുഷ്യൻ ദൈവത്തിന്റെ പ്രതിഛായ ഉൾക്കൊണ്ടവനായിരുന്നു. വിശ്വാസം മുഖാന്തിരം നീതീകരണം പ്രാപിച്ച അബ്രഹാമിന്റെ ജീവിതം വിശ്വാസികളുടെ പ്രതീകമായി നിലകൊള്ളുന്നു. ഉല്പത്തി പുസ്തകം യൗസേഫിന്റെ മരണം അടിമത്തനാട്ടിൽവച്ച് സംഭവിച്ചത് വിവരിച്ചുകൊണ്ട് അവസാനിക്കുന്നു.

അടിമത്തനാടായ മിസ്രേമിൽ നഷ്ടപ്പെട്ടതെല്ലാം പിന്നീട് വീണ്ടെടുത്ത് തലമുറകൾ കടന്ന് അധികാരത്തിന്റെയും അവകാശത്തിന്റെയും പ്രതീകം ആയ രാജത്വം ഉൾക്കൊണ്ട ഇസ്രായേലിന്റെ മധുര ഗായകനായ ദാവീദ് വംശാവലിയിലെ അറിയപ്പെട്ട ചരിത്ര പുരുഷനായി മാറുന്നു.

അധികാരങ്ങളും അവകാശങ്ങളും രാജത്വവും ദൈവാലയങ്ങളും ആരാധനാ ഭാഗ്യങ്ങളും വീണ്ടും നഷ്ടപ്പെട്ട് ബാബിലോണിലെ അടിമത്വത്തിൽ അകപ്പെട്ട് പഴയ സൗഭാഗ്യങ്ങളെ ഓർത്തു ബാബേൽ നദീതീരത്ത് കരഞ്ഞുകൊണ്ടിരിക്കുന്ന തലമുറവരെ എത്തുന്നു. "ബാബേൽ നദികളുടെ തീരത്ത് ഞങ്ങൾ ഇരുന്നു. സീയോനെ ഓർത്തപ്പോൾ ഞങ്ങൾ കരഞ്ഞു" (സങ്കീ.137:1).

തുടർന്ന് ബാബേലിലെ അടിമത്തത്തിൽനിന്നും രക്ഷപെട്ട് വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും പ്രത്യാശയുടെ ദിനങ്ങൾ ലഭ്യമാകുന്നു. നേതൃത്വത്തിൽ പ്രത്യാശയും ആശ്രയവും വരുവാനുള്ള മ്ശിഹായിൽ സമർപ്പിച്ച് കാത്തിരിക്കുന്നു. സകല ജാതികളും ഒന്നിച്ച് യേശുക്രിസ്തുവിൽ ഒന്നു ചേരുന്നു.

മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ട് താനും അവരെപോലെ ജഡരക്തങ്ങളോടു കൂടിയവനായി" വന്നു (എബ്രായർ 2:14) പിതാവായ ദൈവത്തിന്റെ സന്നിധിയിലേക്ക് കരേറ്റിക്കൊണ്ടിരിക്കുന്ന യേശുക്രിസ്തുവിൽ പരിപൂർണ്ണമായ പ്രത്യാശ നമുക്കുണ്ട്. ആകയാൽ "ഈ നാഴികയിൽ നാം എല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും മേലിൽ പിതാവാം ദൈവത്തിന്റെ വലത്തു ഭാഗത്ത് മ്ശിഹാ തമ്പുരാൻ ഇരിക്കുന്ന ഇടമായ മഹോന്നതങ്ങളിലായിരിക്കണം" എന്ന് വിശുദ്ധ കുർബ്ബാന തക്സായിൽ ധ്യാന നിർഭരമായി ചേർത്തിരിക്കുന്നതിന്റെ സാരാംശവും ഇതു തന്നെ.

മനുഷ്യ ജീവിതം ദൈവത്തിൽ ആരംഭിച്ച് ദൈവ സന്നിധിയിൽ തിരികെ ചെന്നെത്തുന്നു.

## വി. ദൈവമാതാവിന്റെ പുകഴ്ചപെരുന്നാൾ
## ( വി. ലൂക്കോ. 8:16 – 21) 26 – 12 – 2021

പ്രസവത്തിനുശേഷം കുടുംബത്തിലെ സ്നേഹിതർ പ്രസവിച്ച അമ്മയ്ക്ക് സമ്മാനങ്ങൾ കൊണ്ടുവരുന്ന ഒരു പതിവുണ്ടല്ലോ. അമ്മ ലോകത്തിന് ഒരാളെ സമ്മാനിച്ചതിനാലാണ് ഈ സന്തോഷപ്രകടനങ്ങൾ (യോഹ. 16:21). ഇതുകൊണ്ടുതന്നെയാണ് ക്രിസ്തുസഭ ക്രിസ്തുമസിന്റെ രണ്ടാം ദിവസം ദൈവത്തിന്റെ മാതാവും ഭക്തന്മാരുടെ പുകഴ്ചയും എല്ലായ്പ്പോഴും വാഴ്ത്തപ്പെട്ടവളുമായ വി. കന്യകമറിയാമിന്റെ പുകഴ്ചപ്പെരുന്നാൾ ആഘോഷിക്കുന്നത്. ദൈവം തന്നെ ഏറ്റവും വിപുലമായ രീതിയിൽ ബഹുമാനിച്ചവളെ വി. സഭ ബഹുമാനിക്കുന്നത് ഉചിതമാകുന്നു. അവന്റെ പുത്രന്റെ സന്നിധിയിലും ചരിത്രത്തിലെ എല്ലാ മഹാന്മാരുടെ മുമ്പാകെയും ഇവളെ ബഹുമാനിക്കുവാനും പുകഴ്ത്തുവാനും നമുക്ക് സന്തോഷവും കർത്തവ്യവും അവകാശവും ഉണ്ട്.

ഒരു സ്ത്രീയുടെ ഉദരത്തിൽ ദൈവം ഒൻപതുമാസം വസിക്കുന്നതും അവളിൽ ഉത്ഭവിക്കുന്നതും സ്പർശനീയനായി ത്തീരുന്നതും സാധാരണയായിട്ടുള്ളതല്ലല്ലോ. ബഹുമാനം മുഴുവൻ ദൈവത്തിന്റേതാണെങ്കിലും അതിന്റെ പ്രതിഫല നമെങ്കിലും അവളുടേതാണ്. ഇത് ഒരു വലിയ കാര്യമാണ്. ജനമദ്ധ്യേവച്ച് നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളത് എന്നുള്ള ആ സ്ത്രീയുടെ ശബ്ദം ഒരു പ്രവചനം തന്നെയാണ്.

ദാവീദ്പുത്രി, അടച്ചിട്ടിരിക്കുന്ന വാതിൽ, ഹസ്കിയേൽ കണ്ട രഥം, ദിവ്യമുൾപ്പടർപ്പ്, സാക്ഷ്യപ്പെട്ടകം, അഹറോന്റെ തളിർത്ത വടി എന്നീ നാമങ്ങളാലും വേറെ അനവധി നാമങ്ങളാലും വേദഗ്രന്ഥത്തിലെ വചനങ്ങളുടെ അടിസ്ഥാനത്തിലും പരി. മാതാവിനെ വി.സഭ പുകഴ്ത്തുന്നു. എന്നാൽ "എന്റെ കർത്താവിന്റെ അമ്മ" (ലൂക്കോ. 1:43) എന്നുള്ളതാണ് ഏറ്റവും മനോഹരമായിട്ടുള്ളത്. ഈ നാമങ്ങൾ എല്ലാം കൊണ്ടും ദൈവമാതാവ് യോഗ്യതയുള്ളവളാണ്. "ഇന്നു

മുതൽ എല്ലാം തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും" എന്നു പ്രസവിച്ച ആളിനെ ബഹുമാനിക്കുന്നത് ഉചിതം തന്നെയാണ്.

ഈ വചനഭാഗത്ത് ലൂക്കോ. 11:23, "വിളക്കുകൊളുത്തിട്ടു ആരും അതിനെ പാത്രംകൊണ്ടു മൂടുകയോ കട്ടിൽക്കീഴെ വെക്കയോ ചെയ്യാതെ അകത്തു വരുന്നവർ വെളിച്ചം കാണേണ്ടതിനു തണ്ടിന്മേൽ അത്രേ വെക്കുന്നത്". പരി. ദൈവമാതാവായ കന്യകമറിയാമിന്റെ ജീവിതത്തിൽ ഈ വചനങ്ങൾ വളരെ അർത്ഥവത്താണ്. അവളുടെ കന്യാവ്രതംകൊണ്ടും പരിപാകതകൊണ്ടും ആത്മസമർപ്പണം കൊണ്ടും വിനയംകൊണ്ടും സഹിഷ്ണുതകൊണ്ടും വിശുദ്ധികൊണ്ടും ലോകത്തെയും സഭയെയും അവൾ തണ്ടിന്മേൽ ഇരിക്കുന്ന വിളക്കുപോലെ പ്രശോഭിപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാതുറകളിലും പ്രത്യേകിച്ച് സ്ത്രീകളുടെ ഇടയിലും ഉള്ള പ.അമ്മയുടെ സ്വാധീനത്തെ നിഷേധിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ലോകത്തിൽ ജനിച്ച എല്ലാ മഹതികളേക്കാൾ പരി. മാതാവിന്റെ സ്വാധീനശക്തി ശ്രേഷ്ഠവും ഉൽകൃഷ്ടവുമാണ്. അതിനെ ഉൾക്കൊണ്ടു ജീവിക്കുവാൻ നമുക്ക് സാധിക്കണം. എന്നാൽ മഹത്വം എല്ലാം പരി. അമ്മയുടെ സുതനായ നമ്മുടെ കർത്താവിനുള്ളതാണ്.

### ജനനപ്പെരുന്നാളിനുശേഷം ഒന്നാം ഞായർ
### (വി.ലൂക്കോ. 2:40-52) 02-01-2022

ഈ വചനഭാഗത്ത് ജ്ഞാനംകൊണ്ടും കൃപകൊണ്ടും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെയുള്ള ബാലനായ യേശുക്രിസ്തുവിന്റെ വളർച്ചയും, പ്രധാന പെരുന്നാൾ ദിവസങ്ങളിൽ യരുശലേം ദൈവാലയത്തോടും, അതിലെ ആരാധനകളോടും ബന്ധപ്പെട്ടിരിക്കുന്നത് തിരുകുടുബത്തിന്റെ ഒരു സവിശേഷത ആയിരുന്നു എന്നും വ്യക്തമാക്കുന്നു.

കർത്താവായ യേശുമിശിഹായുടെ വളർച്ച എല്ലാ വിധത്തിലുമായിരുന്നു എന്നു നാം ഇവിടെ കാണുന്നു. അതുകൊണ്ട് ആത്മീയ വളർച്ചയുടെ ലക്ഷ്യങ്ങൾ പലതാണ്. കൃപ, ഫലം, ജ്ഞാനം എന്നിവ അതിനുദാഹരണങ്ങളാണ്. ക്രിസ്തു മുഖാന്തിരമുള്ള വളർച്ചയുടെ ലക്ഷ്യങ്ങളും ഇതു തന്നെയാണ്. ഒരു കുട്ടിക്കു വളർച്ചയില്ലെങ്കിൽ അത് അനാരോഗ്യവാനാണെന്നു നാം മനസ്സിലാക്കുന്നു. ക്രിസ്തുവിനോടുകൂടി ജനിച്ചവരായ നാം എപ്പോഴും കൃപയിലും ജ്ഞാനത്തിലും വളരണം (2. പത്രോസ് 3:18). വിശുദ്ധ ജീവിതത്തിലും ആത്മീയ ചിന്തയിലും മനുഷ്യരായ നാം വളരുന്നില്ലെങ്കിൽ ദൈവ ഉദ്ദേശം നിറവേറുന്നില്ല.

കൃഷികളുടെ വളർച്ചക്ക് ക്ഷുദ്രജീവികളും പ്രതികൂല കാലാവസ്ഥയും പലപ്പോഴും തടസ്സങ്ങൾ സഷ്ടിക്കാറുണ്ട്. ഇതുപോലെ ആത്മീയ വളർച്ചയെ തടസ്സപ്പെടുത്തുന്ന പ്രതികൂല സാഹചര്യങ്ങളും നാശകാരികളായ ജീവികളുമുണ്ട്. ജീവിത സാഹചര്യങ്ങൾ, ലോകത്തിന്റെ വ്യാമോഹങ്ങൾ, പരാജയങ്ങൾ മുതലായവ ആത്മീയ വളർച്ചക്കു പ്രതിബന്ധങ്ങളാണ്. ഇങ്ങനെയുള്ള പ്രതിബന്ധങ്ങളെ അതിജീവിക്കുവാൻ ദൈവകൃപയെ ആശ്രയിക്കുക എന്നുള്ളതാണ് കരണീയമായിട്ടുള്ളത്. ദൈവം നല്ല കൃഷിക്കാരനാണ്. തന്റെ കൃഷിയെ നശിപ്പിക്കുന്ന ക്ഷുദ്രജീവികളെ അദ്ദേഹം ഇല്ലാതാക്കും. പരിശ്രമം, ദൈവാശ്രയം, സഹിഷ്ണുത, പ്രാർത്ഥന, നോമ്പ്, കുമ്പിടീൽ, കൂദാശകളുടെ അനുഭവം കണ്ണുനീർ, ദാനധർമ്മം എന്നിവ ആ ക്ഷുദ്രജീവികളേയും കളകളേയും നശിപ്പിക്കുന്ന മരുന്നുകൾ മാത്രമല്ല, പ്രയോജനകരങ്ങളായ വളങ്ങളുമാണ്.

"എന്റെ പിതാവിന് ഉള്ളതിൽ ആണ് ഞാൻ ഇരിക്കേണ്ടത്". ദൈവീക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുത്തുകൊണ്ട് പഠിത്തത്തിലും, അറിവ് ലഭിക്കുന്ന മറ്റു കാര്യങ്ങളിലും വ്യാപൃതരായിരിക്കേണ്ട സമയമാണ് ബാല്യകാലം എന്ന് ഈ വചന ഭാഗങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. വി. വേദപുസ്തകം വായിച്ചു പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും ശൈശവത്തിൽ പ്രത്യേകം ഉത്സാഹം കാണിക്കുവാൻ നമ്മുടെ കുട്ടികളെ മുതിർന്നവർ സഹായിക്കണം.

എല്ലാം മറന്നിട്ട് മകനെ കണ്ടു പിടിക്കുവാൻ ക്ലേശം സഹിക്കുന്ന അമ്മയുടെയും അപ്പന്റെയും സ്നേഹം ഇവിടെ വരച്ചു കാട്ടപ്പെടുന്നു. " നസ്രേത്തിൽ വന്ന് അവർക്ക് കീഴടങ്ങിരുന്നു" (ലൂക്കോ. 2:51) എന്ന വചനത്തിലൂടെ മാതാപിതാക്കന്മാരുടെ വാക്കുകേട്ട് അവരുടെ ചൊൽപ്പടിയിലും, അനുസരണത്തിലും വളർന്നു വരുന്ന കുഞ്ഞുങ്ങൾ ദൈവരാജ്യത്തിനു പ്രയോജനമുള്ള മക്കളായിതീരുമെന്നും വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

### ദനഹായ്ക്കുശേഷം ഒന്നാം ഞായർ
### (വി.മത്താ. 4:12-22) 09-01-2022

ഈ വചനഭാഗത്ത് നസ്രേത്തിൽ നിന്നും കഫർന്നഹൂമിൽ വന്ന യേശുക്രിസ്തു തന്റെ പരസ്യ ശുശ്രൂഷാ പ്രവർത്തനം ആരംഭിക്കുന്നു. സ്വന്ത ഭവനത്തിൽനിന്നും അകന്ന്, ബന്ധുമിത്രാദികളുടെ നേരിട്ടുള്ള സഹായങ്ങൾ ലഭിക്കുവാൻ സാദ്ധ്യമല്ലാത്ത ചുറ്റുപാടുകളിലേക്ക് അതിപ്രധാനമായ ലക്ഷ്യങ്ങളോടെ മാറിത്താമസിക്കുന്നു. സ്വന്ത ജന്മസ്ഥലത്ത് നിന്നോ, സ്വന്തപ്പെട്ട ബന്ധുമിത്രാദികളിൽ നിന്നോ അകലയായി, ആശങ്ക കൂടാതെ കഴിയുവാനുള്ള ത്യാഗസ്ഥിതിയുള്ളവർക്ക് മാത്രമേ ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി പരിപൂർണ്ണമായി സമർപ്പിക്കുവാൻ കഴിയുകയുള്ളു. സ്വന്തം ഭവനത്തിനും സ്വന്തം കുടുംബത്തിനും എല്ലാം കാര്യങ്ങളിലും മുൻ തൂക്കം കൊടുക്കുന്ന വ്യക്തികൾക്ക് പ്രായോഗിക തലത്തിൽ ബുദ്ധിമുട്ടും, മാനസിക സംഘർഷവും കൂടുതൽ ഉണ്ടാകുകയും ചെയ്യും.

"ഇരുട്ടിൽ ഇരുന്ന ജനം വലിയൊരു വെളിച്ചം കണ്ടു. മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം ഉദിച്ചു" (ലൂക്കോ. 4:15). വി. യോഹന്നാൻ സ്നാപകൻ കാരാഗൃഹത്തിൽ അടക്കപ്പെട്ടതും തുടർന്നു ശിരഛേദം ചെയ്യപ്പെട്ടതും ദേശത്തെ നടക്കിയ സംഭവം ആയിരുന്നു. നീതിയുടെ സൂര്യനായ കർത്താവിന്റെ മുന്നോടിയായിവന്ന യോഹന്നാൻ സ്നാപകന് ലഭിച്ച ശിക്ഷയും അതിദാരുണമായ വധവും ജനത്തിനിടയിലെ അന്ധകാരത്തിന്റെ ഭീകരത വിളിച്ചറിയിക്കുകയാണ്. നീതിയുടെ സൂര്യനായ യേശുക്രിസ്തുവിനോടൊപ്പം വിളങ്ങി ശോഭിക്കുന്ന നക്ഷത്രമായി നീതിക്കുവേണ്ടി ജീവിച്ച യോഹന്നാൻ സ്നാപകനെ ക്രിസ്തീയ സഭ അംഗീകരിക്കുന്നു.

"നീതി മഹാം രവി തന്നുടെ നികടെ മദ്ധ്യാഹ്നത്തിൽ
മിന്നും താരക യോഹന്നാനും പ്രാർത്ഥിക്കുന്നു".

ഏത് വലിയ അന്ധകാരത്തെയും മാറ്റുവാനുള്ള ദിവ്യശക്തിയായ നീതി സൂര്യൻ യോർദ്ദാൻ നദിയിലെ വെള്ളത്തെ സ്പർശിച്ചപ്പോൾ ജലകണങ്ങൾ ഭ്രമിച്ചുപോയി എന്നും ജലം നീതി സൂര്യന്റെ പ്രഭാപൂരത്തിൽ സ്വയം ചൂടുള്ളതായി പരിണമിച്ചു എന്നും ശുശ്രൂഷാഗാനങ്ങളിൽ ധ്യാനാത്മകമായി ചേർത്തിരിക്കുന്നു.

യേശുതമ്പുരാൻ ലോകത്തിന്റെ അന്ധകാരത്തെ നീക്കുവാൻ തക്കവിധം തന്റെ വചനശുശ്രൂഷകളാലും രോഗസൗഖ്യങ്ങളാലും വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളാലും തുടർന്നു തന്റെ പരസ്യശുശ്രൂഷയിൽ ശ്രമിക്കുന്നു. തന്റെ അടുക്കൽവരുന്ന ഏവർക്കും സ്വാന്തനമാകുന്നു. ആശ്വാസമാകുന്നു. നമ്മുടെ രക്ഷകനും നാഥനുമായ യേശുനാഥന്റെ നല്ല മക്കളായ നമുക്ക് അവന്റെ നചനങ്ങളിൽ ജീവിക്കുവാൻ, കർത്താവിനു ഹിതമാകുന്നതു ചെയ്യുവാൻ ത്രിയേക ദൈവം സംഗതിയാകട്ടെ.

# Spoken English
# അനായാസം പഠിക്കുവാനുള്ള എളുപ്പ വഴി

ഭാഗം -2

കുര്യൻ ജോസഫ് മുട്ടത്തുകടവിൽ

**Use of Is**

Is Indicate Present Tense

'Is' goes with the following Subjects-

HE, SHE, IT and Singular form of living & non-living nouns-eg: John, City

By using IS, we can make 8 types of sentence.

a) Is indicate the identity of a person

eg: He is an engineer
He is a teacher } Using nouns

b) Is indicate a person - Description

eg: He is honest
He is sincere } Adjective

c) -Ing form of action verbs- Is indicates temperory incomplete & continuous action

eg: He is Shouting - Temporary action
He is copying - Incomplete action
He is Swimming - Continuous action

d) Prepositional Phrase

Noun + Preposition is called prepositional phrase. Propositional phrases are used to indicate time, place & relationship.

eg: The examination is at 9 o'clock - time
He is in the garden - place
He is aganist child labour - relationship

e) Past Participle of action verb (Passive voice)

eg: He is encouraged - Past Participle- Action done by someone else
He is questioned - You can either ignore or down play the door

f) Pre- Continuous - Passive Voice

eg: He is being motivated by his teacher.
He is being questioned by the police.
Here the action is not done by the Subject.

g) Place Adverb

He is here
He is upstairs

h) To Infinitive

He is to go to School.
He is to get first prize.

Is to ന്റെ അർത്ഥം Have to എന്നാണ്. തീരെ പ്രാധാന്യം ഇല്ലാത്തപ്പോൾ is to എന്നും വളരെ അല്പം പ്രാധാന്യം ഉള്ളപ്പോൾ Have to എന്നും വളരെ പ്രാധാന്യം ഉള്ളപ്പോൾ Must എന്നും ഉപയോഗിക്കുന്നു.

He is to go to School എന്നു പറഞ്ഞാൽ അവൻ School ൽ പോകേണ്ടതാണ് എന്നും അതിനു പകരമായി He is supposed to go to school എന്നും ഉപയോഗിക്കുന്നു. രണ്ടിനും ഒരേ അർത്ഥം തന്നെ.

NB: You can make four variations of each of these 8 types of sentences. Make as many possible sentences with these words & practise four variations of each sentences, keep repeat them loudly. If you make 100 sentences, you can form 400 sentences out of it. I will explain four variations of 1& 2 sentences.

Positive sentence - He is an engineer.
Negative sentence - He is not an engineer
Positive Question - Is he an engineer?
Negative Question - Is not he an engineer?/ Isn't he an engineer

- He is being interrogated
- He is not being interrogated
- Is he being interrogated?
- Is not he being interrogated?
- Isn't he being interrogated.

**Use of AM**

Am Indicates Present Tense
Am goes only with the Subjects I.
We can form 8 types of sentences with am.

**(1) Identity**

* I am a pilot
I am a teacher } nouns
* I am sincere
I am magnanimous } Adjectives
* I am playing
I am dancing } ing form of action verbs
* I am asked (Passive voice)/past participle form of action verb.
* I am being harassed (Pr. Cont. Passive voice)
* I am standing in front of your house - Propositional phrases.
* I am here - Place adverb
* I am to meet you tomorrow - (Infinitive)

ഇത് I am supposed to meet you എന്നും പറയാം. രണ്ടിനും ഒരർത്ഥം തന്നെ.

**Variations**

Positive Sentence - I am a pilot
Negative sentence - I am not a pilot
Positive question - Am I a pilot?
Negative question - Am I not a pilot?

**USE OF ARE**

Are indicates Present Tense

8 types of sentences can be formed by 'are'. Are goes with the following subjects - WE, YOU, THEY and PLURAL FORMS of living and non - living Subjects. eg: Children, Cars etc....

- are used as Singular and Plural

eg: You are a boy
We are boys

- We are doctors - identity
- We are smart - Adjective
- We are swimming - ing form of verbs
- We are in the garden - Propositional phrases
- We are advised - Past Participle of verbs.
- We are being tortured - Pre.Cont.Passive Voice
- We are upstairs - Place adverb
- We are to get 1st prize - To Infinitive.

We are supposed to get 1st prize രണ്ടിനും ഒരേ അർത്ഥം.

**Variations**

Positive - We are Swimming
Negative - We are not Swimming
Pos. Question - Are we Swimming ?
Neg. Question - Are not we Swimming ? (Aren't)
Positive - We are tortured
Negative - We are not tortured
Posi. Question - Are we tortured?
Neg. Question - Aren't we tortured?

## USE OF WAS

Was indicates Past Tense

Was goes with the following subject. HE, SHE, IT and any form of singular living or non - living subject - John, Car.

By using 'WAS', we can make 8 types of sentence.

- He was a captain - Identity
- He was brave - Adjective
- He was fighting - ing form of verb.
- He was in the field - propositional phrase
- He was awarded - Passive Voice
- He was being honoured - Passive Voice
- He was upstairs - Place adverb
- He was to get Virchakra - to infinitive

**Variations**

Positive - He was awarded
Negative - He was not awarded
Posi. Question - Was he awarded?
Neg. Question - Wasn't he awarded?
Positive - He was to get Virchakra
Negative - He was not to get Virchakra
P. Question - Was he to get Virchakra?
N. Question - Wasn't he to get Virchakra?

## USE OF WERE

Were indicates Past Tense
Were goes with the following Subjects-
YOU, WE, THEY and any plural living and non living subjects. eg: Students, towns

We can form 8 types of sentence using WERE

- They were students - Identity
- They were brave - Adjective
- They were doing some experiments - (Ing form of Verbs)
- They were in the play ground - Prepositional phrase
- They were motivated - Past Participle of Verbs
- They were being encouraged - Passive Voice
- They were outside - Place Adverb
- They were to get 1st prize - to Infinitive

**Variations**

Positive - They were doing some experiments.
Negative - They were not doing some experiments.
P. Questions - Were they doing some experiments?
N.Questions - Weren't they doing some experiments?
P. - They were being motivated by their Coach.
N. - They were not being motivated by their Coach.
P.Q. Were they being motivated by their Coach?
N.Q. Weren't they being motivated by their Coach?

Make as many possible sentences and practise these four variations.

# ക്നാനായ സമുദായ മെറിറ്റ് അവാർഡ് വിതരണം ചെയ്തു.

ക്നാനായ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ മെറിറ്റ് അവാർഡ് 2021 ഡിസംബർ 5-ാം തീയതി ഞായറാഴ്ച ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മഹനീയ അധ്യക്ഷതയിൽ മോർ അപ്രേം സെമിനാരിയിൽ കൂടിയ മീറ്റിംഗിൽ ബഹുമാനപ്പെട്ട കേരള ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു ഉദ്ഘാടനം ചെയ്യുകയും, റാന്നി എം.എൽ.എ. അഡ്വ. പ്രമോദ് നാരായണൻ അവാർഡ് വിതരണം നിർവഹിക്കുകയും, കോട്ടയം ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

പുരാതനമായ ക്നാനായ സമുദായം മറ്റു ക്രൈസ്തവ സഭകൾക്ക് മാതൃകയാണെന്ന് ബഹു. മന്ത്രി പറഞ്ഞു.

SSLC, +2, Proffessional Course, Post Graduate എന്നീ തലങ്ങളിലുള്ള ക്നാനായ സമുദായത്തിലെ 500-ഓളം പ്രതിഭകൾക്ക അവാർഡ് വിതരണം ചെയ്യുകയുണ്ടായി. ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്കും, അവരുടെ മാതാപിതാക്കൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനവും ആശംസകളും അഡ്വ. പ്രമോദ് നാരായണൻ എം.എൽ.എ. അറിയിച്ചു.

ക്നാനായ സമുദായ സെക്രട്ടറി ശ്രീ. റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, വികാരി ജനറാൾ റവ. ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, വൈദിക ട്രസ്റ്റി. റവ.ഫാ. മോനായി ഫിലിപ്പ്, ആക്ടിംഗ് ട്രസ്റ്റി തോമസുകുട്ടി മറ്റക്കാട്ട്, ക്നാനായ കമ്മിറ്റി അംഗങ്ങളായശ്രീ. ആലിച്ചൻ ആറൊന്നിൽ, റ്റി.സി. തോമസ് തോപ്പിൽ, വില്ലി വടാമറ്റം, സാബു കണ്ണാട്ടിപ്പുഴ, രാജു വള്ളപ്പുരയ്ക്കൽ, ഭദ്രാസന സെക്രട്ടറി റവ.ഫാ. ഏലിയാസ് ഇളവൻകളം, മാനേജർ റവ.ഫാ. ഷിബിൻ മണിമലേത്ത് എന്നിവർ ആശംസകളർപ്പിച്ചു.

# ഡിജിറ്റൽ സേഫ്

അനൂബ് ജോൺ രാമമംഗലം

9-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകുട്ടി. സോഷ്യൽ മീഡിയയിൽ അത്ര സജീവമല്ലാതിരുന്ന കുട്ടിക്ക് ഇൻസ്റ്റഗ്രാമിൽ ഒരു മെസ്സേജ് വന്നു. അപരിചിതയായ ഒരു സ്ത്രീയുടെ ആയിരുന്നു ആ സന്ദേശം അപരിചിതയായ സ്ത്രീയോട് ഈ പെൺകുട്ടി സംസാരിക്കുവാൻ തുടങ്ങി. പതിയെപ്പതിയെ നല്ല സുഹൃത് ബന്ധത്തിലേയ്ക്ക് നീങ്ങിയ ഇവർ പരസ്പരം തങ്ങളുടെ ഫോട്ടോ കൈമാറാൻ തുടങ്ങി. പെൺകുട്ടിയുടെ സിനിമാമോഹം ക്രമേണ മനസ്സിലാക്കിയ അപരിചിതയായ സ്ത്രീ പതിയെ ചില സിനിമാനടികളുടെ രൂപസാദൃശ്യം പറഞ്ഞു ഈ പെൺകുട്ടിയെ പുകഴ്ത്തി സംസാരിച്ചു. സിനിമാനടിമാരുടെ പോസിൽ എടുത്ത ഫോട്ടോസ് അയക്കുവാൻ ഈ പെൺകുട്ടിയോട് ആവശ്യപ്പെടുകയും ചെയ്തു. ഈ പെൺകുട്ടി ഇത്തരത്തിൽ നിരവധി ഫോട്ടോകൾ അയച്ചു കൊടുക്കുകയും ചെയ്തു.

കുറച്ചു ദിവസങ്ങൾക്കുശേഷം ഈ പെൺകുട്ടി ഇൻസ്റ്റാഗ്രാം തുറന്നപ്പോൾ മോർഫിംഗിലൂടെ രൂപമാറ്റം വരുത്തിയ തന്റെ തലയുടെ സ്ഥാനത്ത് മറ്റാരുടെയോ ഉടൽ ചേർത്ത നഗ്നമായ ഫോട്ടോകൾ കണ്ടു ഞെട്ടിപ്പോയി. ശരിക്കുള്ള നഗ്നഫോട്ടോകൾ അയച്ചു തന്നില്ലെങ്കിൽ സോഷ്യൽ മീഡിയായിൽ പോസ്റ്റ് ചെയ്യും എന്ന് പറഞ്ഞ ഭീഷണി സന്ദേശവും തുടർന്ന് ലഭിച്ചു. ഭയപ്പെട്ട ഈ കുട്ടി സ്ത്രീ ആവശ്യപ്പെട്ട ഫോട്ടോകൾ നൽകുകയുണ്ടായി. പെൺകുട്ടി പെട്ടെന്ന് വിഷമത്തിൽ ആവുകയും വളരെ പെട്ടെന്ന് മാനസിക സംഘർഷത്തിൽ പെടുകയും ചെയ്തു. കുട്ടിയുടെ മാനസിക വിഷമം മനസ്സിലാക്കിയ രക്ഷിതാക്കൾ കുട്ടിയെ കൗൺസിലിംഗിന് വിധേയമാക്കിയപ്പോൾ കുട്ടി നടന്നതെല്ലാം തുറന്നു പറഞ്ഞു. കുട്ടിയുടെ രക്ഷിതാക്കൾ പോലീസിൽ പരാതി നൽകി അന്വേഷണ ഉദ്യോഗസ്ഥൻ കേസ് അന്വേഷിച്ചപ്പോൾ മറുവശത്തെ അപരിചിതയായ സ്ത്രീ ഒരു പുരുഷനായിരുന്നു എന്ന സത്യം മനസ്സിലായി.

ഇത് ഒരു കഥയല്ല, കേരളാ പോലീസ് രജിസ്റ്റർ ചെയ്ത ഒരു കേസ് ആണ്. ഇത്തരത്തിലുള്ള സംഭവങ്ങൾ ഇന്ന് സർവ്വസാധാരണമാണ്. ഇന്റർനെറ്റ് സുരക്ഷിതമായി ഉപയോഗിക്കുന്നതിനുള്ള അറിവില്ലായ്മയുടെ പരിണിതഫലമാണ് ഇതെല്ലാം. കോവിഡ് കാലഘട്ടത്തിൽ ഓൺലൈൻ ഉപയോഗം വർദ്ധിച്ചതും കുട്ടികൾക്കുപോലും ഫോൺ വാങ്ങി നൽകിയതുമെല്ലാം ഈ സംഭവങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിപ്പിച്ചു. പക്വതയും അറിവുമില്ലാത്ത കാലത്ത് കൃത്യമായ അറിവ് പകർന്നു നൽകാതെ ഡിജിറ്റൽ ഡിവൈസുകൾ കുട്ടികൾക്ക് നൽകുവാൻ നാം നിർബന്ധിതരായപ്പോൾ അതെ തുടർന്ന് ഓൺലൈൻ ചൂഷണവും കൂടിക്കൂടി വന്നു. ഇത്തരത്തിലുള്ള പ്രതിസന്ധികൾ നമ്മുടെ നിത്യജീവിതത്തിൽ തുടർക്കഥയാകുമ്പോഴും അവയ്ക്കെതിരെ നമുക്ക് എങ്ങനെ പ്രതിരോധ നടപടികൾ സ്വീകരിക്കാം അഥവാ ഇനി എതെങ്കിലും തരത്തിലുള്ള ചൂഷണത്തിൽപ്പെട്ടാൽ നമുക്ക് പ്രാക്ടിക്കലായി എന്തൊക്കെ ചെയ്യാം എന്ന് ഒന്നു പരിശോധിക്കാം.

***മുന്നൊരുക്കങ്ങൾ***

1. യഥാർത്ഥ ജീവിതത്തിൽ എന്നപോലെ സാമൂഹിക മാധ്യമങ്ങളിലും അറിയാത്ത വ്യക്തികളുടെ ഫ്രണ്ട് റിക്വസ്റ്റ് സ്വീകരിക്കരുത്.
2. സോഷ്യൽ മീഡിയയിൽ അറിയാത്ത വ്യക്തികളുമായി ഒരു കാരണവശാലും ചാറ്റ് ചെയ്യരുത്.
3. നിങ്ങളുടെ സോഷ്യൽ മീഡിയ അക്കൗണ്ട് പ്രൈവറ്റ് ആക്കി ആരൊക്കെ നിങ്ങളുടെ പോസ്റ്റ് കാണണം എന്ന് നിങ്ങൾക്ക് സ്വയം തീരുമാനിക്കാം.
4. നിങ്ങളുടെ ഫോട്ടോ പോസ്റ്റർ നിങ്ങളുടെ സുഹൃത്തുക്കൾ മാത്രം കാണുന്നതിനുള്ള ഓപ്ഷൻ നൽകി സുരക്ഷിതമാക്കാം.
5. നിങ്ങളുടെ മെയിൽ സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ യൂസർ ഐഡി, പാസ്‌വേഡ് എന്നിവ മറ്റാർക്കും നൽകാതിരിക്കുക.

മുകളിൽ കൊടുത്ത വിഷയങ്ങൾ വന്നാൽ പെട്ടെന്ന് ചെയ്യേണ്ടത്

1. അപരിചിതരായ ആളുടെ (ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, വാട്സ് ആപ്പ്) ഐഡി കളക്ട് ചെയ്തു സ്ക്രീൻഷോട്ട് എടുത്ത് വെക്കണം.
2. സംഭവം നടന്ന തീയതിയും സമയവും രേഖപ്പെടുത്തി വയ്ക്കുക
3. ഉടൻ തന്നെ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അല്ലെങ്കിൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടിലോ റിപ്പോർട്ടു ചെയ്യുക.

***ലീഗൽ***

മുകളിൽ നൽകിയ കേസ് സൈബർ ഗ്രൂമിംഗ് ബുള്ളിയിങ് ചൈൽഡ് പോണോഗ്രഫി, മോർഫിംഗ് എന്നിവയിൽപ്പെടുന്നു.

POCSO ആക്ട്, ഐപിസി, ഐടി ആക്ട് എന്നിവ പ്രകാരം കേസ് എടുക്കാവുന്നതാണ്.

***സാമൂഹിക മാനസിക ഇടപെടൽ***

1. ഇത്തരത്തിൽ ചതിക്കുഴിയിൽ പെടുന്നവരെ കളിയാക്കുകയോ വഴക്കു പറയുകയോ ചെയ്യരുത്.
2. നിനക്ക് സഹായിയായി ഞാൻ ഉണ്ട് എന്ന് ഉറപ്പു കൊടുക്കുക
3. മോശം പ്രവർത്തികളെ നിയമപരമായി നേരിടാൻ പ്രചോദിപ്പിക്കുക.
4. ഇതൊരു സാധാരണ വിഷയമാണെന്നും പറഞ്ഞ് ബോധ്യപ്പെടുത്തി തിരികെ സാധാരണ ജീവിതത്തിലേയ്ക്ക് മടക്കി കൊണ്ടുവരിക.
5. പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ രക്ഷിതാക്കളോടും അദ്ധ്യാപകരോടും തുറന്നു പറയുവാൻ കുട്ടിയെ പ്രചോദിപ്പിക്കുക.
6. നോ പറയേണ്ടിടത്ത് നോ പറയുവാൻ പ്രേരിപ്പിക്കുക
7. കുട്ടികളെയും കുടുംബത്തെയും ശരിയായ ഇന്റർനെറ്റ് ഉപയോഗം എന്താണ് എന്ന് മനസ്സിലാക്കിക്കൊടുക്കുക

(തുടരും)

*(യൂനിസെഫിന്റെ സഹായത്തോടെ കേരള പോലീസ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പോലീസ് സോഷ്യൽ പോലീസിംഗ് ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ എന്നിവർ ചേർന്ന് നടത്തുന്ന ഡിജിറ്റൽ സേഫ് പദ്ധതിയുടെ മാസ്റ്റർ ട്രെയിനർ ആണ് ലേഖകൻ)*

## 1st Death Anniversary

21 – 12 – 2021



Advt - O

## C.J. Joseph (കുഞ്ഞായി)

ചരിവുപറമ്പിൽ (H), കല്ലിശ്ശേരി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

06 – 12 – 2021



Advt - O

## റ്റി.ഐ ചാക്കോ (81)

(കുഞ്ഞച്ചൻ)

**തച്ചേരികുന്നേൽ, വെൺപാല**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*മക്കൾ–മരുമക്കൾ–കൊച്ചുമക്കൾ*

## 6th Death Anniversary

26 – 12 – 2021

**Love and Memories Remain Forever...**



Advt -R

## Kuruvilla Zachariah

**(Renji)**

**Thamarappally, Kottayam**

By Loved Ones

## 40 – ാം ചരമദിനം

17 – 12 – 2021



Advt - O

## T. I. തോമസ് (കുഞ്ഞുമോൻ) (65)

തൈക്കുറിഞ്ഞിയിൽ തോപ്പിൽ, തിരുവൻവണ്ടൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## SECOND BIRTHDAY IN HEAVEN
18-12-2021



Advt -O

## THOMAS PUNNOOSE (JOY)
**Ozhumannil, Aythala, Ranny**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

---

## 5-ാം ചരമവാർഷികം
20-12-2021



Advt - G

## സുഭാഷ് ചാക്കോ
**പുതിയാപറമ്പിൽ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ...

ജൂലി സുഭാഷ്

---



## 52-ാം ചരമ വാർഷികം
22-12-2021

# തകിടിയിൽ
# യാക്കോബ് കശ്ശീശാ

"ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ-
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

Advt -G

Inserted by
**St. Mary's Salem Church, Chingavanam**

# 6 – ാം ചരമവാർഷികം

29 – 12 – 2021



# കെ. യു. തോമസ്

(കുളങ്ങര സാർ)

കുളങ്ങര, ചിങ്ങവനം

**Conso Group, Chingavanam**

Advt - G

40-ാം
ചരമദിനം
24-11-2021

17-ാം
ചരമവാർഷികം
24-11-2021





## കുഞ്ഞമ്മ ഉപ്പായി  കെ.സി. ഉപ്പായി

മണക്കാട്ട്, ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## First Death Anniversary

15-12-2021



## Marykutty Kurian

**Charivuparambil, Anaparamala, Ranni**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 22nd Death Anniversary

04-01-2022

## 40th Death Anniversary

14-12-2021



## Marykutty Kurian  K.C. Kurian

**Amburan, Kottayam**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 13 – ാം ചരമവാർഷികം

08 – 12 – 2021



Advt -O

## Kuruvilla Thomas (Baby)

**Kakkamparambil**
**Vakathanam P.O., Kottayam**

By Sorrowing family

## 40 – ാം ചരമദിനം

18 – 11 – 2021



Advt -O

## റെജിമോൾ മാത്യു

**കൊല്ലംപറമ്പിൽ, ചെങ്ങളം**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

27 – 12 – 2021

## 4 – ാം ചരമവാർഷികം

27 – 01 – 2022



Advt -O

## കെ. ഒ. ഉതുപ്പാൻ

## കുഞ്ഞമ്മ ഉതുപ്പാൻ

**കോവിലാൽ, മഴുക്കീർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

## 18 –ാം ചരമവാർഷികം
26–12–2021

## 2 –ാം ചരമവാർഷികം
30–12–2021



**ശോശാമ്മ കുര്യൻ** **എ.ഒ. കുര്യൻ**

**അരമ്മാംമൂട്ടിൽ, ഓതറ**

“നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40 –ാം ചരമദിനം
23–12–2021



## ഇ.ഒ. ജോസഫ്

**ഇടശ്ശേരിൽ, വെള്ളൂത്തുരുത്തി**

“ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും”

യോഹന്നാൻ 11:25

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 29th Death Anniversary
**01 - 12 - 2021**



## K. C. Joseph
**(Senior Civil Police Officer)**

**Kanjirappallil House, Paruthumpara**

By Sorrowing Family

Advt - R

# ദീപ്ത സ്മരണകൾ

25-ാം ചരമ വാർഷികം
19-12-2021



**തോമസ് മാമ്മൻ**
കറുകേലിൽ
തിരുവൻവണ്ടൂർ

30-ാം ചരമ വാർഷികം
29-06-2021



**ഏലിയാമ്മ മാമ്മൻ**
കറുകേലിൽ
തിരുവൻവണ്ടൂർ

40-ാം ചരമ വാർഷികം
05-08-2021



**സാറാമ്മ ചെറിയാൻ**
കറുകേലിൽ
(പാട്ടമ്പലത്ത്, തുരുത്തിക്കാട്)

16-ാം ചരമ വാർഷികം
04-07-2021



**ചിന്നമ്മ ഏബ്രഹാം**
കറുകേലിൽ
(മേലേത്ത് കിഴക്കേമുറയിൽ, മഴുക്കീർ)

3-ാം ചരമ വാർഷികം
22-08-2021



**കെ. എം. ഏബ്രഹാം**
കറുകേലിൽ
തിരുവൻവണ്ടൂർ

മരണം
15-08-2021



**കെ. എം. തോമസ്**
കറുകേലിൽ
തിരുവൻവണ്ടൂർ

4-ാം ചരമ വാർഷികം
15-03-2022



**സെലിൻ സജി**
കറുകേലിൽ
തിരുവൻവണ്ടൂർ

11-ാം ചരമ വാർഷികം
03-07-2021



**വാവച്ചൻ**
കറുകേലിൽ
തിരുവൻവണ്ടൂർ

"നാം ദൈവസുതന്മാരാവാ - നായുഷ്ക്കാല - ത്തിൽ - ചൊ - ല്ലി
തന്നത്താതരെയോ - ർക്കേണം നയവാന്മാർ - പുണ്യപ്പെട്ടോ -
രൊന്നിച്ചേകുമവർക്കാശ്വാ - സം സ്വ - ർഗ്ഗേ - പുത്രൻ ദൈവം."

Advt - O

## 4th Birthday in Paradise

4-12-2021



## Kuriakose P Joseph (Litty)

**Pattarumadathil, Kallissery**

"Till we meet on that beautiful shore"

*With Love, Wife, Children and Grand Children*

Advt -0

## 5th Death Anniversary

24-11-2021



## MARY ALIAS

**Cheriyathuruthiyil, Vallamkulam**

“നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ”

By Sorrowing family

Advt -0



## 19th Death Anniversary

27-12-2021

## Rev. Fr. Abraham Thomas

**Valiyaveettil Padickal,**
**Vallamkulam**

“ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ–
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം”

By Sorrowing Family

Advt - R

## 10th Birthday in Heaven

23-12-2021



## Vijaya Abraham

Vinod Bhavan

Vazhappally, Changanacherry

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*പ്രാർത്ഥനയോടെ* Edwin Abraham (Son)

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - o

---

4-ാം ചരമവാർഷികം

07-12-2021

51-ാം ചരമവാർഷികം

18-01-2022





## ചാച്ചിക്കുട്ടി ഉണ്ണിട്ടൻ   കെ. സി. ഉണ്ണിട്ടൻ

കരിപ്പാലിൽ, തിരുവൻവണ്ടൂർ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - o

---



3-ാം ചരമ വാർഷികം

13-01-2022

## Philip Kuruvilla

(80th Birth Year)

Aronnil, Mumbai

I am the resurrection and the life,
whoever believes in me will live,
even though he dies.

John 11:25

By Sorrowing Family

Advt - O

## 30 – ാം ചരമവാർഷികം

26 – 12 – 2021



"കർത്താവേ നീ
തലമുറതലമുറയായി
ഞങ്ങളുടെ
സങ്കേതമായിരിക്കുന്നു"



# Rev. Fr. P. I. Abraham

**Parackamannil, Kattodu**
**(Rtd.Headmaster, National High School, Vallamkulam)**

## 7 – ാം ചരമവാർഷികം

7 – 1 – 2022



# അച്ചാമ്മ ഏബ്രഹാം

**പാറയ്ക്കാമണ്ണിൽ**
(Boston USA)

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ കുടുംബാംഗങ്ങൾ"

Advt - O

## 1 – ാം ചരമവാർഷികം

26 – 12 – 2021



# സ്കറിയദാസ് (ദാസൻ) 71

**പാട്ടാശ്ശേരിൽ, ചിങ്ങവനം**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 3 – ാം ചരമവാർഷികം

14 – 12 – 2021



# അമ്മിണി ജോസഫ്

**പള്ളിയമ്പിൽ, കുറ്റൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

2 – ാം ചരമവാർഷികം

19 – 12 – 2021



പി.കെ. മാത്യു
(ബേബി ആനിയ്ക്കൽ)

19 – ാം ചരമവാർഷികം

08 – 12 – 2021



ശോശാമ്മ കുര്യൻ

ആനിയ്ക്കൽ പുതുപ്പറമ്പിൽ, വാകത്താനം

**(Amson Group)**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



പറുദീസയിലെ 4 – ാം വർഷം

06 – 12 – 2021

വിനു കുര്യൻ ജേക്കബ്

താഴ്ചയിൽ, കുറ്റൂർ

മാനത്തെ വെള്ളിത്തേരിലുറങ്ങും മാലാഖപ്പൂമുത്തേ
